# ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിത

Food and
Agriculture
Organization
of the United
Nations

# ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിത

ഭക്ഷ്യ-കാർഷിക സംഘടന ഐക്യരാഷ്ട്ര സഭ
റോം, 1995

**പുനർ മുദ്രണം** 1996, 2000, 2003, 2005

ഈ കൃതിയിൽ പരാമർശിക്കുന്ന ഔദ്യോഗിക പദവികളും, പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളും, ഉപയോഗിച്ചിരിക്കുന്ന പ്രയോഗങ്ങളും; ഏതെങ്കിലും രാജ്യത്തിന്റെയോ ഭൂപ്രദേശത്തിന്റെയോ നിയമപരമായ പദവി, വികസന പദവി, അവയുടെ അതിർത്തികൾ, അതിരുകൾ, അവയുടെ സ്വാധീനതയിലുള്ള നഗരങ്ങൾ എന്നിവ സംബന്ധിച്ച ഭക്ഷ്യ കാർഷിക സംഘടനയുടെ അഭിപ്രായപ്രകടനമായി കരുതാവുന്നതല്ല.

പകർപ്പവകാശ നിയമത്താൽ സുരക്ഷിതം. ഐക്യ രാഷ്ട്രസംഘടനയ്ക്ക്. ഈ കൃതിയുടെ ഉള്ളടക്കത്തിൽ നിന്ന് ആവശ്യമായ ഭാഗങ്ങൾ വിദ്യാഭ്യാസത്തിനോ അഥവാ മറ്റെന്തെങ്കിലും വ്യാപാരേതര കാര്യങ്ങൾക്കോ വേണ്ടി പകർപ്പെടുക്കുന്നതിന് പ്രസാധകരുടെ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ, അങ്ങനെ ചെയ്യുന്നവർ അവലംബ-മൂല കൃതിയെ കൃത്യമായി ഉദ്ധരിച്ചിരിക്കണം. പ്രസാധകരുടെ മുൻകൂർ അനുമതിയില്ലാതെ ഈ കൃതിയുടെ ഉള്ളടക്കത്തിൽ നിന്ന് ഒരു ഭാഗവും, രണ്ടാം വില്പ്പനയ്ക്കായോ, അഥവാ ഏതെങ്കിലും തരത്തിലുള്ള വ്യാപാരാവശ്യങ്ങൾക്കായോ പകർപ്പെടുക്കുവാൻ പാടില്ല. അനുമതിക്കായുള്ള അപേക്ഷകൾ “Chief, Publishing Management Service, Information Division, FAO Viale delle Terme di Caracalla, 00100, Rome, Italy എന്ന വിലാസത്തിലോ copyright@fao.org എന്നാ ഈ മെയിൽ വിലാസത്തിലോ സമർപ്പിക്കാം.

© FAO 1995

Translated by Dr V V Sugunan
Printed by the Bay of Bengal Programme
Inter-Governmental Organisation
September 2020

# ഉള്ളടക്കം


| | പേജ് |
|---|---|
| മുഖവുര | 4 |
| ആമുഖം | 7 |
| വകുപ്പ് 1 പെരുമാറ്റ സംഹിതയുടെ സ്വഭാവവും വ്യാപ്തിയും | 7 |
| വകുപ്പ് 2 ഉദ്ദേശ്യം | 8 |
| വകുപ്പ് 3 മറ്റു ദേശാന്തര ധാരണകളുമായുള്ള ബന്ധം | 10 |
| വകുപ്പ് 4 നടപ്പാക്കൽ, നിരീക്ഷിക്കൽ, പുതുക്കൽ | 11 |
| വകുപ്പ് 5 വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ | 12 |
| വകുപ്പ് 6 പൊതു തത്വങ്ങൾ | 12 |
| വകുപ്പ് 7 മത്സ്യബന്ധന നിർവ്വഹണം | 18 |
| വകുപ്പ് 8 മത്സ്യബന്ധന പ്രക്രിയകൾ | 31 |
| വകുപ്പ് 9 ജലകൃഷിവികസനം | 42 |
| വകുപ്പ് 10 മത്സ്യബന്ധനത്തെ സംയോജിത തീരമേഖല വികസനവുമായി ബന്ധിപ്പിക്കൽ | 47 |
| വകുപ്പ് 11 മത്സ്യബന്ധനാനന്തര പ്രവർത്തികളും വ്യാപാരവും | 49 |
| വകുപ്പ് 12 മത്സ്യഗവേഷണം | 56 |
| അനുബന്ധം 1 പെരുമാറ്റ സംഹിതയുടെ ഉത്ഭവ-രൂപീകരണ പശ്ചാത്തലം | 60 |
| അനുബന്ധം 2 തീരുമാനങ്ങൾ | 68 |
| പദാവലി | 71 |

# മുഖവുര

മത്സ്യബന്ധനം പുരാതന കാലം മുതൽക്കെ മനുഷ്യരാശിക്ക് ഭക്ഷണത്തിനും തൊഴിലിനും സാമ്പത്തിക നേട്ടങ്ങൾക്കുമുള്ള ഒരു പ്രധാന സ്രോതസ്സായിരുന്നു. അന്ന് ജലവിഭവങ്ങൾ ഒരിക്കലും വറ്റാത്ത സമ്പത്തിന്റെ ഉറവിടമായി കരുതിയിരുന്നെങ്കിൽ, ഇന്ന് കാര്യങ്ങൾക്കു മാറ്റം വന്നിരിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം മത്സ്യശാസ്ത്ര രംഗത്തുണ്ടായ ചലനാത്മകമായ വികസനവും അതിലൂടെ നേടിയ പുതിയ അറിവുകളും, നമ്മെ പുതിയ തിരിച്ചറിവുകളിലേക്ക് നയിച്ചു. ഇതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ജലവിഭവങ്ങൾ നിയന്ത്രണങ്ങളില്ലാതെ എന്നെന്നേക്കുമായി ചൂഷണം ചെയ്യാൻ കഴിയില്ലെന്നും അവ ബുദ്ധിപൂർവ്വം ഉപയോഗിച്ചാൽ മാത്രമേ എന്നും നിലനിർത്താവുന്ന രീതിയിൽ മനുഷ്യരുടെ ആഹാരത്തിനും സാമ്പത്തിക-സാമുഹ്യ അഭിവൃദ്ധിക്കും ഉതകു എന്ന തിരിച്ചറിവ്.

ആയിരത്തി തൊള്ളായിരത്തി എഴുപതുകളുടെ മദ്ധ്യത്തോടെ നിലവിൽ വന്ന രാജ്യങ്ങളുടെ സാമ്പത്തിക പരമാധികാര മേഖല (EEZ- Exclusive Economic Zone) എന്ന ആശയവും 1982ൽ ഐക്യരാഷ്ട്ര സഭയിലൂടെ ലോകരാജ്യങ്ങൾ അംഗീകരിച്ച സമുദ്രനിയമ (The law of the sea) ഉടമ്പടിയും സമുദ്ര സമ്പത്തുകളുടെ മികച്ച ഉപയോഗത്തിനുള്ള ഒരു ചട്ടക്കൂട് നൽകുകയുണ്ടായി. ഈ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടെ തീരദേശ രാജ്യങ്ങൾ അവയുടെ സാമ്പത്തിക പരമാധികാര മേഖലയിലുള്ള (EEZ) ജൈവവിഭവങ്ങൾ ശേഖരിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും ഉള്ള തങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും സ്വായത്തമാകി. അങ്ങനെ ആഗോളതലത്തിൽ പിടിക്കപ്പെടുന്ന സമുദ്രമത്സ്യത്തിന്റെ 90 ശതമാനവും ഉൾക്കൊള്ളുന്ന EEZ കൾ അതാതു രാജ്യങ്ങളുടെ അധികാര പരിധിയിൽ വന്നെങ്കിലും, ഈ മാറ്റങ്ങൾ സമുദ്രത്തിലെ മത്സ്യബന്ധന നിർവ്വഹണം കാര്യക്ഷമവും സുസ്ഥിരവുമാക്കാൻ ഇന്നും അപര്യാപ്ത-മാണ്. പല തീരദേശ രാജ്യങ്ങളും ഇക്കാര്യത്തിൽ സാരമായ വെല്ലുവിളികൾ നേരിടുകയാണ്. പരിചയ-സമ്പത്തിന്റെ കുറവും, സാമ്പത്തിക-ഭൌതിക വിഭവങ്ങളുടെ അഭാവവും മൂലം

ഇവയ്ക്ക് സ്വന്തം EEZ ൽ നിന്നു കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുന്നില്ല എന്നതാണ് വാസ്തവം.

കഴിഞ്ഞ ദശകങ്ങളിൽ, ലോക മത്സ്യമേഖലയുടെ വികസനം ചലനാത്മകവും കമ്പോള നിയന്ത്രിതവുമായ ഭക്ഷ്യ മേഖലയുടെ ഭാഗമായി ത്തീരുകയും അങ്ങനെ രാജ്യാന്തര വിപണിയിൽ മത്സ്യത്തിനും മത്സ്യോൽപ്പന്നങ്ങൾക്കും പ്രിയം ഏറുകയും ചെയ്തു. തീരദേശ രാജ്യങ്ങൾ ഈ പുതിയ അവസരങ്ങളിൽ നിന്ന് ലാഭം കൊയ്യാൻ പരിശ്രമിക്കുന്നതിന്റെ ഭാഗമായി ആധുനിക മത്സ്യബന്ധന യാനങ്ങളും സംസ്കരണ-ശാലകളുമായി രംഗത്തെത്തി. ഇങ്ങനെ മത്സ്യബന്ധനത്തിന്റെ തോത് ദ്രുതഗതിയിലും ക്രമാതീതമായും വർദ്ധിച്ച്, 1980 കളോടെ സമുദ്രസമ്പത്തുകൾ അധികചൂഷണത്തിനു വിധേയ-മാകുന്നതിന്റെ വ്യക്തമായ സൂചനകൾ നല്കിത്തുടങ്ങി. ഇതോടൊപ്പം EEZ ന് പുറത്തു, പുറംകടലിൽ നടക്കുന്ന അനിയന്ത്രിത മത്സ്യബന്ധനം (പ്രത്യേകിച്ചു കുടിയേറ്റ സ്വഭാവമുള്ള മത്സ്യശേഖരങ്ങലുടെ) മൂലമുണ്ടാകുന്ന ആഘാതവും ഉൽക്കണ്ഠ ഉളവാക്കി. ഈ പശ്ചാത്തല-ത്തിലാണ് അമിത വേഗത്തിലും അനിയന്ത്രിതവുമായ മത്സ്യബന്ധന വികസനത്തിനു പകരം പരിസ്ഥിതിയിലും പരിപാലനത്തിലും ഊന്നിയുള്ള ഒരു പുതിയ വികസന സമീപനം അത്യാവശ്യമായി വന്നത്.

1991 മാർച്ചിൽ നടന്ന ഫിഷറീസ് കമ്മിറ്റി (Committee on Fisheries) യുടെ പത്തൊമ്പതാമത് യോഗത്തിൽ മുന്നോട്ടു വച്ച ഒരു പുതിയ ആശയമാണ് ഉത്തരവാദ (Responsible), സുസ്ഥിര (Sustainable) വികസനം എന്നത്. തുടർന്ന്, 1992 ൽ മെക്സിക്കൊയിലെ കാന്കൂനിൽ (Cancun) വിളിച്ചു കൂട്ടിയ ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള രാജ്യാന്തര സമ്മേളനം (International Conference on Responsible Fishing) ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യകൃഷി സംഘടനയോട് ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള രാജ്യാന്തര പെരുമാറ്റ സംഹിത നിർമ്മിക്കാൻ ആവശ്യപ്പെട്ടു. 1992ലെ ഈ സമ്മേളനത്തിൽ പുറത്തിറക്കിയ കാൻകൂൻ പ്രഖ്യാപനം പിന്നീട് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി-വികസന സമ്മേളനത്തിന്റെ (United Nations Conference on Environment and Development) ഒരു പ്രധാന ഇനമായി മാറുകയായിരുന്നു. ഇതിനു ശേഷം ദേശാടന-കുടിയേറ്റ

(Mmigratory-Straddling) സ്വഭാവമുള്ള മത്സ്യശേഖരങ്ങൾക്കായുള്ള ഐക്യരാഷ്ട്രസഭയുടെ സമ്മേളന-ത്തിൽ (United Nations Conference on straddling and migratory fish stocks) ലോക ഭക്ഷ്യ കാർഷിക സംഘടന (FAO) സാങ്കേതിക സഹായങ്ങൾ നൽകുകയുണ്ടായി. 1993 നവംബറിൽ നടന്ന FAO യുടെ ഇരുപത്തി ഏഴാമത്തെ സമ്മേളനത്തിൽ മത്സ്യബന്ധന യാനങ്ങളുടെ നിർവഹണ രീതികളും രാജ്യാന്തര ആചാരങ്ങളും പ്രോത്സാഹിപ്പിക്കുന്ന ഉടമ്പടി (Agreement to promote compliance with international convention and management measures by fishing vessels on the high seas) സ്വീകരിക്കപ്പെട്ടു.

മേൽപ്പറഞ്ഞ കാര്യങ്ങളും ലോക ഫിഷറീസ് വികസന രംഗത്ത് ഇന്നുണ്ടായിട്ടുള്ള മറ്റു പ്രധാന സംഭവ വികാസങ്ങളും കണക്കിലെടുത്താണ്, FAO ഭരണസമിതി ഉത്തരവാദ മത്സ്യ ബന്ധനത്തിനുള്ള പെരുമാറ്റ സംഹിത (Code of Conduct for Responsible Fisheries) രൂപീകരിക്കാൻ ശുപാർശ ചെയ്തത്. ഇതാകട്ടെ മറ്റു ഉടമ്പടികളോട് ഇണങ്ങുന്നതും എന്നാൽ രാജ്യങ്ങൾ സ്വമേധയാ നടപ്പാക്കാ-നുള്ളതുമാണ്. പ്രധാനമായും എല്ലാത്തരം ഫിഷറീസ് വികസനത്തിനും അവശ്യം പാലിച്ചിരിക്കേണ്ട തത്വങ്ങൾക്കും നിലവാരങ്ങൾക്കും രൂപം കൊടുക്കുക എന്ന ദൌത്യമാണ് ഇതിനുള്ളത്. 1995 ഒക്ടോബർ മാസം 31 ന് FAO സമ്മേളനത്തിൽ ഐകകണ്ഠേന സ്വീകരിച്ച ഈ സംഹിത, ജൈവവിഭവങ്ങളുടെ പരിസ്ഥിതി സൌഹൃദവും സുസ്ഥിര-വുമായ ഉപയോഗത്തിനായി രാജ്യ-രാജ്യാന്തര തലങ്ങളിൽ നടക്കുന്ന ശ്രമങ്ങൾക്ക് ഉചിതമായ ഒരു ചട്ടക്കൂട് നൽകി.

FAO യ്ക്ക്, അതിന്റെ സംഘടനാ ചുമതല പ്രകാരം, ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിത കാര്യക്ഷമമായി നടപ്പാക്കുന്ന കാര്യത്തിൽ അംഗരാഷ്ട്രങ്ങളെ, പ്രത്യേകിച്ചും വികസ്വര രാജ്യങ്ങളെ സഹായിക്കാനുള്ള ബാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ നേടുന്ന പുരോഗതി കാലാകാലങ്ങളിൽ ഐക്യരാഷ്ട്ര സമൂഹത്തോട് റിപ്പോർട്ട് ചെയ്യുകയും തുടർനടപടികൾ നിർദ്ദേശിക്കുകയും വേണം.

## ആമുഖം

ലോകമെമ്പാടും എന്നും മനുഷ്യർക്ക് ഭക്ഷണത്തിനും തൊഴിലിനും, വിനോദത്തിനും, വ്യാപാരത്തിനും സാമ്പത്തിക മേന്മക്കുമുള്ള ഒരു സ്രോതസ്സായിരുന്നു മത്സ്യബന്ധനവും ജലകൃഷിയും. അത് കൊണ്ടു തന്നെ ഇവ രണ്ടും ഉത്തരവാദിത്വ ബോധത്തോടെ ചെയ്യേണ്ട കാര്യങ്ങളാണ്. ജലജൈവസമ്പത്തുകളെ ഉചിതമായ രീതിയിൽ ഉപയോഗ-പ്പെടുത്തുന്നതിനുള്ള തത്വങ്ങളും രാജ്യാന്തര നിലവാരങ്ങളും സ്ഥാപിക്കുകയും, അതോടൊപ്പം അവയുടെ ഫലപ്രദമായ പരിപാലനവും നിർവഹണവും വികസനവും സാദ്ധ്യമാക്കുകയുമാണ് ഈ പെരുമാറ്റ സംഹിത കൊണ്ടുദ്ദേശിക്കുന്നത്. ഇത്തരം വികസനങ്ങൾ ആവാസ-വ്യവസ്ഥയ്ക്കും ജൈവവൈവിധ്യത്തിനും കോട്ടം തട്ടാത്ത വിധത്തിൽ ആയിരിക്കണമെന്നും നിഷ്ക്കർഷയുണ്ട്. ഈ സംഹിത, ഫിഷറീസ് മേഖലയുടെ പോഷണ- സാമ്പത്തിക- സാമൂഹിക- സാംസ്കാരിക പ്രാധാന്യം മനസ്സിലാക്കി ഇതുമായി ബന്ധപ്പെട്ട എല്ലാവരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇത് ജല-സമ്പത്തുകളുടെ ജീവശാസ്ത്രപരവും പാരിസ്ഥിതികവുമായ പ്രത്യേകതകളും ഉപഭോക്താക്കളുടെ താൽപ്പര്യങ്ങളും കണക്കിലെടുക്കുന്നുണ്ട്. രാജ്യങ്ങളെയും ഫിഷറീസുമായി ബന്ധപ്പെട്ട എല്ലാവരെയും ഈ പെരുമാറ്റസംഹിത പ്രയോഗിക്കാനും ഫലപ്രദമാക്കാനും പ്രോത്സാഹി-പ്പിക്കുകയാണ്.

## വകുപ്പ് 1 പെരുമാറ്റ സംഹിതയുടെ സ്വഭാവവും വ്യാപ്തിയും

1.1 ഈ പെരുമാറ്റ സംഹിത സ്വമനസ്സാലെ ചെയ്യാനുള്ള-താണ്. എങ്കിലും, ഇതിലെ ചില ഭാഗങ്ങൾ രാജ്യാന്തര നിയമങ്ങളെ, പ്രത്യേകിച്ചും 1982 ഡിസംബറിലെ ഐക്യരാഷ്ട്ര സമുദ്രനിയമ ഉടമ്പടി (United Nations Convention on the Law of the Sea) യെ ആധാരമാക്കിയുള്ളതാണ് എന്നത് ശ്രദ്ധേയമാണ്. മാത്രമല്ല നിലവിലുള്ള മറ്റു പല ഉടമ്പടികളുടെയും ഭാഗങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കാം. ഉദാഹരണമായി, പുറംകടലിലെ മത്സ്യബന്ധന കപ്പലുകൾ പാലിക്കേണ്ട സംരക്ഷണ നട-പടികളെക്കുറിച്ചുള്ള രാജ്യാന്തര ഉടമ്പടികൾ മാനിക്കണമെന്ന നിർദ്ദേശം (Compliance with

International Conservation and management measures by fishing vessels on the high seas -FAO കോൺഫറൻസിന്റെ 15/93 നമ്പർ തീരുമാനം- മൂന്നാം ഖണ്ഡിക) സംഹിതയുടെ ഒരു അവിഭാജ്യ ഘടകമാണ്.

1.2 ആഗോളതലത്തിൽ വ്യാപ്തിയുള്ള ഈ സംഹിത, ഐക്യ-രാഷ്ട്രസഭാംഗമോ അല്ലാത്തതോ ആയ എല്ലാ രാജ്യങ്ങളെയും ഉദ്ദേശിച്ച് ഉണ്ടാക്കിയിട്ടുള്ളതാണ്. കൂടാതെ, ഫിഷറീസുമായി ബന്ധമുള്ള എല്ലാ ഗവണ്മെന്റു-ഗവണ്മെന്റേതര സ്ഥാപനങ്ങൾ; ദേശീയ, മേഖല, ഉപമേഖലാ രാജ്യാന്തര സംഘടനകൾ; മത്സ്യസമ്പത്തു പരിരക്ഷിക്കുന്നതിലും, വികസിപ്പിക്കുന്നതിലും വ്യാപൃതരായിരിക്കുന്ന വ്യക്തികൾ (മീൻപിടുത്തക്കാർ, മത്സ്യ വ്യാപാരികൾ മത്സ്യസംസ്കരണക്കാർ); ജലജൈവസമ്പത്തിന്റെ മറ്റു ഗുണഭോക്താക്കൾ എന്നിവരും ഇതിന്റെ പരിധിയിൽ വരും.

1.3 ഈ സംഹിത ഫിഷറീസ് സമ്പത്തിന്റെ വികസന-ത്തിനും, സുസ്ഥിര സംഭരണത്തിനും, പരിപാലനത്തിനും ഉപയുക്തമായ തത്വങ്ങളും നിലവാരങ്ങളും പ്രദാനം ചെയ്യുന്നു. ഇതിൽ മത്സ്യബന്ധനം, മത്സ്യസംഭരണ രീതികൾ, മത്സ്യസംസ്കരണം, മത്സ്യവ്യാപാരം, ജലകൃഷി, മത്സ്യ ഗവേഷണം, മത്സ്യബന്ധനത്തെ സംയോജിത തീരമേഖലാ വികസനവുമായി ബന്ധിപ്പിക്കൽ, തുടങ്ങിയ പ്രക്രിയകളും ഉൾപ്പെടുന്നു.

1.4 ഈ സംഹിതയിൽ പ്രതിപാദിക്കുന്ന രാജ്യങ്ങളിൽ യൂറോപ്യൻ സമൂഹവും ഉൾപ്പെടുന്നു. ഇതിൽ 'ഫിഷറീസ്' എന്ന വാക്കിന്റെ അർത്ഥവ്യാപ്തിയിൽ മത്സ്യബന്ധനവും ജലകൃഷിയും ഉൾപ്പെടുന്നുണ്ട്.

## വകുപ്പ് 2 ഉദ്ദേശ്യങ്ങൾ

ഈ സംഹിതയുടെ ഉദ്ദേശ്യങ്ങൾ താഴെ പറയുന്നവയാണ്:

a) ഉത്തരവാദ മത്സ്യബന്ധനത്തിനു, അതിന്റെ പ്രസക്തമായ ജീവശാസ്ത്ര, സാങ്കേതിക, സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക, വാണിജ്യ വശങ്ങൾ കണക്കിലെടുത്ത് കൊണ്ടും,

പ്രസക്ത രാജ്യാന്തര നിയമ-ങ്ങൾക്ക-നുയോജ്യമായും, പൊതുതത്വങ്ങൾ ആവിഷ്ക്കരിക്കുക;

b) രാജ്യങ്ങൾക്ക് തങ്ങളുടെ ജലജൈവ സമ്പത്തുകളുടെ ഉത്തരവാദ പൂർണമായ പരിപാലനത്തിനും, സംഭരണത്തിനും, വികസനത്തിനും ഉള്ള നയങ്ങൾ രൂപികരിക്കുവാനും വിശദീകരിക്കുവാനും വേണ്ട തത്വങ്ങൾ സ്ഥാപിക്കുക;

c) രാജ്യങ്ങൾക്ക് ഉത്തരവാദ ഫിഷറീസിനു വേണ്ടിയുള്ള നൈയമിക-സ്ഥാപന സംവിധാനങ്ങൾ (Legal and institutional framework) സ്ഥാപിക്കുവാനും, മെച്ചപ്പെടുത്തുവാനും, അതിനു വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കാനും സഹായിക്കുന്ന ഒരു സൂചക ഗ്രന്ഥമാകുക;

d) സ്വമേധയ നടപ്പിലാക്കാനുള്ളതും, നടപ്പിലാക്കാൻ ബാധ്യതുള്ളതുമായ രാജ്യാന്തര കരാറുകൾ നിർമിക്കാനും അവ പ്രാബല്യത്തിൽ വരുത്തുവാനും രാജ്യങ്ങളെ സഹായിക്കാനുമുതകുന്ന മാർഗ്ഗനിർദ്ദേശം നൽകുക;

e) മത്സ്യസമ്പത്തുകളുടെ പരിപാലനവും, നിർവഹണവും വികസനവും സാദ്ധ്യമാക്കുന്നതിനു വേണ്ടി സാങ്കേ-തികവും സാമ്പത്തികവും ഉൾപ്പെടെ എല്ലാ സഹായ-ങ്ങളും ചെയ്തു കൊടുക്കുക;

f) തദ്ദേശവാസികളുടെ പോഷകാഹാരാവശ്യങ്ങൾക്ക് മുൻഗണന കൊടുത്തു കൊണ്ട്, ഭക്ഷ്യസുരക്ഷയിൽ ഫിഷറീസ് മേഖലയ്ക്കുള്ള പങ്ക് ഉറപ്പു വരുത്താനുള്ള ശ്രമങ്ങളിൽ സഹായിക്കുക;

g) തീരപ്രദേശത്തെ ജലജൈവ സമ്പത്തും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക;

h) പ്രസക്ത രാജ്യാന്തര നിയമങ്ങൾക്കനുസൃതമായും, രഹസ്യ പ്രതിബന്ധങ്ങളാകാവുന്ന നടപടികൾ ഒഴിവാക്കിയും മത്സ്യ-മത്സ്യോൽപ്പന്ന വ്യാപാരങ്ങൾ പ്രോത്സാഹിപ്പിക്കുക;

i) മത്സ്യം, ഫിഷറീസ്, ജല-ആവാസവ്യവസ്ഥ, പരിസ്ഥിതി എന്നിവയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുക; കൂടാതെ

j) ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗക്കാർക്കും മാതൃകയാക്കാവുന്ന പെരുമാറ്റ നിലവാരം ആവിഷ്ക്കരിക്കുക.

**വകുപ്പ് 3 മറ്റു ദേശാന്തര ധാരണകളുമായുള്ള ബന്ധം**

3.1 ഈ സംഹിത വ്യാഖ്യാനിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ, 1982 ലെ ഐക്യരാഷ്ട്ര സമുദ്രനിയമ (The Law of the Sea) ഉടമ്പടി അനുശാസിക്കുന്ന രാജ്യാന്തര നിയമങ്ങളുടെ പ്രസക്തമായ വ്യവസ്ഥകളുമായി ചേർത്ത് കാണേണ്ടതാണ്. എന്നാൽ ഇതു രാജ്യങ്ങളുടെ അധികാര-ങ്ങൾക്കോ, അധികാര പരിധികൾക്കോ, കർത്തവ്യങ്ങൾക്കോ മുൻ വിധിയാകുന്നില്ല.

3.2 ഈ സംഹിത വ്യാഖ്യാനിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ താഴെ പറയുന്നവ ഉറപ്പാക്കണം:

a) 1982 ഡിസംബർ 10ലെ ഐക്യരാഷ്ട്ര ദേശാടന-കുടിയേറ്റ മത്സ്യ ശേഖരങ്ങളുടെ പരിപാലനത്തെയും നിർവഹണത്തെയും സംബന്ധിച്ച കരാറിന്റെ പ്രസക്ത വ്യവസ്ഥകൾക്കനുസരിച്ചായിരിക്കണം സമുദ്രനിയമ ഉടമ്പടി നടപ്പാക്കേണ്ടത്.

b) രാജ്യാന്തര നിയമങ്ങളുടെ മറ്റു പ്രസക്ത വ്യവസ്ഥകൾക്കനുസരിച്ചും രാജ്യങ്ങൾക്ക് മറ്റു രാജ്യാന്തര ഉടമ്പടികളോടുള്ള കടപ്പാടുകൾ ക്കനുസൃതവുമായിരിക്കണം.

c) 1992 ലെ കാന്കുൻ പ്രഖ്യാപനം; 1992 ലെ പരിസ്ഥിതിയും-വികസനവും സംബന്ധിച്ച 'റിയോ പ്രഖ്യാപനം' (Rio Declaration); ഐക്യരാഷ്ട്ര പരിസ്ഥിതി-വികസന സമ്മേളനത്തിന്റെ ഇരുപത്തിഒന്നാം അജണ്ട; മറ്റു പ്രസക്ത പ്രഖ്യാപനങ്ങൾ, കരാറുകൾ; എന്നിവയുടെ വെളിച്ചത്തിലായിരിക്കണം.

## വകുപ്പ് 4 നടപ്പാക്കൽ, നിരീക്ഷിക്കൽ, പുതുക്കൽ

4.1 ഐക്യരാഷ്ട്ര സഭാംഗമോ അല്ലാത്തതോ ആയ എല്ലാ രാജ്യങ്ങളും, ഫിഷറീസുമായി ബന്ധമുള്ള എല്ലാ ഗവൺമെന്റ്-ഗവൺമെന്റേതര സ്ഥാപനങ്ങളും; ദേശീയ, മേഖല, ഉപമേഖലാ, രാജ്യാന്തര സംഘടനകളും; മത്സ്യസമ്പത്തു പരിരക്ഷി-ക്കുന്നതിലും, വികസിപ്പിക്കുന്നതിലും വ്യാപൃതരായിരിക്കുന്ന വ്യക്തികളും (മീൻപിടുത്തക്കാർ, മത്സ്യവ്യാപാരികൾ മത്സ്യ-സംസ്കരണക്കാർ); ഈ സംഹിതയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും അത് ഫലപ്രദമായി നടപ്പാക്കുന്നതിനും സഹകരിക്കേണ്ടതാണ്.

4.2 FAO, ഐക്യരാഷ്ട്ര സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ, അതിനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായി, ഈ സംഹിതയുടെ പ്രയോഗം, നടപ്പാക്കൽ, ഫിഷറീസ് മേഖലയിൽ ഇതിനുള്ള സ്വാധീനം, എന്നിവ നിരീക്ഷിക്കുന്നതാണ്. FAO കാര്യാലയം, ഇതിന്മേലുള്ള റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ ഫിഷറീസ് കമ്മിറ്റി (Committee on Fisheries) ക്കു നൽകും. ഐക്യരാഷ്ട്ര സഭാംഗമോ അല്ലാത്തതോ ആയ എല്ലാ രാജ്യങ്ങളും, എല്ലാ പ്രസക്ത ഗവൺമെന്റ്-ഗവൺമെന്റേതര സ്ഥാപനങ്ങളും മേൽപ്പറഞ്ഞ ചുമതല നിർവഹിക്കുന്നതിന് FAO യുമായി സജീവമായി സഹകരിക്കേണ്ടതാണ്.

4.3 ഫിഷറീസ് രംഗത്തെ സംഭവവികാസങ്ങൾ കണക്കി-ലെടുത്തും, ഫിഷറീസ് കമ്മിറ്റി റിപ്പോർട്ട്കളുടെ അടിസ്ഥാന-ത്തിലും FAOയ്ക്ക് അതിന്റെ ഘടക-അനുബന്ധ സംരംഭ-ങ്ങളിലൂടെ ഈ സംഹിതയുടെ നടത്തിപ്പ് രീതി നവീകരി-ക്കാവുന്നതാണ്.

4.4 ഫിഷറീസുമായി ബന്ധപ്പെട്ട എല്ലാവരിലും ഈ സംഹിതയെക്കുറിച്ചു ശരിയായ ധാരണ വളർത്താൻ രാജ്യങ്ങളും, പ്രസക്ത ഗവൺമെന്റ്-ഗവൺമെന്റേതര രാജ്യാന്തര സംഘടനകളും പ്രോൽസാഹിപ്പിക്കേണ്ടതാണ്. ഈ സംഹിതയെ സ്വമേധയാ സ്വീകരിക്കുവാനും നടപ്പി-ലാക്കാനുമുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കാനായി പ്രയോഗികമായിടത്തെല്ലാം പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## വകുപ്പ് 5 വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ

5.1 വികസ്വര രാജ്യങ്ങൾക്കു, ഈ പെരുമാറ്റ സംഹിതയിലെ ശുപാർശകൾ നടപ്പിലാക്കാനുള്ള ശേഷി കണക്കിലെടുക്കേണ്ടതാണ്

5.2 ഈ സംഹിതയുടെ ഉദ്ദേശ്യം നിറവേറ്റുന്നതിനും അതിന്റെ ഫലപ്രദമായ നടത്തിപ്പിനും വേണ്ടി പ്രവർത്തിക്കുമ്പോൾ വികസ്വരരാജ്യങ്ങളുടെ, പ്രത്യേകിച്ചു അവികസിത ചെറു-ദ്വീപു രാജ്യങ്ങളുടെ (Small island developing countries) പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവണ്മെന്റ്-ഗവണ്മെന്റേതര സംഘടനകൾക്കും സാമ്പത്തിക സ്ഥാപനങ്ങൾക്കും വലിയ പങ്കു വഹിക്കാനുണ്ട്. ഈ പെരുമാറ്റ സംഹിത സ്വീകരിക്കുമ്പോൾ വികസ്വര രാജ്യങ്ങൾ നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ നേരിടുന്നതിൽ രാജ്യങ്ങളും, പ്രസക്ത രാജ്യാന്തര-ഗവണ്മെന്റേതര സംഘടനകളും സാമ്പത്തിക സ്ഥാപനങ്ങളും സഹായിക്കേണ്ടതാണ്. ഈ സഹായം, രാജ്യങ്ങൾക്ക് അവരുടെ ഫിഷറീസ് വികസനത്തിനു, പ്രത്യേകിച്ച് പുറം കടലിലെ മത്സ്യബന്ധനം സാദ്ധ്യമാക്കുന്ന-തിനുള്ള സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ, സാങ്കേതികവിദ്യ കൈമാറ്റം, പരിശീലനം, ശാസ്ത്ര വിഷയങ്ങ-ളിലുള്ള സഹായം, എന്നിവയിൽ ഊന്നിയായിരിക്കണം.

## വകുപ്പ് 6 പൊതു തത്വങ്ങൾ

6.1 രാജ്യങ്ങൾക്കും, ജലജൈവ വിഭവങ്ങളുടെ മറ്റു ഉപയോക്താ-ക്കൾക്കും ജല-ആവാസവ്യവസ്ഥ പരിപാലി-ക്കാനുള്ള ബാധ്യതയുണ്ട്. അതായത്, മീൻ പിടിക്കാനുള്ള അവകാശം, അത് ഉത്തരവാദിത്വത്തോടെ നിറവേറ്റാനുള്ള ബാധ്യതയോടോപ്പമാണ് ലഭിക്കുന്നത്. ഈ അവകാശവും ബാധ്യതയും ഒരുമിച്ചു നിറവേറ്റിയാലേ ജൈവജല വിഭവങ്ങളുടെ ഫലപ്രദമായ പരിപാലനവും നിർവഹണവും സാദ്ധ്യമാകൂ.

6.2 ഫിഷറീസിന്റെ ശരിയായ നടത്തിപ്പിന് മത്സ്യസമ്പത്തിന്റെ ഗുണമേന്മയും, വൈവിധ്യവും ലഭ്യതയും ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. എങ്കിലേ ഈ സമ്പത്ത് ആവശ്യമായ അളവിൽ ഈ തലമുറക്കും വരും തലമുറ-കൾക്കും ഒരു പോലെ ലഭ്യമാകുകയും

അങ്ങനെ ഭക്ഷ്യസുരക്ഷ, ദാരിദ്ര ലഘൂകരണം, സുസ്ഥിര വികസനം എന്നിവയ്ക്ക് ഉപയോഗപ്രദമാവുകയും ചെയ്യുകയുള്ളൂ. ഫിഷറി നടത്തിപ്പ് എന്നത് ഉദ്ദിഷ്ട മത്സ്യ ഇനങ്ങളുടെ പരിപാലനം ഉറപ്പു വരുത്തൽ മാത്രമാകരുത്. അതു ആവാസ വ്യവസ്ഥയിലുള്ള മറ്റെല്ലാ ജീവജാലങ്ങളുടെയും, പ്രത്യേകിച്ചു ഉദ്ദിഷ്ടമത്സ്യങ്ങളെ ആശ്രയിച്ചു കഴിയുന്ന എല്ലാ സജീവവസ്തുക്കളുടെയും രക്ഷ കൂടി ലക്ഷ്യമിട്ടുള്ളതാവണം.

6.3 മത്സ്യബന്ധന നടത്തിപ്പിൽ അമിത മത്സ്യബന്ധനം (Overfishing), മത്സ്യബന്ധനത്തിനുള്ള അധികശേഷി (Excess fishing capacity) എന്നിവ തടയേണ്ടത് അനിവാര്യമാണ്. രാജ്യങ്ങൾ തങ്ങളുടെ മത്സ്യബന്ധന ശ്രമശക്തിയുടെ (Fishing effort) തോത് നിശ്ചയിക്കേണ്ടതു ജലത്തിന്റെ ഉൽപ്പാദന-ശേഷിയുമായി പൊരുത്തപ്പെടുന്ന അനുപാതത്തിലും സുസ്ഥിര ഉപയോഗം സാദ്ധ്യമാകുന്ന വിധത്തിലു-മായിരിക്കണം. ഇങ്ങനെ ചെയ്യുമ്പോൾ ആവശ്യമായി വരുന്നിടത്ത് ജനങ്ങളെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

6.4 മത്സ്യ പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ടി എടുക്കുന്ന തീരുമാനങ്ങൾ ഏറ്റവും നല്ല ശാസ്ത്രീയ തെളിവുകളെ ആസ്പദമാക്കി യുള്ളവയായിരിക്കണം. എന്നാൽ അതോടൊപ്പം മത്സ്യസമ്പത്ത്, ആവാസവ്യവസ്ഥ, പരിസ്ഥിതി, സാമ്പത്തിക-സാമൂഹ്യ ഘടകങ്ങൾ എന്നിവയേ-ക്കുറിച്ചുള്ള നാട്ടറിവുകൾ പരമാവധി ഉപയോഗ-പ്പെടുത്തുകയും വേണം. രാജ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തങ്ങളുടെ ശാസ്ത്ര-സാങ്കേതിക അറിവുകൾ മെച്ചപ്പെടു-ത്തുന്നതിനായി ഗവേഷണവും വിവരശേഖരണവും നടത്തണം. ഇതിൽ ഫിഷറീസും ആവാസവ്യവസ്ഥയും തമ്മിലുള്ള പാരസ്പര്യവും ഉൾപ്പെടണം. ജല-ആവാസ വ്യവസ്ഥയുടെ രാജ്യാന്തര സ്വഭാവം കണക്കിലെടുക്കുമ്പോൾ ഗവേഷണ-ത്തിനായി വിവിധ രാജ്യങ്ങൾ തമ്മിലുള്ള ഉഭയ-കക്ഷി-ബഹുകക്ഷി സഹകരണം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

6.5 ജൈവ ജലസമ്പത്തുകൾ പരിപാലിക്കുകയും, സംരക്ഷിക്കുകയും ശേഖരിക്കുകയും ചെയ്യുമ്പോൾ രാജ്യ-ങ്ങളും, മേഖല, ഉപമേഖലാ സംഘടനകളും ഒരു മുൻകരുതൽ സമീപനം

(Precautionary approach) സ്വീകരിക്കേണ്ടതാണ്. ഈ മുൻകരുതലുകൾ നിലവിലുള്ള ഏറ്റവും നല്ല ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിലാകണം. അതേ സമയം, മതിയായ ശാസ്ത്രീയ വിവരങ്ങൾ ഇല്ല എന്നതു സംരക്ഷണ നടപടികൾ വൈകിക്കാനോ ഒഴിവാക്കാനോ ഉള്ള ഒഴിവു കഴിവാക്കാൻ പാടില്ല. ഇങ്ങനെ സംരക്ഷിക്കപ്പെടേണ്ടത് ഉന്നമിടുന്ന മത്സ്യങ്ങൾ മാത്രമല്ല-അവയെ ആശ്രയിക്കുന്ന മറ്റു മത്സ്യങ്ങൾ, അനുബന്ധ മത്സ്യജാതികൾ, ഉന്നമിടാത്ത മത്സ്യങ്ങൾ, അവയുടെ പരിസ്ഥിതി എന്നിവ കൂടി-യായിരിക്കണം.

6.6 നിയന്ത്രിതവും പരിസ്ഥിതിഭദ്രവുമായ മത്സ്യബന്ധന മുറകളും സാമഗ്രികളും വികസിപ്പിച്ചെടുക്കാനും അവ നടപ്പിൽ വരുത്താനും കൂടുതൽ നടപടികൾ ആവശ്യമാണ്. ഇതിലൂടെ ലക്ഷ്യമിടുന്നത് ജൈവവൈവിധ്യം നിലനിർത്തുക, ജൈവഘടന സംരക്ഷിക്കുക, പരിസ്ഥിതി സംരക്ഷണം, മത്സ്യ ഗുണനിലവാര സംരക്ഷണം എന്നിവയാണ്. ഇത്തരം നല്ല മത്സ്യബന്ധന മുറകളും സാമഗ്രികളും നിലവിലുള്ളിടത്തെല്ലാം അവയ്ക്ക് വേണ്ടത്ര മുൻഗണന നൽകുകയും അവയെ നല്ല മത്സ്യസംരക്ഷണ-പരിപാലന സംരംഭങ്ങളായി അംഗീകരി-ക്കുകയും വേണം. ഉന്നമില്ലാത്ത മത്സ്യബന്ധനവും, മത്സ്യ-മത്സ്യേതര ജീവികളുടെ അമിത ചൂഷണവും, മത്സ്യ-സമ്പത്തിന്റെ ദുർവ്യയത്തിനു കാരണമാകും. ഇതു മറ്റു ആശ്രിത-അനുബന്ധ മത്സ്യങ്ങളുടെയും, ആവാസവ്യവസ്ഥയുടെ തന്നെയും ശോഷണത്തിനു ഇടയാക്കുന്നതിനാൽ, രാജ്യങ്ങളും ജല-ആവാസവ്യവസ്ഥയുടെ മറ്റു ഉപയോക്താക്കളും ഇത്തരം നടപടികൾ കുറയ്ക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

6.7 മത്സ്യബന്ധനം, മത്സ്യ ഉൽപ്പന്നങ്ങളുടെ കൈകാര്യം ചെയ്യൽ, സംസ്കരണം, വിതരണം, എന്നിവ ശ്രദ്ധാപൂർവ്വം നിർവഹിക്കേണ്ട കാര്യങ്ങളാണ്. അവയുടെ പോഷകമൂല്യം, ഗുണനിലവാരം, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതോടൊപ്പം, അനാവശ്യ നഷ്ടം കുറയ്ക്കുകയും പരിസ്ഥിതി ആഘാതം ലഘൂകരിക്കുകയും വേണം.

6.8 തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, കായലുകൾ, മീനുകൾ മുട്ടയിടാനും കുഞ്ഞുങ്ങളെ വിരിയിക്കാനും

എത്തുന്ന ഇടങ്ങൾ, എന്നിവ ശുദ്ധജല-സമുദ്ര ആവാസവ്യവസ്ഥയിലെ നിർണായകമായ മത്സ്യ വാസ-കേന്ദ്രങ്ങളാണ്. എന്നാൽ ഇവ ദിനംപ്രതി പല മനുഷ്യജന്യ കാരണങ്ങളാൽ മലിനീകരിക്കപ്പെടുകയോ, മൂല്യശോഷണത്തി-നിരയാകുകയോ, നശിപ്പിക്കപ്പെടുകയോ ആണ്. ഇത്തരം മനുഷ്യ ഇടപെടലുകൾ മത്സ്യസമ്പത്തിന്റെയും ആവസ-വ്യവസ്തയുടെ തന്നെയും നിലനിൽപ്പിന് ഭീഷണിയാകുന്നു എന്ന സത്യം മനസ്സിലാക്കി സാദ്ധ്യമായിടത്തെല്ലാം ഇവയെ പരമാവധി സംരക്ഷിക്കുകയും പുനരധിവസിപ്പിക്കുകയും വേണം.

6.9 രാജ്യങ്ങൾ, തങ്ങളുടെ തീരദേശ മേഖലയുടെ ബഹുമുഖ ഉപയോഗത്തിനും സംയോജിത വികസനത്തിനും പദ്ധതികൾ തയ്യാറാക്കുമ്പോൾ മത്സ്യസമ്പത്തുകളുടെ പരി-പാലനമുൾപ്പെടെ ഫിഷറീസ് സംബന്ധമായ എല്ലാ താൽപര്യങ്ങളും കണക്കിലെടുത്തിട്ടുണ്ട് എന്നുറപ്പ് വരു-ത്തണം.

6.10 വികസന പരിപാടികൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള സംരക്ഷണ-പരിപാലന തത്വങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും, അതിനനുസൃതമായി മത്സ്യ-ബന്ധന യാനങ്ങൾക്കും അനുബന്ധ യാനങ്ങൾക്കും മേൽ ഉചിതമായ നിയന്ത്രണ-നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടു-ത്തുകയും വേണം. രാജ്യങ്ങൾ തങ്ങളുടെ കഴിവനുസരിച്ചു ഇങ്ങനെ ചെയ്യുമ്പോൾ അത് സംരക്ഷണത്തെയും പരി-പാലനത്തേയും സംബന്ധിച്ചു നിലവിലുള്ള രാജ്യാന്തര നിയമങ്ങൾ, മേഖല- ഉപമേഖല സംഘടനകൾ എന്നിവ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കു വിധേയമാണെന്നു ഉറപ്പു വരുത്തണം.

6.11 മത്സ്യബന്ധന യാനങ്ങളും അനുബന്ധ യാനങ്ങളും ഈ പെരുമാറ്റ സംഹിത ശരിയായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതു ഇവയിൽ സ്വന്തം പതാക പറത്താൻ അനുവാദം നൽകുന്ന രാജ്യങ്ങളാണ്. അതിനായി യാനങ്ങൾക്കുമേൽ ഫലപ്രദമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി, അവയുടെ പ്രവർത്തനം ഫലപ്രദമായ പരിപാലനത്തിനും, സംരക്ഷണത്തിനും വേണ്ടി ദേശീയ, ഉപമേഖല, മേഖലാ, ആഗോള തലങ്ങളിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള രാജ്യാന്തര

നിയമങ്ങൾക്കു തുരങ്കം വയ്ക്കുന്ന രീതിയിലല്ലെന്നു ഉറപ്പു വരുത്തണം. മത്സ്യബന്ധന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരശേഖരണവും വിവരദാനവും യാനങ്ങളുടെ കടമയാണ്. തങ്ങളുടെ പതാകകൾ വഹിക്കുന്ന യാനങ്ങൾ ഈ കടമ നിർവഹിക്കുന്നുണ്ട് എന്ന് രാജ്യങ്ങൾ ഉറപ്പു വരുത്തണം.

6.12 രാജ്യങ്ങൾ തങ്ങളുടെ കഴിവനുസരിച്ചും, രാജ്യാന്തര നിയമങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടും, ഫിഷറീസ് പരിപാലന സംഘടനകൾ, രാജ്യാന്തര കരാറുകൾ, മറ്റു സംവിധാനങ്ങൾ എന്നിവയുമായി മേഖല, ഉപമേഖല, ആഗോള തലങ്ങളിൽ സഹകരിക്കണം. ഈ സഹകരണത്തിലൂടെ ജൈവജലസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും പ്രോത്സാഹിപ്പിക്കപ്പെടുന്നതോടൊപ്പം ഉത്തര-വാദ മത്സ്യബന്ധനം സാദ്ധ്യമാകുകയും ചെയുന്നു. ഇങ്ങനെ ചെയ്യുമ്പോൾ സ്വദേശത്തും വിദേശത്തും ഉള്ള സാഹചര്യ-ങ്ങളുമായി പൊരുത്തപ്പെടുന്ന നടപടികളാണ് രാജ്യങ്ങൾ സ്വീകരിക്കേണ്ടത്.

6.13 രാജ്യങ്ങൾ, തങ്ങളുടെ ദേശീയനിയമങ്ങളുടെ പരിധി-കൾക്കുള്ളിൽ നിന്ന് കൊണ്ട്, തീർപ്പുകൾ സുതാര്യമാണെന്നും, അടിയന്തിര പ്രശ്നങ്ങൾ സമയോചിതമായി പരിഹരിക്ക-പ്പെടുന്നുവെന്നും ഉറപ്പു വരുത്തണം. കൂടാതെ ഉചിതമായ നടപടിക്രമങ്ങളിലൂടെ കൂടിയാലോചനകൾ സുഗമമാക്കുകയും അങ്ങനെ മത്സ്യപരിപാലനം, വികസനം, രാജ്യാന്തര സാമ്പത്തിക സഹായങ്ങൾ മുതലായവ സംബന്ധിച്ച നിയമ നിർമ്മാണത്തിലും നയരൂപീകരണത്തിലും മത്സ്യ വ്യവ-സായികൾ, തൊഴിലാളികൾ, പരിസ്ഥിതി സംഘടനകൾ, മറ്റു തൽപരകക്ഷികൾ എന്നിവരെ വിശ്വാസത്തിലെടുക്കുകയും ചെയ്യണം.

6.14 മത്സ്യത്തിന്റെയും മത്സ്യ ഉൽപ്പന്നങ്ങളുടെയും രാജ്യാന്തര വ്യാപാരം, ലോകവ്യാപാര സംഘടന (World Trade Oganization) യുടെ തത്വങ്ങളും നിബന്ധനകളും പാലിച്ചു കൊണ്ട്, നിലവിലുള്ള മറ്റു രാജ്യാന്തര ഉടമ്പടി-കൾക്കനുസൃതമായി നിർവഹിക്കേണ്ടതാണ്. എന്നാൽ, രാജ്യങ്ങളുടെ നയപരിപാടികൾ വ്യാപാരത്തിന് തടസ്സ-മാകുന്നതോ, പരിസ്ഥിതിക്കു ദോഷം ചെയ്യുന്നതോ, മറ്റു സാമൂഹിക-

സാമ്പത്തിക പോഷകാഹാര പ്രശ്നങ്ങൾക്ക് കാരണമാകുംവിധമോ ആകരുത്.

6.15 തർക്കങ്ങൾ ഒഴിവാക്കുന്ന കാര്യത്തിൽ രാജ്യങ്ങൾ സഹകരിച്ചു പ്രവർത്തിക്കണം. മത്സ്യബന്ധനം സംബന്ധിച്ചുള്ള എല്ലാ തർക്കങ്ങളും യഥാസമയം, സമാധാനപരമായും സഹകരണ മനോഭാവത്തോടു കൂടിയും പരിഹരിക്കണം. ഇക്കാര്യത്തിൽ കക്ഷികൾ തമ്മിലുള്ള ധാരണയോ പ്രസക്ത-മായ രാജ്യാന്തര ഉടമ്പടികളോ മാനദണ്ഡമാക്കാം. പ്രശ്ന-പരിഹാരം നീണ്ടുപോയാൽ, രാജ്യങ്ങൾക്ക് പ്രായോഗികമായ താൽകാലിക സംവിധാനം ഒരുക്കാവുന്നതാണ്. എന്നാൽ ഇത് ശാശ്വതമായ പ്രശ്നപരിഹാരപ്രക്രിയയിലൂടെ വരാനിരിക്കുന്ന ഫലത്തിനു മുൻവിധിയാകരുത്.

6.16 മത്സ്യസമ്പത്ത് തങ്ങളുടെ പരമപ്രാധാനമായ ജീവനോപായമാണെന്ന യാഥാർത്ഥ്യം മത്സ്യബന്ധകരെയും മത്സ്യകൃഷിക്കാരെയും മനസ്സിലാക്കി, അതിന്റെ സംരക്ഷണ-ത്തിനും പരിപാലനത്തിനുമുതകുന്ന വിധത്തിൽ ഉത്തരവാദ മത്സ്യബന്ധനത്തെപ്പറ്റിയുള്ള ബോധവൽക്കരണം, ശിക്ഷണ-പരിശീലന പരിപാടികളിലൂടെ പ്രോത്സാഹിപ്പിക്കാൻ രാജ്യങ്ങൾക്ക് കഴിയണം. സംഹിതയുടെ ഫലപ്രദമായ നടത്തിപ്പിനു വേണ്ടി ഈ വിഷയങ്ങളിലുള്ള നയ-രൂപികരണത്തിലും കാര്യനിർവഹണത്തിലും മത്സ്യ-ത്തൊഴിലാളികളെയും മത്സ്യകൃഷിക്കാരെയും പങ്കാളികളാ-ക്കേണ്ടതാണ്.

6.17 എല്ലാ മത്സ്യബന്ധന സംവിധാനങ്ങളും, സാമഗ്രികളും, പ്രവർത്തനങ്ങളും നടക്കേണ്ടത് സുരക്ഷിതവും ആരോഗ്യ-പരവും നീതിപൂർവകവുമായ തൊഴിൽ-ജീവിത അന്തരീക്ഷ-ത്തിലായിരിക്കണം. ഇവയുടെ ഗുണനിലവാരം പ്രസക്ത രാജ്യാന്തര സംഘടനകളുടെ അംഗീകാരമുള്ളതും ആഗോള തലത്തിൽ സ്വീകാര്യമാകുംവിധവു- മാകണം.

6.18 തൊഴിൽ- വരുമാന- ഭക്ഷ്യസുരക്ഷാ രംഗങ്ങളിൽ പരമ്പരാഗത ചെറുകിട മത്സ്യബന്ധനം നൽകുന്ന ഗണ്യമായ

സംഭാവനകൾ കണക്കിലെടുത്ത്, രാജ്യങ്ങൾ, മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ ഉചിതമായ രീതിയിൽ സംരക്ഷിക്കേണ്ടതാണ്. ചെറുകിട, പരമ്പരാഗത, ഉപജീവിക മത്സ്യതൊഴിലാളികളുടെ ഉപജീവനം ഉറപ്പാക്കാനും, അവർക്ക് സാദ്ധ്യമാകുന്നിടത്തെല്ലാം ദേശീയ ഭരണകൂടങ്ങളുടെ അധികാര പരിധിയിൽപ്പെട്ട പരമ്പരാഗത മത്സ്യനിലങ്ങളിലേക്കുള്ള പ്രാപ്യത മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കാനും രാജ്യങ്ങൾക്ക് ചുമതലയുണ്ട്.

6.19 മത്സ്യകൃഷിയേയും കുഞ്ഞുങ്ങളെ വിന്യസിച്ചുള്ള മത്സ്യബന്ധനത്തെയും (Culture-based fisheries) വരുമാന-ഭക്ഷ്യ വൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉപാധികളാക്കുന്ന കാര്യം രാജ്യങ്ങൾ പരിഗണിക്കേണ്ടതാണ്. അങ്ങിനെ ചെയ്യുമ്പോൾ പ്രകൃതി സമ്പത്തുകൾ ഉത്തരവാദിത്വത്തോടെ ഉപയോഗിക്കുമെന്നും, പരിസ്ഥിതിക്കും തദ്ദേശ സമൂഹ-ങ്ങൾക്കും മേലുള്ള ആഘാതം കഴിയുന്നതും ലഘൂകരിക്കപ്പെടുമെന്നും ഉറപ്പാക്കേണ്ടതുണ്ട്.

## വകുപ്പ് 7 മത്സ്യബന്ധന നിർവ്വഹണം

### 7.1 പൊതു തത്വങ്ങൾ

7.1.1 രാജ്യങ്ങളും മത്സ്യമേഖലയുമായി ബന്ധപ്പെട്ട മറ്റെല്ലാവരും ഉചിത മായ നയ-നിയമ-സംഘടനാ സംവിധാനങ്ങളിലൂടെ മത്സ്യസമ്പത്തുകളുടെ ദീർഘകാല സംരക്ഷണത്തിനും, സുസ്ഥിര ഉപയോഗത്തിനും ഉതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. തദ്ദേശ, ഉപമേഖല, മേഖലാ തലങ്ങളിൽ സംരക്ഷണ-നിർവഹണ നടപടികൾ സ്വീകരി-ക്കുമ്പോൾ അത് ഏറ്റവും മികച്ച ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിലായിരിക്കണം. ഇത് മത്സ്യസമ്പത്തിന്റെ ദീർഘകാല സുസ്ഥിരത സാദ്ധ്യമാക്കാൻ ലക്ഷ്യം വച്ചുള്ളതാണെന്നു ഉറപ്പു വരുത്തുകയും വേണം. ഇങ്ങനെ ചെയ്താൽ മത്സ്യസമ്പത്തിന്റെ വിനിയോഗം ഏറ്റവും നല്ല തോതിലാക്കി, അവ ഈ തലമുറക്കും വരും തലമുറകൾക്കും ഒരു പോലെ ഉപയോഗപ്രദമാക്കാം. ഏതെങ്കിലും തരത്തിലുള്ള ഹ്രസ്വകാല പരിപാടികൾ സ്വീകരി-ക്കേണ്ടിവന്നാൽ അത് മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്ക് എതിരാകരുത്.

7.1.2 രാജ്യങ്ങൾ തങ്ങളുടെ അധികാരപരിധിക്കുള്ളിൻ നിന്ന് കൊണ്ട് മത്സ്യസമ്പത്തിന്റെ യഥാർത്ഥ ഉപയോക്താക്കളെ അന്വേഷിച്ചു കണ്ടുപിടിക്കുകയും അവരുമായി ആശയ-വിനിമയം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുകയും വേണം. ഇതിലൂടെ ഉത്തരവാദ മത്സ്യബന്ധന ത്തിന്റെ കാര്യത്തിൽ അവരുമായുള്ള സഹകരണം ഉറപ്പാക്കാം.

7.1.3 രാജ്യാന്തര മത്സ്യശേഖരങ്ങൾ, പുറംകടലിലെ മത്സ്യശേഖരങ്ങൾ ദേശാടന-കുടിയേറ്റ സ്വഭാവമുള്ള മത്സ്യ-ശേഖരങ്ങൾ എന്നിവ രണ്ടോ അതിലധികമോ രാജ്യങ്ങൾ പങ്കിടുന്ന സന്ദർഭങ്ങളിൽ, ബന്ധപ്പെട്ട രാജ്യങ്ങൾ സമുദ്രസമ്പത്തിന്റെ ഫലപ്രദമായ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി സഹകരിച്ചു പ്രവർത്തിക്കണം. ഇത് ഉഭയകക്ഷി ചർച്ചകളിലൂടെയോ, മേഖല, ഉപമേഖലാ തലത്തിലുള്ള സംഘടനകൾ മുഖാന്തിരമോ സാധിക്കേണ്ടതാണ്.

7.1.4 മേഖല അഥവാ ഉപമേഖലാ തല ഫിഷറീസ് നിർവഹണ സംഘടനയോ സംവിധാനമോ രൂപീകരിക്കുമ്പോൾ അതിൽ മത്സ്യസമ്പത്ത് സ്ഥിതി ചെയ്യുന്ന ഇടത്തിനു മേൽ അധികാരമുള്ള രാജ്യങ്ങളുടെ പ്രതിനിധി-കൾക്ക് പുറമേ, അതിനു പുറത്തുള്ള, എന്നാൽ പ്രസ്തുത മത്സ്യസമ്പത്തിന്മേൽ യഥാർത്ഥ താല്പര്യങ്ങളുള്ള, മറ്റു രാജ്യങ്ങളുടെ പ്രതിനിധികളും ഉൾപ്പെടണം. സംരക്ഷണ-പരിപാലന നടപടികൾ സ്വീകരിക്കാൻ കാര്യക്ഷമതയുള്ള ഒരു സംഘടനയോ സംവിധാനമോ നിലവിലുണ്ടെങ്കിൽ, അതിൽ അംഗത്വമെടുത്തോ പങ്കാളിയായോ രാജ്യങ്ങൾ സജീവമായി സഹകരിക്കേണ്ടതാണ്.

7.1.5 മേഖല- ഉപമേഖല തലത്തിലുള്ള ഏതെങ്കിലും ഫിഷറീസ് നിർവഹണ സംഘടനയിലോ സംവിധാനത്തിലോ അംഗമോ ഭാഗഭാക്കോ അല്ലെങ്കിൽ കൂടി, എല്ലാ രാജ്യങ്ങളും പ്രസക്ത മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലന-ത്തിനുമായി നിലവിലുള്ള രാജ്യാന്തര നിയമങ്ങൾക്കും ഉമ്പടികൾക്കും അനുഗുണമായി പൂർണ സഹകരണം നൽകേണ്ടതാണ്. അങ്ങനെ ചെയ്യുമ്പോൾ മേൽപ്പറഞ്ഞ സംഘടനകളും സംവിധാനങ്ങളും

അനുശാസിക്കുന്ന സംരക്ഷണ പരിപാലന നടപടികൾ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

7.1.6 മേഖല- ഉപമേഖല തലത്തിലുള്ള സംരക്ഷണ പരിപാലന സംഘടനകളുടെയും സംവിധാനങ്ങളുടെയും മീറ്റിങ്ങുകളിൽ, ഫിഷറീസുമായി ബന്ധപ്പെട്ട ഗവൺമെന്റ്-ഗവൺമെന്റേതര സംഘടനകളുടെ പ്രതിനിധികൾക്ക് നിരീക്ഷ-കരായോ മറ്റേതെങ്കിലും വിധത്തിലോ പങ്കെടുക്കാനുള്ള അവസരം തരപ്പെടുത്തേണ്ടതാണ്. ഇത് പ്രസ്തുത സംഘടന-കളുടെ നടപടിക്രമങ്ങളും വ്യവസ്ഥകളും പാലിച്ചു കൊണ്ടായിരിക്കണം. അങ്ങനെ പങ്കെടുക്കുന്നവർക്ക് മീറ്റിങ്ങി-നാവശ്യമായ രേഖകളും റിപ്പോർട്ട്കളും, നടപടിക്രമങ്ങൾക്കു അനുസൃതമായി, യഥാസമയം ലഭ്യ-മാക്കണം.

7.1.7 രാജ്യങ്ങൾ തങ്ങളുടെ കാര്യക്ഷമതയും കഴിവു-മനുസരിച്ച് ഫിഷറീസ് ചട്ടങ്ങളുടെയും സംവിധാന-ങ്ങളുടെയും മേൽനോട്ടം, ബന്തവസ്, നിയന്ത്രണം, നടപ്പാക്കൽ, എന്നിവയിലൂടെ സംരക്ഷണ-നിർവഹണ നടപടികളുടെ പാലനം ഉറപ്പു വരുത്തുന്നതിനുള്ള ഫലപ്രദമായ ഏർപ്പാടുകൾ ചെയ്യണം.

7.1.8 രാജ്യങ്ങൾ തങ്ങളുടെ മത്സ്യബന്ധന അധികശേഷി തടയാനോ ഇല്ലാതാക്കാനോ ഉള്ള നടപടികൾ സ്വീകരിക്കുകയും അതിലൂടെ മത്സ്യ ബന്ധന ശ്രമശക്തിയുടെ തോത് മത്സ്യസമ്പത്തിന്റെ സുസ്ഥിര ഉപയോഗത്തിനും സംരക്ഷണത്തിനും സാനുപാതികമാനെന്നു ഉറപ്പു വരുത്തണം.

7.1.9 രാജ്യങ്ങളും, മേഖല-ഉപമേഖലാ തലത്തിലുള്ള മത്സ്യനിർവഹണ സംഘടനാ സംവിധാനങ്ങളും, തങ്ങളുടെ സജ്ജീകരണങ്ങളിലും തീർപ്പുണ്ടാക്കൽ പ്രക്രിയയിലും സുതാര്യത ഉറപ്പാക്കണം.

7.1.10 രാജ്യങ്ങളും, മേൽപ്പറഞ്ഞ സംഘടനാ സംവി-ധാനങ്ങളും, തങ്ങളുടെ സംരക്ഷണ-പരിപാലന നടപടികൾക്ക് വേണ്ടത്ര പ്രചാരണം നൽകണം. അതിലൂടെ നിയമങ്ങൾ, നിയന്ത്രണങ്ങൾ, നിയമനിർവ്വഹണത്തിനുള്ള മറ്റു ചട്ടങ്ങൾ എന്നിവ ഫലപ്രദമായി വ്യാപനം ചെയ്യാൻ സാധിക്കും. ഇത്തരം പ്രവർത്തനങ്ങളുടെ

അടിസ്ഥാനവും ഉദ്ദേശവും മത്സ്യസമ്പത്തിന്റെ ഉപയോക്താക്കൾക്ക് വിശദീകരിച്ചു കൊടുത്താൽ അവയുടെ പ്രയോഗം സുഗമമാകുകയും നടപ്പാക്കലിൽ എല്ലാവരിൽ നിന്നും വർദ്ധിച്ച സഹകരണം ലഭിക്കുകയും ചെയ്യും.

## 7.2 നിർവ്വഹണ ലക്ഷ്യങ്ങൾ

7.2.1 സംരക്ഷണ-പരിപാലന പ്രവർത്തനങ്ങളുടെ പരമമായ ലക്ഷ്യം മത്സ്യസമ്പത്തിന്റെ ദീർഘകാല-സുസ്ഥിര ഉപയോഗ-മാണെന്നതിനാൽ, രാജ്യങ്ങളും മേഖല, ഉപമേഖലാ-തല ഫിഷറീസ് നിർവ്വഹണ സംഘടനകളും സംവിധാനങ്ങളും ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ നടപടികൾ, നിലവിലുള്ള ഏറ്റവും നല്ല ശാസ്ത്രീയ തത്വങ്ങളിലൂന്നി, 'പരമാവധി ഉത്പാദന സ്ഥിരത' (Maximum Sustainable Yield- MSY) സാദ്ധ്യമാകും വിധം, മത്സ്യശേഖരങ്ങളെ നിലനിർത്താനോ പുനസ്ഥാപിക്കാനോ ലക്ഷ്യം വച്ചുള്ളതായിരിക്കണം. പ്രസക്തമായ പാരി-സ്ഥിതിക, സാമൂഹിക ഘടകങ്ങളും വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങളും ഇക്കാര്യത്തിൽ പരിഗണി-ക്കേണ്ടതുണ്ട്.

7.2.2 മേൽപ്പറഞ്ഞ നടപടികളിൽ താഴെപ്പറയുന്നവ പ്രദാനം ചെയ്യണം:

a) മത്സ്യബന്ധനത്തിനുള്ള അധികശേഷി ഒഴിവാക്കി, മത്സ്യ ശേഖരങ്ങളുടെ ഉപയോഗം (Exploitation) അതിന്റെ സാമ്പത്തിക ക്ഷമത നിലനിർത്തുന്ന രീതിയിലാക്കുക,

b) ഉത്തരവാദ മത്സ്യബന്ധനം പ്രോത്സാഹിപ്പി-ക്കുന്നതിനനുകൂലമായ സാമ്പത്തിക സാഹചര്യം സൃഷ്ടി-ക്കുക,

c) ഉപജീവക, ചെറുകിട, പരമ്പരാഗത മത്സ്യബന്ധകരുടെ താത്പര്യങ്ങൾ കണക്കിലെടുക്കുക,

d) ജലപരിസരവും ആവാസ വ്യവസ്ഥയും പരിപാലിച്ച്, വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെ സംരക്ഷിക്കുക,

e) ശോഷിച്ച മത്സ്യശേഖരങ്ങളെ സ്വയം വർധിക്കാ-നനുവദിക്കുക, അല്ലെങ്കിൽ സാദ്ധ്യമായിടത്തെല്ലാം പുനഃസ്ഥാപിക്കാനുള്ള ഊർജ ശ്രമങ്ങൾ നടത്തുക,

f) ജലസമ്പത്തുകൾക്കു മേലുള്ള മനുഷ്യജന്യ പരിസ്ഥിതി ആഘാതങ്ങൾ വിലയിരുത്തി, ഉചിതമായ തിരുത്തൽ നടപടികൾ സ്വീകരിക്കുക

g) പ്രദൂഷണം, മാലിന്യങ്ങൾ, പാഴ്മത്സ്യങ്ങൾ, ഉപേക്ഷിക്കപ്പെട്ട വലകൾ, ഉന്നം വയ്ക്കാതെ പിടിക്കപ്പെടുന്ന മത്സ്യ-മത്സ്യേതര ജീവികൾ എന്നിവ മൂലം മത്സ്യസമ്പത്തി-നുണ്ടാകുന്ന ആഘാതം ലഘൂ കരിക്കപ്പെടൽ; (ഇതിനു സാദ്ധ്യമാകുന്നിടത്തെല്ലാം ലക്ഷ്യവേധവും, പരിസ്ഥിതിഭദ്രവും, ലാഭകരവുമായ മത്സ്യബന്ധനമുറകളും ഉപകരണങ്ങളും വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യാം).

7.2.3 ഒരു ആവാസ വ്യവസ്ഥയിലുള്ള ഉദ്ദിഷ്ട മത്സ്യശേഖരങ്ങളുടെയും മറ്റു മത്സ്യജനുസ്സുകളുടെയും മേൽ പരിസ്ഥിതി ഘടകങ്ങൾക്കുള്ള പ്രഭാവം വിലയിരുത്തേണ്ട ബാധ്യത രാജ്യങ്ങൾക്കുണ്ട്. അതോടൊപ്പം, അവയെ ആശ്രയിക്കുന്ന മറ്റു മത്സ്യങ്ങളുടെമേൽ പാരിസ്ഥിതിക ഘടകങ്ങൾ ചെലുത്തുന്ന പ്രഭാവവും വിവിധ ജൈവവർഗ്ഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധവും വിലയിരുത്തേണ്ടതുണ്ട്.

## 7.3 നിർവ്വഹണ സംവിധാനവും നടപടിക്രമങ്ങളും

7.3.1 ഫിഷറീസ് നിർവ്വഹണം ഫലപ്രദമാകണമെങ്കിൽ അത് മത്സ്യശേഖരത്തെയും അത് നിലനിൽക്കുന്ന ആവാസ-കേന്ദ്രങ്ങളെയും പൂർണമായ രൂപത്തിൽ ഉൾക്കൊള്ളു-ന്നതാകണം. പ്രദേശത്ത് നിലവിലുള്ളതും, മുൻകൂട്ടി തീരുമാനിക്കപ്പെട്ട്, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ നടപടികളുടെ വെളിച്ചത്തിൽ, പിടിക്കപ്പെടുന്ന മത്സ്യത്തിന്റെ തോത്, ജീവജാലങ്ങൾക്കിടയിലുള്ള സന്തുലിതാവസ്ഥ, മത്സ്യസഞ്ചയങ്ങളുടെ മറ്റു ജൈവസവിശേഷതകൾ എന്നിവയും കണക്കിലെടുക്കണം. മത്സ്യങ്ങളുടെ ആവാ-സമേഖല,

അവയു ടെ ദേശാടനപാതകൾ എന്നിവ, നിലവിലുള്ള ഏറ്റവും മികച്ച ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ, നിർണയിക്കപ്പെടണം.

7.3.2 ഒന്നിലധികം രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മത്സ്യശേഖരങ്ങൾ, കുടിയേറ്റ-ദേശാടന സ്വഭാവമുള്ള മത്സ്യങ്ങൾ, പുറംകടൽ മത്സ്യങ്ങൾ എന്നിവയുടെ സമഗ്ര സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ നടപടികൾ ബന്ധപെട്ട രാജ്യങ്ങളുടെ ശേഷിക്കനുസരിച്ചോ അല്ലെങ്കിൽ നിലവിലുള്ള മേഖല, ഉപമേഖലാ-തല രാജ്യാന്തര സംഘടന-സംവിധാനങ്ങളുമായി കൂട്ടുചേർന്നോ ആകാം. എന്നാൽ, ഈ കൂട്ടായ്മ സാധിക്കേണ്ടത് ബന്ധപ്പെട്ട രാജ്യങ്ങളുടെ താത്പര്യങ്ങൾ, അധികാരം, ശേഷി, എന്നിവയുടെ പരിധിക്കുള്ളിൽ നിന്നു കൊണ്ടായിരിക്കണം.

7.3.3 ദീർഘകാല ലക്ഷ്യങ്ങൾ നിറവേറ്റുന്നത്, ഫിഷറീസ് നിർവ്വഹണ പദ്ധതിയുടെ ചട്ടക്കൂടിനുള്ളിൽ നിന്ന് കൊണ്ടു ആവിഷ്ക്കരിക്കുന്ന കർമ്മ പരിപാടികളിലൂടെ ആകണം.

7.3.4 ഫിഷറീസ് സംബധിച്ച എല്ലാ കാര്യങ്ങളിലും രാജ്യാന്തര സഹകരണം, ഏകോപനം എന്നിവ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യാൻ രാജ്യങ്ങളും, വേണ്ടിടത്ത് മേഖല, ഉപമേഖലാ-തല രാജ്യാന്തര സംഘടന- സംവിധാനങ്ങളും ഉത്സാഹിക്കണം. ഇതിൽ, വിവര ശേഖരണവും കൈമാറ്റവും, മത്സ്യഗവേഷണം ഫിഷറീസ് നിർവ്വഹണം, വികസനം എന്നിവയും ഉൾപ്പെടും.

7.3.5 രാജ്യങ്ങൾ, മത്സ്യമേഖലയുമായി ബന്ധമില്ലാത്ത സംഘടനകൾ വഴി വികസന നടപടികൾ എടുക്കാൻ ആഗ്രഹിക്കുമ്പോൾ, ആ നടപടികൾ, ബന്ധപ്പെട്ട ഏതെങ്കിലും മേഖല, ഉപമേഖലാ-തല രാജ്യാന്തര സംഘടന- സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള മത്സ്യപരിപാലന-സംരക്ഷണ നടപടികളെ ബാധിക്കുമെങ്കിൽ, രണ്ടാമതു പറഞ്ഞ സംഘടനകളുമായി മുൻകൂട്ടി കൂടിയലോചനകൾ നടത്താനും അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കാനും കഴിയുന്നത്ര ശ്രമിക്കണം.

## 7.4 വിവരശേഖരണവും മേൽനോട്ട ഉപദേശവും

7.4.1 നിർവ്വഹണ പരിപാലന നടപടികൾ സ്വീകരിക്കുമ്പോൾ, അവ നിലവിലുള്ള ഏറ്റവും മികച്ച ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിലായിരിക്കണം. ഇതിലൂടെ മത്സ്യ സമ്പത്തുകളുടെ അവസ്ഥ വില-യിരുത്താനും, അവയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള ആഘാതം ഉണ്ടെങ്കിൽ അതിനുള്ള പ്രതിവിധി തേടാനും സാധിക്കും.

7.4.2 മത്സ്യസമ്പത്തുകൾ, അവയുടെ സംരക്ഷണം, പരി-പാലനം, അവയ്ക്കുമേൽ കാലാവസ്ഥ, പരിസ്ഥിതി എന്നിവയ്ക്കുള്ള പ്രഭാവം, സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ, മുതലായ വിഷയങ്ങളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കണം. ഈ ഗവേഷണങ്ങളുടെ ഫലങ്ങൾ യഥാസമയം അതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുകയും വേണം.

7.4.3 പരിപാലന സംവിധാനങ്ങൾ യുക്തിഭദ്രമാക്കാനും, പ്രത്യേകിച്ച് അധികശേഷി, അധിക ശ്രമശക്തി എന്നിവയുടെ നിയന്ത്രണം സാദ്ധ്യമാക്കാനും ഉദ്ദേശിച്ചുള്ള ബദൽ നിർവഹണ സാദ്ധ്യതകൾ (Options) ആരായുമ്പോൾ അവയുടെ ലാഭാനുമാന (Cost benefit impact) പഠനങ്ങൾ പ്രോത്സാഹിപ്പിക്കണം.

7.4.4 മത്സ്യോത്പാദനം, ശ്രമശക്തി എന്നിവയെക്കുറിച്ചുള്ള പൂർണവും ആധികാരികവുമായ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതു രാജ്യങ്ങളുടെ ഉത്തരവാദിത്വമാണ്. ഇത് സാംഖിക വിശകലനങ്ങൾ സാദ്ധ്യമാകും വിധം, വിശദമായും പ്രയോഗക്ഷമമായ രാജ്യാന്തര നിലവാരത്തിനും രീതികൾക്കും അനുസൃതമായും ചെയ്യേണ്ടതാണ്. ഈ അടിസ്ഥാന വിവരങ്ങൾ (Data) ഉചിതമായ സംവിധാനങ്ങളിലൂടെ, പതിവായി പുതുക്കുകയും പരിശോധിക്കുകയും വേണം. രാജ്യങ്ങൾ, ഈ രേഖകൾ സമാഹരിച്ച്, വേണ്ടത്ര സുരക്ഷാ സംവിധാനം ഉറപ്പുവരുത്തിക്കൊണ്ട് വേണ്ടപ്പെട്ടവർക്ക് എത്തിച്ചു കൊടുക്കണം.

7.4.5 സുസ്ഥിര മത്സ്യബന്ധന നിർവ്വഹണം ഉറപ്പാക്കാനും സാമ്പത്തിക സാമൂഹിക ലക്ഷ്യങ്ങളിൽ എത്തിച്ചേരുവാനും,

മത്സ്യമേഖലയെ സംബന്ധിച്ച സാമൂഹിക, സാമ്പത്തിക, സ്ഥാപന തലങ്ങളിലുള്ള മതിയായ അറിവ് അനിവാര്യമാണ്. വിവരശേഖരണം, വിശകലനം, ഗവേഷണം എന്നിവയിലൂടെ മാത്രമേ ഇത് നേടാനാകൂ.

7.4.6 മേഖല, ഉപമേഖലാ-തല രാജ്യാന്തര സംഘടന-സംവിധാനങ്ങളുടെ പരിധിയിൽ വരുന്ന ഇടങ്ങളിൽ, മത്സ്യശേഖരങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ രേഖകളും അനുബന്ധ വിവരങ്ങളും, രാജ്യാന്തര തലത്തിൽ അംഗീകരി-ക്കപ്പെട്ടിട്ടുള്ള രൂപഘടനയിൽ സമാഹരിച്ച് ആ സംഘടനകൾക്കോ സംവിധാനങ്ങൾക്കോ സമയോചിതമായി നൽകേണ്ട ചുമതല ബന്ധപ്പെട്ട രാജ്യങ്ങൾക്കുണ്ട്. മത്സ്യസഞ്ചയങ്ങൾ ഒന്നിലധികം രാജ്യത്തിന്റെ അധികാരപരിധിക്കുള്ളിൽ സ്ഥിതി ചെയ്യുകയും അവിടെ രാജ്യാന്തര സംഘടനയോ സംവിധാനമോ ഇല്ലാതിരിക്കുകയും ചെയ്താൽ ബന്ധപ്പെട്ട രാജ്യങ്ങൾ പരസ്പരം സഹകരിച്ച് വിവരങ്ങൾ ശേഖരിക്കുവാനും സമാഹരിക്കുവന്നും ഉള്ള ഒരു സംവിധാനം ഉണ്ടാക്കേണ്ടതാണ്.

7.4.7 മേഖല, ഉപമേഖലാ-തല രാജ്യാന്തര സംഘടന-സംവിധാനങ്ങൾ സമാഹരിക്കുന്ന വിവരങ്ങൾ, അവയുടെ ആവശ്യമായ രഹസ്യസ്വഭാവം നില നിർത്തിക്കൊണ്ട് തന്നെ സംഘടനാംഗങ്ങൾക്കും മറ്റു ബന്ധപ്പെട്ട കക്ഷികൾക്കും യഥാസമയം, നിർദ്ദിഷ്ട രൂപത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നത് നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാ- യിരിക്കണം.

## 7.5 മുൻകരുതൽ സമീപനം

7.5.1 ജലപരിസ്ഥിതി സംരക്ഷണത്തിനും പരിപാലനത്തിനും അനിവാര്യമായതിനാൽ, ജലജൈവസമ്പത്തുകളുടെ സമാ-ഹാരവും പരിപാലനവും നടത്തുന്ന കാര്യത്തിൽ മുൻകരുതൽ സമീപനം രാജ്യങ്ങൾ വ്യാപകമായി ഉപയോഗിക്കേണ്ട ഒന്നാണ്. ആവശ്യമായ ശാസ്ത്രീയ വിവരങ്ങൾ ലഭ്യമല്ല എന്ന കാരണത്താൽ സംരക്ഷണ പരിപാലന നടപടികൾ നീട്ടിവയ്ക്കുവാനോ ഉപേക്ഷി-ക്കുവാനോ പാടില്ല.

7.5.2 മുൻകരുതൽ സമീപനം നടപ്പിലാക്കുമ്പോൾ കണക്കിലെടുക്കേണ്ട കാര്യങ്ങളിൽ പ്രധാനപ്പെട്ടവ മത്സ്യശേഖരങ്ങളുടെ വ്യാപ്തി, ഉത്പ്പാദനക്ഷമത, സ്വഭാവം, മത്സ്യബന്ധനത്തിലൂടെയുള്ള മത്സ്യനഷ്ടം, മത്സ്യബന്ധനം മൂലമുണ്ടാകുന്ന ആഘാതം, ഉപേക്ഷിക്കപ്പെടുന്ന മത്സ്യങ്ങൾ, ഉന്നം വയ്ക്കാതെ യദൃശ്ചയാ പിടിക്കപ്പെടുന്ന മത്സ്യങ്ങൾ, അനുബന്ധ ആശ്രിത ജീവജാലങ്ങൾ എന്നീ വിഷയങ്ങളിലുള്ള അനിശ്ചിതത്വവും, കൂടാതെ പാരിസ്ഥിതിക സമൂഹിക സാമ്പത്തിക ഘടകങ്ങളുടെ പ്രഭാവവുമാണ്.

7.5.3 രാജ്യങ്ങളും, മേഖല, ഉപമേഖലാ-തല രാജ്യാന്തര സംഘടന-സംവിധാനങ്ങളും, ലഭ്യമായ ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ നിർണ്ണയിക്കേണ്ടതാണ്.

a) പിടിക്കാവുന്ന മത്സ്യഇനങ്ങളെ തീരുമാനിക്കാനും, ആ തീരുമാനം ലംഘിച്ചാലുള്ള നടപടികളും,

b) നിർദ്ദിഷ്ട മത്സ്യ ഇനങ്ങളുടെ സംഭരണത്തിനുള്ള പരിധിയും ആ പരിധിയോടടുക്കുമ്പോൾ, അത് മറികടക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികളും.

7.5.4 പുതിയ മത്സ്യബന്ധന മേഖലകളുടെ കാര്യത്തിൽ രാജ്യങ്ങൾ മുൻകരുതലോടെയുള്ള പരിപാലന-നിർവഹണ നടപടികളാണ് സ്വീകരിക്കേണ്ടത്. ഇതിൽ, പിടിക്കുന്ന മത്സ്യത്തിന്റെയും നിയോഗിക്കുന്ന ശ്രമശക്തിയുടെയും പരിധികൾ ഉൾപ്പെടുത്തണം. ഈ നടപടികൾ, മത്സ്യബന്ധനം മത്സ്യശേഖരങ്ങളുടെ ദീർഘകാല സുസ്ഥിരതയ്ക്ക് മേൽ ഉണ്ടാക്കാവുന്ന പ്രഭാവം വിലയിരുത്താൻ ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ലഭ്യമാകുന്നതു വരെ തുടരേണ്ടതാണ്, ഈ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലാകണം ഭാവി സംരക്ഷണ-പരിപാലന നടപടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടത്. മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ചതിനു ശേഷം, ഉചിതമെന്ന് കണ്ടാൽ അനുക്രമമായി മത്സ്യബന്ധനം വികസിപ്പിക്കാവുന്നതാണ്.

7.5.5 ഏതെങ്കിലും പ്രകൃതിദത്ത പ്രതിഭാസം മൂലം ജലജൈവ സമ്പത്തുകൾക്ക് കോട്ടം തട്ടിയാൽ, രാജ്യങ്ങൾ അടിയന്തിരമായി സംരക്ഷണ പരിപാലന നടപടികൾ കൈക്കൊള്ളുകയും മത്സ്യബന്ധനം മൂലം പ്രശ്നങ്ങൾ കൂടുതൽ വഷളാകുന്നില്ലെന്നു ഉറപ്പു വരുത്തുകയും വേണം. മത്സ്യബന്ധനം സമ്പത്തിന്റെ സുസ്ഥിരതയ്ക്ക് ഗുരുതരമായ ഭീഷണി ഉയർത്തുന്ന സാഹചര്യത്തിലും രാജ്യങ്ങൾ സത്വര നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. എന്നാൽ, ഇത്തരം അടിയന്തിര നടപടികൾ താൽക്കാലികവും ഏറ്റവും നല്ല ശാസ്ത്രീയ ഉപദേശങ്ങളെ അടിസ്ഥാനമാക്കി-യുള്ളതുമായിരിക്കണം.

## 7.6 നിർവ്വഹണ നടപടികൾ

7.6.1 അനുവദിച്ചിട്ടുള്ള മത്സ്യബന്ധന നിരക്ക്, നിലവിലുള്ള വിഭവ സമ്പത്തിന്റെ അളവിനനുപാതമായിട്ടാണെന്നു രാജ്യങ്ങൾ ഉറപ്പു വരുത്തണം.

7.6.2 തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങിൽ യാനങ്ങൾ അനധികൃതമായി മത്സ്യബന്ധനം നടത്തുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതു അതാതു രാജ്യങ്ങളുടെ കടമയാണ്. എന്നാൽ ഇത് നടപ്പിലാക്കേണ്ടത് രാജ്യാന്തര പുറംകടൽ നിയമങ്ങൾക്കും (Law of the High Seas) സ്വന്തം നാട്ടിലെ നിയമങ്ങൾക്കും അനുസൃതമായിട്ടായിരിക്കണം.

7.6.3 മത്സ്യബന്ധന അധികശേഷി നിലവിലുള്ളിടത്ത് അത്, സുസ്ഥിര ഉപയോഗത്തിൻ അനുയോജ്യമാം വിധം കുറച്ചു കൊണ്ടു വന്ന്, ഉത്തരവാദ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കാനുതകുന്ന ഒരു സാമ്പത്തിക സാഹചര്യം സൃഷ്ടിക്കണം. അധികശേഷി നിയന്ത്രിക്കാനുള്ള നിരന്തര മേൽനോട്ടം ഈ നടപടികളുടെ ഭാഗമാകുകയും വേണം.

7.6.4 നിലവിലുള്ള മത്സ്യബന്ധന രീതികളും ഉപകരണങ്ങളും പരിശോധിച്ച ശേഷം അവയിൽ ഉത്തരവാദ മത്സ്യബന്ധനത്തിനു അനുയോജ്യമാല്ലാത്തവ ഘട്ടം ഘട്ടമായി ഉപേക്ഷിച്ചു, സ്വീകാര്യമായ ബദൽ സംവിധാനങ്ങളിലൂടെ പുനഃസ്ഥാപിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ മത്സ്യബന്ധക സമൂഹത്തിന്മേൽ അതുണ്ടാക്കാവുന്ന

ആഘാ-തവും മത്സ്യവിഭവങ്ങൾ സമാഹരിക്കാനുള്ള അവരുടെ കഴിവും പരിഗണിക്കണം.

7.6.5 മത്സ്യബന്ധനം ക്രമീകരിച്ച്, അതിലൂടെ വിവിധ ഉപയോക്താക്കൾ (ഉദാഃ വിവിധതരം യാനങ്ങൾ, വലകൾ, ബന്ധന രീതികൾ എന്നിവ ഉപയോഗിക്കുന്നവർ) തമ്മിലുള്ള സംഘർഷ സാദ്ധ്യത ഒഴിവാക്കേണ്ട ചുമതല രാജ്യങ്ങൾക്കും, ഫിഷറീസ് നിർവഹണ സംഘടന-സംവിധാനങ്ങൾക്കുമുണ്ട്.

7.6.6 മത്സ്യസമ്പത്തിന്റെ ഉപയോഗം, സംരക്ഷണം, പരിപാലനം എന്നിവയെ സംബധിച്ച് തീരുമാനങ്ങ-ളെടുക്കുമ്പോൾ, മത്സ്യമേഖലയെ ആശ്രയിച്ചു ഉപജീവനം ചെയ്യുന്ന തദ്ദേശീയരുടെ പരമ്പരാഗത രീതികളും, ആവശ്യങ്ങളും, താൽപ്പര്യങ്ങളും കണക്കിലെടുക്കണം. ഈ തീരുമാനങ്ങൾ സമുചിതമായി, ദേശീയ നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിധിക്കുള്ളിൽ നിന്ന് എടുക്കേണ്ടതാണ്.

7.6.7 സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള ബദൽ നടപടികൾ വിലയിരുത്തുമ്പോൾ അതിന്റെ ലാഭക്ഷമത, സാമൂഹിക സ്വാധീനം എന്നിവ പരിഗണിക്കണം .

7.6.8 സംരക്ഷണ-പരിപാലന നടപടികളുടെ കാര്യക്ഷമതയും അവയുടെ പരസ്പര ബന്ധങ്ങളും തുടർച്ചയായ പുനഃപരി-ശോധനക്കു വിധേയമാക്കുകയും അതിലൂടെ ലഭിക്കുന്ന പുതിയ അറിവുകളുടെ വെളിച്ചത്തിൽ അവയെ പുനരാവിഷ്ക്കരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യണം.

7.6.9 അബദ്ധത്തിൽ പിടിക്കപ്പെടുന്ന പാഴ്മീനുകളും മത്സ്യ-മത്സ്യേതര ജീവികളും, ഉപേക്ഷിക്കപ്പെട്ട വലകളിൽ കുരുങ്ങി നഷ്ടമാകുന്ന മത്സ്യങ്ങൾ, മത്സ്യബന്ധനം മറ്റു അനുബന്ധജീവജാലങ്ങളിൽ (പ്രത്യേകിച്ചു വംശനാശ ഭീഷണി നേരിടുന്ന ജനുസ്സുകളിൽ) ഉണ്ടാക്കുന്ന പ്രതികൂല ഫലങ്ങൾ എന്നിവ ലഘൂകരിക്കാൻ രാജ്യങ്ങൾ ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവയിൽ പിടിക്കാവുന്ന മത്സ്യത്തിന്റെ വലിപ്പം, അനുവദനീയമായ വലകളുടെയും വലക്കണ്ണി-കളുടെയും വലിപ്പം, കടലിൽ

ഉപേക്ഷിക്കുന്ന തിരിവ് മത്സ്യം, മത്സ്യബന്ധന നിരോധിത കാലം, മേഖല എന്നിവ, പ്രത്യേകതരം മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യബന്ധകർക്കായി നീക്കിവച്ചിരിക്കുന്ന ഇടങ്ങൾ എന്നിവ മേലുള്ള സാങ്കേതിക നടപടികൾ ആവശ്യാനുസരണം ഉൾപ്പെടുത്തണം. കൂടാതെ മീൻകുഞ്ഞുങ്ങളെയും മുട്ടയുള്ള തള്ളമീനുകളെയും സംരക്ഷിക്കുന്ന നടപടികൾ ഉചിതമായ സ്ഥലങ്ങളിൽ സ്വീകരിക്കണം. രാജ്യങ്ങളും മേഖല- ഉപമേഖലാതല രാജ്യാന്തര സംഘടനകളും സംവിധാനങ്ങളും ആവുന്നത്ര പ്രോത്സാഹിപ്പിക്കേണ്ടത് ലക്ഷ്യബന്ധിതവും, പരിസ്ഥിതിസുരക്ഷ ഉറപ്പാക്കുന്നതും, ലാഭദായകുവുമായ മത്സ്യബന്ധന സങ്കേതങ്ങളായിരിക്കണം.

7.6.10 ശോഷണത്തിനു വിധേയമായ അഥവാ ശോഷണ-സാദ്ധ്യതയുള്ള സമ്പത്തുകളുടെ സുസ്ഥിര പുനഃസ്ഥാപനം സാദ്ധ്യമാക്കാൻ, രാജ്യങ്ങളും മേഖല-ഉപമേഖലാ തല രാജ്യാന്തര സംഘടനകളും സംവിധാനങ്ങളും അവയുടെ കഴിവിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊള്ളണം. മേല്പ്പറഞ്ഞ സമ്പത്തുകളുടെ സുസ്ഥിതിക്ക് നിർണ്ണായകമായ മറ്റു ആവാസസ്ഥാനങ്ങൾ, മത്സ്യബന്ധനം മൂലമോ മറ്റു മനുഷ്യജന്യ കാരണങ്ങളാലോ ഹനിക്കപ്പെട്ടാൽ അവയുടെ വീണ്ടെടുപ്പ് ഉറപ്പാക്കണം.

## 7.7 നടപ്പാക്കൽ

7.7.1 ഫിഷറീസ് നിർവ്വഹണത്തിനും പരിപാലനത്തിനുമായി, സ്ഥാനീയ അഥവാ ദേശീയ തലത്തിൽ, ഉചിതവും കാര്യക്ഷമവുമായ ഒരു നിയമ-ഭരണ ചട്ടക്കൂട് സ്ഥാപി-ക്കേണ്ടതാണ്.

7.7.2 രാജ്യങ്ങൾ നിർമിക്കുന്ന നിയമ-നിയന്ത്രണ സംവിധാനങ്ങളിൽ, നിയമലംഘനങ്ങൾക്ക് ഫലപ്രദവും ഉചിതവുമായ ശിക്ഷ ലഭിക്കുന്നു എന്നുറപ്പ് വരുത്തണം. സംരക്ഷണ പരിപാലന നടപടികൾ പാലിക്കാത്തവർക്ക് ലഭിക്കുന്ന ശിക്ഷയിൽ മത്സ്യബന്ധനത്തിനുള്ള അനുമതി തടഞ്ഞു വയ്ക്കലോ, നിഷേധിക്കലോ, പിൻലിക്കലോ ആകാം.

7.7.3 രാജ്യങ്ങൾ അവരുടെ ദേശീയ നിയമ-ങ്ങൾക്കനുസൃതമായി മത്സ്യ ബന്ധനത്തിന്മേൽ മേൽനോട്ടം, നിയന്ത്രണം, ബന്തവസ്, നിയമനിർവ്വഹണം എന്നിവ നടപ്പിലാക്കണം. ഇതിൽ നിരീക്ഷണ പരിപാടികൾ, പരിശോധനാ പദ്ധതി, യാനങ്ങളുടെ മേൽനോട്ടം എന്നിവ ഉൾപ്പെടും. ഈ നടപടികൾ, മേഖല-ഉപമേഖലാ തല രാജ്യാന്തര സംഘടനകളും സംവിധാനങ്ങളും, അവയുടെ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട്, ഉചിതമായിടത്ത് പ്രോത്സാഹിപ്പിക്കുകയോ അഥവാ നടപ്പിൽ വരുത്തുകയോ ചെയ്യേണ്ടതാണ്.

7.7.4 രാജ്യങ്ങളും, മേഖല-ഉപമേഖലാ തല രാജ്യാന്തര സംഘടനകളും സംവിധാനങ്ങളും അവയുടെ പ്രവർത്തനങ്ങൾക്കുള്ള ധനസ്രോതസുകളെക്കുറിച്ച് ഉചിതമായ ഒരു പരസ്പര ധാരണയിലെത്തേണ്ടതുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ, മറ്റു കാര്യങ്ങളോടൊപ്പം, മത്സ്യ സമ്പത്തുകളിൽ നിന്ന് ലഭിക്കുന്ന നേട്ടങ്ങളും, സാമ്പത്തികമോ അല്ലാതെയോ ഉള്ള സംഭാവന നൽകാനുള്ള രാജ്യങ്ങളുടെ സാമ്പത്തിക ശേഷിയും കണക്കിലെടുക്കണം. ഉചിതവും സാദ്ധ്യവുമായ സന്ദർഭങ്ങളിൽ, മേൽപ്പറഞ്ഞ സംഘടനകളും സംവിധാനങ്ങളും മത്സ്യ സംരക്ഷണത്തിനും പരിപാലനത്തിനും ഗവേഷണത്തിനും ചെലവാക്കുന്ന തുക തിരിച്ചു പിടിക്കാൻ ശ്രമിക്കേണ്ടതാണ്.

7.7.5 മേഖല-ഉപമേഖലാ തല രാജ്യാന്തര സംഘടന-സംവിധാനങ്ങളിൽ അംഗമോ ഭാഗഭാക്കോ ആയ രാജ്യങ്ങൾ, മറ്റു രാജ്യങ്ങളുടെ പതാകയേന്തുന്ന യാനങ്ങൾ നടത്തുന്ന, സംരക്ഷ്ണ-പരിപാലന വിരുദ്ധ നടപടികൾക്കെതിരെ, മേൽപ്പറഞ്ഞ സംഘടനകൾ സ്വീകരിച്ചിട്ടുള്ള, രാജ്യാന്തര അംഗീകാരമുള്ള നടപടികൾ, രാജ്യാന്തര നിയമങ്ങൾക്ക-നുസൃതമായി നടപ്പിലാക്കേണ്ടതാണ്.

## 7.8 സാമ്പത്തിക സ്ഥാപനങ്ങൾ

7.8.1 മത്സ്യബന്ധനയാനങ്ങൾക്കു നിയമപരമായ ഉടമസ്ഥാ-വകാശം സ്ഥാപിതമായിട്ടുള്ള രാജ്യങ്ങൾക്ക് പുറത്ത് അവയെ പണയം വയ്ക്കാൻ സാധിക്കാത്ത സംവിധാനം ഉണ്ടാക്കാൻ ബാങ്കുകളെയും മറ്റു ധനകാര്യ സ്ഥാപനങ്ങളെയും രാജ്യങ്ങൾ പ്രോത്സാഹിപ്പിക്കണം.

എന്നാൽ ഇത് പ്രസക്തമായ എതെങ്കിലും രാജ്യാന്തര കരാറുകൾക്ക് മുൻവിധിയാകരുത്.

## വകുപ്പ് 8 മത്സ്യബന്ധന പ്രക്രിയകൾ

### 8.1 എല്ലാ രാജ്യങ്ങൾക്കുമുള്ള ചുമതലകൾ

8.1.1 തങ്ങളുടെ അധികാര പരിധിയിലുള്ള ജലാ-ശയങ്ങളിൽ/സമുദ്രത്തിൽ അനുവദിച്ചിട്ടുള്ള മത്സ്യബന്ധന രീതികൾ മാത്രമേ പ്രയോഗിക്കുന്നുള്ളൂ എന്നും അവ ഉത്തരവാദിത്വപരമായ രീതിയിൽ നടത്തുന്നുവെന്നും ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം എല്ലാ രാജ്യങ്ങൾക്കുണ്ട്.

8.1.2 മത്സ്യബന്ധനത്തിനായി തങ്ങൾ നൽകുന്ന അനുമതിപത്രങ്ങളെക്കുറിച്ചുള്ള കൃത്യമായ രേഖകൾ യഥാസമയം പുതുക്കി സൂക്ഷിക്കേണ്ട ചുമതല എല്ലാ രാജ്യങ്ങൾക്കുമുണ്ട്.

8.1.3 രാജ്യങ്ങൾ, തങ്ങൾ അനുവദിച്ചിട്ടുള്ള എല്ലാ മത്സ്യബന്ധന രീതികളെയും കുറിച്ചുള്ള കൃത്യമായ സ്ഥിതിവിവര കണക്കുകൾ യഥാസമയം പുതുക്കി സൂക്ഷിക്കണം. ഇത് രാജ്യാന്തര തലത്തിൽ അംഗീകരിച്ചിട്ടുള്ള നിലവാരത്തിനും രീതികൾക്കും അനുസൃത-മായിരിക്കണം.

8.1.4 തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട ജലാശയങ്ങൾക്ക് പുറത്ത്, ഫിഷറീസ് നിർവഹണത്തിലും മറ്റു അനുബന്ധ പ്രവർത്തികൾക്കും ബാധകമായ നിർദ്ദേശങ്ങളുടെ പാലനം നിരീക്ഷിക്കുന്നതിനും അവയുടെ മേൽനോട്ടം, നിയന്ത്രണം, ബന്തവസ് എന്നിവയ്ക്ക് വേണ്ടിയും ഉള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ രാജ്യങ്ങൾ സഹകരിക്കണം. ഇത് രാജ്യാന്തര നിയമങ്ങളനുസരിച്ചും, മേഖല-ഉപമേഖലാ തല രാജ്യാന്തര സംഘടന-സംവിധാന-ങ്ങളുടെ ചട്ടക്കൂടിൽ നിന്നുകൊണ്ടും ആയിരിക്കണം.

8.1.5 മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ-വരുടെയും ആരോഗ്യ-സുരക്ഷാ നിലവാരം ഉറപ്പാ-ക്കേണ്ടത് രാജ്യങ്ങളുടെ

കടമയാണ്. ഇവ രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സേവന വ്യവസ്ഥകളുടെ നിലവാരത്തിനോപ്പമുള്ളതാവണം.

8.1.6 രാജ്യങ്ങൾ ഒറ്റയ്ക്കോ, മറ്റു രാജ്യങ്ങളോട് ചേർന്നോ, അല്ലെങ്കിൽ ബന്ധപ്പെട്ട ഏതെങ്കിലും രാജ്യാന്തര സംഘടനയിലൂടെയോ, തങ്ങളുടെ മത്സ്യബന്ധന പ്രക്രിയകൾ സാമുദ്രിക തിരച്ചിൽ-രക്ഷാ സംവിധാനത്തിന്റെ അവിഭാജ്യ ഘടകമാക്കണം.

8.1.7 ഉചിതമായ വിദ്യാഭ്യാസ പരിശീലന പരിപാടി-കളിലൂടെ മത്സ്യബന്ധകരുടെ വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യം, സാങ്കേതിക യോഗ്യത (വേണ്ടിടത്ത്) എന്നിവ വർദ്ധിപ്പിക്കാനുള്ള ചുമതല രാജ്യങ്ങൾക്കുണ്ട്. ഇവ നടപ്പാക്കുമ്പോൾ രാജ്യാന്തര തലത്തിൽ അംഗീകരി-ക്കപ്പെട്ടിട്ടുള്ള നിലവാരവും മാർഗ്ഗരേഖയും കണക്കി-ലെടുക്കണം.

8.1.8 രാജ്യങ്ങൾ തങ്ങളുടെ ദേശീയ നിയമങ്ങൾക്ക-നുസൃതമായി മത്സ്യബന്ധകരേക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ഉചിതമായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. ഇതിൽ അവരുടെ ജോലി, യോഗ്യത, തൊഴിലിലെ പ്രാവീണ്യം, സർട്ടിഫിക്കറ്റുകൾ, എന്നിവയുൾപ്പെടണം.

8.1.9 മത്സ്യ ബന്ധനയാനങ്ങളിലെ മാസ്റ്റർമാരോ മറ്റു ഉദ്യോഗസ്ഥരോ കുറ്റക്കാരാണെന്നു കണ്ടാൽ, അവർക്ക് ലഭിക്കുന്ന ശിക്ഷയിൽ ഉദ്യോഗത്തിൽ തുടരാനുള്ള അനുമതി തടഞ്ഞുവയ്ക്കൽ/റദ്ദാക്കൽ എന്നിവയുമുൾപ്പെട്ടിട്ടുണ്ടെന്നു രാജ്യങ്ങൾ ഉറപ്പു വരുത്തണം.

8.1.10 മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ഈ സംഹിതയിലെ പ്രധാന ഭാഗങ്ങൾ ലഭ്യമാക്കാനും, ഉത്തരവാദ മത്സ്യബന്ധനം ഉറപ്പു വരുത്തുവാനാവശ്യമായ പാരിസ്ഥിതിക നിലവാരങ്ങളെയും, അതുമായി ബന്ധപ്പെട്ട പ്രധാന രാജ്യാന്തര നിയമങ്ങളെയും കീഴ്‌വഴക്കങ്ങളെയും കുറിച്ചു അവരെ ബോധവൽക്കരിക്കാനും രാജ്യങ്ങൾ ശ്രമിക്കണം. ഇത്, ബന്ധപ്പെട്ട രാജ്യാന്തര സംഘടനകളുടെ സഹായത്തോടെ, ഉചിതമായ വിദ്യാഭ്യാസ- പരിശീലന പരിപാടികളിലൂടെ സാധിക്കാവുന്നതാണ്.

## 8.2 ധ്വജ രാഷ്ട്രങ്ങളുടെ ചുമതലകൾ

8.2.1 ധ്വജരാഷ്ട്രങ്ങൾ, സ്വപതാക വഹിക്കുന്ന യാനങ്ങൾക്കു മത്സ്യ ബന്ധനത്തിനു അനുമതി നൽകുമ്പോൾ, യാനങ്ങളുടെ ഉടമസ്ഥർ, മത്സ്യബന്ധനത്തിനുള്ള അനുമതി എന്നിവ-യുൾപ്പെടെ വിശദ വിവരങ്ങൾ അടങ്ങിയ രേഖകൾ സൂക്ഷിക്കണം.

8.2.2 ആഴക്കടലിലും, തങ്ങളുടെ അധികാര പരിധിക്കു പുറത്തു മറ്റെവിടെയും, തങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ, ആധികാരികമായ അനുമതി പത്രമോ ഇല്ലാതെ ഒരു യാനവും സ്വന്തം പതാകകൾ പറപ്പിച്ചു മത്സ്യബന്ധനം നടത്തുന്നില്ലെന്ന് ധ്വജരാഷ്ട്രങ്ങൾ ഉറപ്പു വരുത്തണം. പ്രസ്തുത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അനുമതിപത്രം എന്നിവ യാനങ്ങളിൽ എപ്പോഴും സൂക്ഷിച്ചിരിക്കണം.

8.2.3 ആഴക്കടലിലോ, അഥവാ ധ്വജരാഷ്ട്രങ്ങൾക്ക് പുറത്ത്- മറ്റു രാജ്യങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന സ്ഥലത്തോ, മത്സ്യബന്ധനം നടത്താൻ അനുമതി ലഭിച്ചിട്ടുള്ള മത്സ്യബന്ധന യാനങ്ങളെ തിരിച്ചറിയലിനായി അടയാള-പ്പെടുത്തേണ്ടതുണ്ട്. ഈ അടയാളപ്പെടുത്തൽ, ഏകീകൃത സ്വഭാവമുള്ള, രാജ്യന്തരനിലവാരത്തിലുള്ള യാന-അടയാള തിരിച്ചറിയൽ സമ്പ്രദായം അനുസരിച്ചായിരിക്കണം. ഉദാഹരണം: ഭക്ഷ്യ കാർഷിക സംഘടനയുടെ ഏകീകൃത യാന-അടയാള സംവിധാന മാർഗ്ഗരേഖ. (FAO standard specification and guidelines for marking and identification of fishing vessels)

8.2.4 മത്സ്യബന്ധന ഉപകരണങ്ങൾ (വലകൾ) അടയാള-പ്പെടുത്തുമ്പോൾ, ഉടമയെ എളുപ്പത്തിൽ തിരിച്ചറിയാനാകും വിധം, ദേശീയ നിയമങ്ങൾ പാലിച്ചു കൊണ്ടായിരിക്കണം. വല തിരിച്ചറിയൽ അടയാള രീതികൾ സ്വീകരിക്കുമ്പോൾ അവയുടെ ഏകീകൃത സ്വഭാവവും, രാജ്യാന്തര തലത്തിൽ തിരിച്ചറിയൽ സാദ്ധ്യമാകുന്ന വല അടയാള സമ്പ്രദായങ്ങളും കണക്കിലെടുക്കണം.

8.2.5 യാനങ്ങളുടെയും മത്സ്യബന്ധകരുടെയും സുര-ക്ഷയ്ക്കായി, രാജ്യാന്തര തലത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ, കീഴ്വഴക്കങ്ങൾ, നിയമസംഹിതകൾ, മറ്റു മാർഗ്ഗരേഖകൾ എന്നിവ പാലിക്കേണ്ടത്

ധ്വജരാഷ്ട്രങ്ങളുടെ കർത്തവ്യമാണ്. മേൽപ്പറഞ്ഞ സുരക്ഷാ സംവിധാനങ്ങളുടെ പരിധിയിൽ വരാത്ത ചെറുയാനങ്ങളുടെ കാര്യത്തിൽ ബന്ധപ്പെട്ട രാജ്യങ്ങൾ ഉചിതമായ സുരക്ഷാ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

8.2.6 ആഴക്കടലിൽ മത്സ്യബന്ധന യാനങ്ങൾ പാലിക്കേണ്ട സംരക്ഷണ നടപടികളെ സംബന്ധിച്ച രാജ്യാന്തര ഉടമ്പടിയിൽ (Agreement to promote compliance with international conservation and management measures by vessels fishing in the high seas) ഒപ്പു വയ്ക്കാത്ത രാജ്യങ്ങളെ അതിൽ പങ്കാളികളാക്കാനും അതിലെ നിബന്ധനകൾക്കനുകൂലമായി നിയമങ്ങൾ നിർമ്മിച്ചു നടപ്പിലാക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണം.

8.2.7 ധ്വജരാഷ്ട്രങ്ങൾ, തങ്ങളുടെ പതാക വഹിക്കാൻ അനുമതി നൽകിയ മത്സ്യബന്ധന യാനങ്ങൾ സംരക്ഷണ പരിപാലന നടപടിക്രമങ്ങൾ ലംഘിക്കുന്നതായി കണ്ടാൽ അവയ്ക്കെതിരെ സത്വരം നിയമനടപടികൾ കൈക്കൊള്ളേണ്ട-താണ്. ഇത്തരം പ്രവർത്തനങ്ങളെ കുറ്റകൃത്യങ്ങളായി ദേശീയ നിയമങ്ങളിൽ ഉൾപ്പെടുത്താവുന്നതുമാണ്. ഈ ലംഘന-ങ്ങൾക്കു മതിയായ ശിക്ഷനൽകിയാൽ ഫലപ്രദമായ രീതിയിൽ ലംഘനങ്ങൾ നിരുത്സാഹപ്പെടുത്താനും കൂടുതൽ പേർ നിയമങ്ങൾ പാലിക്കുന്നു എന്നുറപ്പാക്കാനും സാധിക്കും. ഇത്തരം നിയമവിരുദ്ധ നടപടികളിൽ ഏർപ്പെടുന്നവർക്കു അതിലൂടെയുണ്ടാകുന്ന ഗുണഫലങ്ങൾ നിഷേധിക്കേണ്ടതും ആവശ്യമാണ്. ഗുരുതരമായ നടപടിലംഘനങ്ങൾക്ക് മത്സ്യ-ബന്ധനത്തിനുള്ള അനുവാദം തടഞ്ഞുവയ്ക്കുക, റദ്ദാക്കുക തുടങ്ങിയ കൂടിയ ശിക്ഷാ നടപടികളുമാകാം.

8.2.8 യാനങ്ങളുടെ ഉടമകൾക്കും, പാട്ടക്കരാർകാർക്കും ആവശ്യമായ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കാൻ ധ്വജരാഷ്ട്രങ്ങൾ ഉത്സാഹിക്കണം. ഇവർക്കു ലഭിക്കുന്ന ഇൻഷുറൻസ് തുക ജോലിക്കാരുടെയും കപ്പലുകളുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം മൂന്നാം കക്ഷികൾക്ക് കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരവും ഉൾക്കൊള്ളാൻ പര്യാപ്തമായിരിക്കണം.

8.2.9 ജോലിക്കാർ, നിലവിലുള്ള നിയമങ്ങളനുസരിച്ചു സ്വരാജ്യങ്ങളിലേക്ക് മടങ്ങിപ്പോകാനുള്ള സ്വാതന്ത്ര്യം നിലനിർത്തുന്നുണ്ടെന്നു ധ്വജരാഷ്ട്രങ്ങൾ ഉറപ്പു വരുത്തണം.

8.2.10 യാനമോ അതിലെ ജോലിക്കാരോ അപകടത്തിൽ പെട്ടാൽ, അപകടത്തെക്കുറിച്ചുള്ള വിശദ വിവരങ്ങൾ അപകടപ്പെട്ട യാനത്തിലുള്ള ഏതൊരു വ്യക്തിയുടെയും മാതൃരാജ്യത്തിനു ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം ധ്വജരാഷ്ട്രത്തിനുണ്ട്. സാദ്ധ്യമായാൽ ഈ വിവരങ്ങൾ രാജ്യാന്തര സമുദ്രകാര്യ സംഘടനയെയും (International Maritime Organization) അറിയിക്കണം.

## 8.3 തുറമുഖ രാഷ്ട്രങ്ങളുടെ ചുമതലകൾ

8.3.1 തുറമുഖ രാഷ്ട്രങ്ങൾ ഈ സംഹിതയുടെ ലക്ഷ്യപ്രാപ്തിക്കും, മറ്റു രാജ്യങ്ങളെ ലക്ഷ്യപ്രാപ്തിക്കു സഹായിക്കുന്നതിനും, ഇതിനായി തങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ മറ്റു രാജ്യങ്ങളെ മനസ്സിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ നടപടികൾ സ്വന്തം നാട്ടിൽ നിലവിലുള്ള വ്യവസ്ഥാപിത നടപടിക്രമങ്ങളിലൂടെ, രാജ്യാന്തര നിയമങ്ങൾക്കനുസൃതമായി, പ്രസക്തമായ രാജ്യാന്തര ഉടമ്പടികളുടെയും ധാരണകളുടെയും അടിസ്ഥാനത്തിലാണ് കൈക്കൊള്ളേണ്ടത്. ഇങ്ങനെ നടപടികൾ സ്വീകരിക്കുമ്പോൾ ഒരു തുറമുഖ രാഷ്ട്രം മറ്റൊരു രാജ്യത്തിന്റെ നങ്ങൾക്കെതിരെ തത്വത്തിലോ രൂപത്തിലോ വിവേചനം കാണിക്കുവാൻ പാടില്ല.

8.3.2 ഒരു മത്സ്യബന്ധന യാനം സ്വമേധയാ ഒരു തുറമുഖത്തോ തുറമുഖത്തിനു പുറത്തോ എത്തുകയും, ആ യാനത്തിന്റെ ധ്വജരാഷ്ട്രം തുറമുഖ രാഷ്ട്രത്തോടു (1) ഉപ-മേഖല മേഖലാ തല പരിപാലന തത്വങ്ങളുടെ ലംഘനം, (2) രാജ്യാന്തര തലത്തിൽ അംഗീകരിച്ചിട്ടുള്ള പ്രദൂഷണ വിരുദ്ധ നടപടികളുടെ ലംഘനം, (3) സുരക്ഷ, (4) ആരോഗ്യം, (5) യാനത്തിലെ തൊഴിലന്തരീക്ഷം, എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായം അഭ്യർഥിച്ചാൽ, തുറമുഖരാഷ്ട്രം ഉചിതമായ എല്ലാ സഹായവും നൽകേണ്ടതാണ്. ഈ സഹായങ്ങൾ തുറമുഖരാഷ്ട്രത്തിന്റെ ദേശീയ

നിയമങ്ങളുടെയും രാജ്യാന്തര നിയമങ്ങളുടെയും പരിധികൾക്കുള്ളിൽ നിന്ന് കൊണ്ടാ-യിരിക്കും.

## 8.4 മത്സ്യബന്ധന രീതികൾ

8.4.1 മത്സ്യബന്ധന പ്രക്രിയയിൽ മനുഷ്യജീവന്റെ പൂർണ-മായ സുരക്ഷ ഉറപ്പാക്കാനും, മത്സ്യബന്ധനത്തെ രാജ്യാന്തര തലത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾക്കും ധാരണകൾക്കും അനുസ്യതമാക്കാനും ഉള്ള ചുമതല രാജ്യങ്ങൾക്കുണ്ട്. ഇവിടെ കണക്കിലെടുക്കേണ്ട പ്രധാന വിഷയങ്ങൾ സമുദ്ര ഗതാഗതം സുഗമമാക്കൽ, യാനാപകടങ്ങൾ കുറയ്ക്കൽ, സമുദ്ര പരിസ്ഥിതി സംരക്ഷണം, വലകളുടെ നഷ്ടവും കേടുപാടുകളും ഒഴിവാക്കുക എന്നിവയാണ്.

8.4.2 തോട്ട പൊട്ടിക്കൽ, വിഷം കലക്കൽ തുടങ്ങിയ നശീകരണ മത്സ്യബന്ധന മുറകളെ രാജ്യങ്ങൾ പാടെ നിരോധിക്കണം.

8.4.3 മത്സ്യബന്ധന രീതികൾ, പിടിച്ച മത്സ്യ-മത്സ്യേതര വിഭവങ്ങളുടെ അളവ്, ഉപേക്ഷിച്ച പാഴ്മീനുകൾ എന്നിവയെക്കുറിച്ചുള്ള പ്രമാണ രേഖകൾ രാജ്യങ്ങൾ തയ്യാറാക്കണം. പാഴ്മത്സ്യങ്ങളുടെ കണക്കുൾപ്പെടെ യുള്ള ഈ രേഖകൾ മത്സ്യസമ്പത്തിന്റെ കണക്കെടുപ്പിനു അനിവാര്യമായതിനാൽ, അവ ശേഖരിച്ച്, ബന്ധപ്പെട്ട സംഘടനകൾക്ക് മുടങ്ങാതെ അയച്ചുകൊടുക്കേണ്ടതാണ്. മേൽപ്പറഞ്ഞ നടപടികൾ ഉറപ്പു വരുത്തുവാൻ രാജ്യങ്ങൾ ഉചിതമായ നിരീക്ഷണ-പരിശോധനാ സംവിധാനങ്ങൾ സ്ഥാപികാൻ കഴിയുന്നത്ര ശ്രമിക്കണം.

8.4.4 സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പിടിച്ച മത്സ്യങ്ങളുടെ ശരിയായ ഉപയോഗം ഉറപ്പാക്കാൻ, രാജ്യങ്ങൾ ഉചിതമായ സാങ്കേതിക വിദ്യകളുടെ പ്രയോഗം പരമാവധി പ്രോത്സാഹിപ്പിക്കണം.

8.4.5 രാജ്യങ്ങൾ, ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളുടെ സഹായത്തോടെ, തിരസ്ക്കരിക്കപ്പെടുന്ന പാഴ്മീനുകളിലൂടെ ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യയുടെ ആവിഷ്ക്കാരം, നടപ്പാക്കൽ, നിർവഹണ രീതികൾ എന്നിവ പ്രോത്സാഹിപ്പിക്കണം. പാഴ്മീനുകളുടെ ബന്ധനത്തിനും തുടർന്നുള്ള

തിരസ്കരണത്തിനും കാരണമാകുന്ന വലകളും മത്സ്യബന്ധന രീതികളും നിരുത്സാഹപ്പെടുത്തുന്ന തോടൊപ്പം, രക്ഷപെടുന്ന മീനുകളുടെ ജീവൻ ഉറപ്പാക്കുന്ന തരം വലകളേയും മത്സ്യബന്ധന രീതികളേയും പ്രോത്സാ-ഹിപ്പിക്കണം.

8.4.6 കടലിൽ വല നഷ്ടപ്പെടൽ, ഉപേക്ഷിക്കപ്പെട്ട വലയിൽ കുരുങ്ങി മത്സ്യസമ്പത്ത് നഷ്ടപ്പെടൽ എന്നിവ ലഘൂകരിക്കുന്നതിനു വേണ്ടിയുള്ള സാങ്കേതിക വിദ്യകൾ, സാധന സാമഗ്രികൾ, ഉപയോഗരീതികൾ എന്നിവ വികസിപ്പിച്ചു നടപ്പിലാക്കുന്ന കാര്യത്തിൽ രാജ്യങ്ങൾ സഹകരിക്കണം.

8.4.7 മത്സ്യബന്ധനത്തിനായി പുതിയ ഉപകരണങ്ങളോ, മാർഗ്ഗങ്ങളോ, പ്രയോഗരീതികളോ ഒരു പ്രദേശത്തു നടപ്പിലാക്കുന്നതിനു മുമ്പ്, അവയുടെ പാരിസ്ഥിതിക ആഘാതം വിലയിരുത്തപ്പെടുന്നുണ്ടെന്നു രാജ്യങ്ങൾ ഉറപ്പു വരുത്തണം.

8.4.8 മത്സ്യബന്ധനോപകരണങ്ങളുടെ പാരിസ്ഥിതിക-സാമൂഹ്യ ആഘാത- ത്തേക്കുറിച്ച്, പ്രത്യേകിച്ച് ജൈവവൈവിധ്യത്തേയും തീരദേശ മത്സ്യബന്ധക സമൂഹത്തെ എങ്ങനെ ബാധിക്കും എന്നതിനെ കുറിച്ചുള്ള, ഗവേഷണത്തെ സഹായിക്കണം.

## 8.5 മത്സ്യബന്ധനോപകരണങ്ങളുടെ ലക്ഷീകരണ ശേഷി

8.5.1 മത്സ്യബന്ധനോപകരണങ്ങളും മാർഗ്ഗങ്ങളും, അവയുടെ പ്രവർത്തന രീതികളും കഴിയുന്നതും ലക്ഷ്യവേധമാക്കാൻ രാജ്യങ്ങൾ നിഷ്ക്കർഷിക്കണം. അങ്ങനെ, ഉപേക്ഷിക്കപ്പെടുന്ന പാഴ്മീനുകൾ, ഉന്നം വയ്ക്കാതെ പിടിക്കപ്പെടുന്ന മത്സ്യ-മത്സ്യേതര ജീവികൾ, അതിലൂടെ നഷ്ടമാകുന്ന ആശ്രിത-അനുബന്ധ ജീവജാലങ്ങൾ എന്നിവ ലഘൂകരിക്കണം. ഇതിനു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ച് ആരും മറികടക്കുന്നില്ലെന്നു ഉറപ്പു വരുത്തണം. ലക്ഷ്യവേധ മത്സ്യബന്ധനമുറകൾ വികസി-പ്പിക്കാനുള്ള ശ്രമങ്ങളിൽ മത്സ്യബന്ധകർ സഹകരിക്കണം. ഈ വിഷയത്തിലുള്ള നൂതന അറിവുകളും സംഭവ വികാസങ്ങളും യഥാസമയം മത്സ്യബന്ധകർക്ക് നൽകാനുള്ള ചുമതല അധികാരികൾക്കുണ്ട്.

8.5.2 രാജ്യങ്ങൾ, ലക്ഷീകരണ ശേഷി വർദ്ധിപ്പിക്കാനായി നിയമങ്ങളും നിയന്ത്രണങ്ങളും രൂപകൽപ്പന ചെയ്യുമ്പോൾ, ഈ വ്യവസായ രംഗത്ത് നിലവിലുള്ള ലക്ഷ്യവേധ ഉപകരണങ്ങളുടെ ലക്ഷ്യവ്യാപ്തി, ഉപയോഗക്രമം, ഉപായങ്ങൾ എന്നിവ കണക്കിലെടുക്കണം.

8.5.3 മത്സ്യബന്ധനോപകരണങ്ങളുടെ ലക്ഷീകരണ ശേഷി, മത്സ്യ ബന്ധന രീതികൾ, ഉപായങ്ങൾ, മുതലായവയിലുള്ള ഗവേഷണത്തിനായി ഏകീകൃത രീതിശാസ്ത്രം ആവിഷ്ക്കരിക്കുന്നതിന് രാജ്യങ്ങളും പ്രസക്ത സ്ഥാപനങ്ങളും ഒത്തു ചേർന്ന് പ്രവർത്തിക്കണം.

8.5.4 മത്സ്യബന്ധനോപകരണങ്ങളുടെ ലക്ഷീകരണ ശേഷി, മത്സ്യ ബന്ധന രീതികൾ, ഉപായങ്ങൾ, മുതലായവയിലുള്ള ഗവേഷണ പദ്ധതികൾ; ഈ ഗവേഷണത്തിലൂടെ ലഭിക്കുന്ന അറിവുകളുടെ പ്രചാരണം, സാങ്കേതിക വിദ്യ കൈമാറ്റം; എന്നിവയിൽ രാജ്യാന്തര സഹകരണം പ്രോത്സാ-ഹിപ്പിക്കപ്പെടണം.

## 8.6 ഊർജ്ജക്ഷമത വർദ്ധന

8.6.1 ഫിഷറീസ് മേഖലയിൽ മത്സ്യബന്ധനത്തിലും ബന്ധനാനന്തര പ്രവൃത്തികളിലും ഊർജ്ജോപയോഗം കാര്യക്ഷമമാക്കാൻ ഉതകും വിധം ഉചിതമായ നിലവാരമാനദണ്ഡങ്ങളും മാർഗ്ഗദർശനവും വികസിപ്പിച്ചെ- ടുക്കുന്ന കാര്യത്തിൽ രാജ്യങ്ങൾ ഉത്സാഹിക്കണം.

8.6.2 ഫിഷറീസ് മേഖലയിൽ ഊർജ്ജക്ഷമത വർധിപ്പിക്കാനുള്ള സാങ്കേതിക വിദ്യകളുടെ വികസനവും കൈമാറ്റവും രാജ്യങ്ങൾ പ്രോത്സാഹിപ്പിക്കണം. തങ്ങളുടെ യാനങ്ങളിൽ ഊർജ്ജക്ഷമത വർദ്ധനയ്ക്കായുള്ള ഉപ-കരണങ്ങൾ സ്ഥാപിക്കുവാൻ ഉടമസ്ഥരെയും പാട്ട-ക്കരാർകാരെയും പ്രത്യേകമായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

## 8.7 ജലപരിസ്ഥിതി സംരക്ഷണം

8.7.1 യാനങ്ങളിൽ നിന്നുള്ള പ്രദൂഷണത്തെ സംബന്ധിച്ച 1973 ലെ രാജ്യാന്തര ഉടമ്പടിയുടെയും, അതിൽ 1978ൽ വരുത്തിയ

ഭേതഗതിയുടെയും (MARPOL 73/78) അടി-സ്ഥാനത്തിൽ, രാജ്യങ്ങൾ നിയമ-നിയന്ത്രണ സംവിധാനങ്ങൾ കൊണ്ടു വരികയും നടപ്പിൽ വരുത്തുകയും വേണം.

8.7.2 തങ്ങളുടെ യാനങ്ങളിൽ മേൽപ്പറഞ്ഞ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്നു മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥരും, പാട്ടക്കരാർകാരും, മേൽനോട്ടക്കാരും ഉറപ്പു വരുത്തേണ്ടതാണ്. അതോടൊപ്പം കപ്പലുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ അതിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്ന കാര്യം ഇവർ പരിഗണിക്കണം. ഇതിനുള്ള സാങ്കേതിക വിദ്യകൾ, ചാമ്പലാക്കൽ, ഞെരുക്കൽ എന്നിവ ഉൾപ്പെടെ കപ്പലുകളുടെ തരത്തിനനുയോജ്യമായവ ആകണം.

8.7.3 മാലിന്യങ്ങൾ സൃഷ്ടിക്കാൻ സാദ്ധ്യതയുള്ള വസ്തുക്കൾ യാനങ്ങളിൽ കയറ്റുന്നത് കുറയ്ക്കാൻ ഉടമസ്ഥരും, പാട്ടക്കരാർകാരും, മേൽനോട്ടക്കാരും ശ്രദ്ധിക്കേണ്ടതാണ്.

8.7.4 മത്സ്യ ബന്ധന യാനങ്ങളിൽ നിന്ന് പുറംതള്ളപ്പെടുന്ന വസ്തുക്കൾ MARPOL 73/78 പ്രകാരം അനുവദിച്ചിട്ടുള്ളതിൽ കൂടുന്നില്ലെന്നു ഉറപ്പു വരുത്തണം. ഇതിനായുള്ള നിർദ്ദിഷ്ട നടപടിക്രമങ്ങൾ കപ്പൽ ജീവനക്കാർ അറിഞ്ഞിരിക്കണം. കുറഞ്ഞ പക്ഷം എണ്ണമാലിന്യങ്ങൾ, ചവറുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള നടപടിക്രമങ്ങളെങ്കിലും പാലിക്കേണ്ടത് അത്യാവശ്യമാണ്.

## 8.8 അന്തരീക്ഷ സംരക്ഷണം

8.8.1 പുകയിലുള്ള ആപത്ജന്യ വസ്തുക്കളുൾപ്പെടെ അന്തരീക്ഷത്തി ലേക്കു തള്ളപ്പെടുന്ന മാലിന്യങ്ങൾ കുറയ്ക്കുന്ന നടപടികൾക്ക് ഉചിതമായ നിലവാരവും മാർഗ്ഗദർശനവും സ്വീകരിക്കേണ്ടത് രാജ്യങ്ങളുടെ ചുമതലയാണ്.

8.8.2 ഓസോൺ പാളികൾക്ക് ക്ഷതം വരുത്തുന്ന വസ്തുക്കളുടെ വികിരണം ലഘൂകരിക്കുന്നതിനു വേണ്ട ഉപകരണങ്ങൾ തങ്ങളുടെ യാനങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ടെന്ന് അവയുടെ ഉടമസ്ഥരും,

പാട്ടക്കരാർകാരും, മേൽനോട്ടക്കാരും ഉറപ്പുവരുത്തേണ്ടതാണ്. ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രവ-ർത്തിപ്പിക്കാനും നിലനിർത്താനും കപ്പൽ ജീവനക്കാർ പരിചിതരായിരിക്കണം.

8.8.3 ബന്ധപ്പെട്ട അധികാരികൾ, യാനങ്ങളിലെ ശീതികരണ സംവിധാനങ്ങളിൽ ക്ലോറോഫ്ലൂറോ കാർബൺ (CFC), ഹൈഡ്രോക്ലോറോഫ്ലൂറോ കാർബൺ (HCFC) എന്നീ വാതകങ്ങളുടെ ഉപയോഗം ഘട്ടംഘട്ടമായി കുറയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. ഇക്കാര്യത്തിൽ കപ്പൽ നിർമ്മാണം, ഫിഷറീസ് എന്നീ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ ബോധവൽക്കരിക്കുകയും അവർ ഇത് നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പു വരുത്തുകയും വേണം.

8.8.4 CFC, HCFC, ഹലോൺ (halon) എന്നിവയ്ക്ക് പകരം മറ്റു പരിസ്ഥിതി-സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള ശീതീകരണികളും അഗ്നിശമനികളും മത്സ്യബന്ധന യാനങ്ങളിൽ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ യാന ഉടമസ്ഥരും നടത്തിപ്പുകാരും സ്വീകരിക്കണം.

8.8.5 മേൽപ്പറഞ്ഞ രാസവസ്തുക്കളുടെ നിർമാർജ്ജനത്തെ സംബന്ധിച്ചുള്ള രാജ്യാന്തര മാർഗ്ഗനിർദ്ദേശങ്ങൾ യാനങ്ങളുടെ ഉടമസ്ഥരും, പാട്ടക്കരാർകാരും, മേൽനോട്ടക്കാരും, അതോ-ടൊപ്പം മത്സ്യബന്ധകരും പാലിക്കേണ്ടതാണ്.

## 8.9 മത്സ്യതുറകളും തുറമുഖങ്ങളും

8.9.1 മത്സ്യതുറകളും തുറമുഖങ്ങളും രൂപകൽപന ചെയ്യുമ്പോൾ രാജ്യങ്ങൾ മറ്റു കാര്യങ്ങളോടൊപ്പം താഴെപ്പറയുന്നവയും കണക്കിലെടുക്കണം:

a) മത്സ്യബന്ധന യാനങ്ങൽക്കായുള്ള സുരക്ഷിത മേഖലകൾ ഒരുക്കുക; യാനങ്ങൾക്കും, മത്സ്യ വിൽപ്പനക്കാർക്കും ഉപഭോക്താക്കൾക്കും ഉള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണം

b) ആവശ്യത്തിനു ശുദ്ധജലവും ശുചിത്വ സജ്ജീ-കരണങ്ങളും ലഭ്യമാക്കണം

c) എണ്ണ, എണ്ണ കലർന്ന ജലം, ഉപേക്ഷിച്ച വലകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുക്കണം

d) മത്സ്യബന്ധനം മൂലമോ അല്ലാതെയോ ഉള്ള പ്രദൂഷണം ലഘൂകരിക്കണം

e) മണ്ണൊലിപ്പ്, മണ്ണടിയൽ, എന്നിവ തടുക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം

8.9.2 മത്സ്യബന്ധനത്തുറമുഖത്തിനു വേണ്ടി സ്ഥലം തെരഞ്ഞെടുക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യുന്നതിനായി രാജ്യങ്ങൾ ഒരു സ്ഥാപന സംവിധാനം ഒരുക്കുകയും അതിലൂടെ തീരദേശ പരിപാലന രംഗത്തെ ബന്ധപ്പെട്ട അധികാരികൾ തമ്മിലുള്ള കൂടിയാലോചനകൾ സാദ്ധ്യ-മാക്കുകയും വേണം.

## 8.10 ഉപേക്ഷിക്കപ്പെടുന്ന നിർമ്മിതികളും വസ്തുക്കളും

കടലിൽ സ്ഥാപിച്ചിട്ടുള്ള കാലഹരണപ്പെട്ട നിർമ്മിതികൾ നീക്കം ചെയ്യുന്നതിന് രാജ്യാന്തര സമുദ്രകാര്യ സംഘടന (International Maritime Organization) നിഷ്ക്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നു രാജ്യങ്ങൾ ഉറപ്പു വരുത്തണം. നിർമ്മിതികളും വസ്തുക്കളും ഉപേക്ഷിക്കാൻ തീരുമാനിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ടവർ യോഗ്യരായ ഫിഷറീസ് അധികാരികളുടെ ഉപദേശം തേടിയിട്ടുണ്ടെന്നു രാജ്യങ്ങൾ ഉറപ്പു വരുത്തണം.

## 8.11 കൃത്രിമപ്പാറകളും മത്സ്യാകർഷണ സാമഗ്രികളും

8.11.1 രാജ്യങ്ങൾ മത്സ്യസമുച്ചയങ്ങളുടെ വർദ്ധനയ്ക്കും, കൂടുതൽ മത്സ്യബന്ധന അവസരങ്ങൾ സൃഷ്ടിക്കുവാനുമായി, സാദ്ധ്യമാകുന്നിടത്തെല്ലാം, കൃത്രിമപ്പാറകളും (Artificial Reefs) മത്സ്യാകർഷണ സാമഗ്രികളും (Fish Aggregating Devices) നിയോഗിക്കുന്നതിനായി നയങ്ങൾ ആവിഷ്ക്കരിക്കണം. എന്നാൽ

ഇത് ജലാന്തർഭാഗത്തും ഉപരിതലത്തിലും കൂടിയുള്ള സമുദ്രഗതാഗതത്തിലെ സുരക്ഷാ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടായിരിക്കണം. ഇത്തരം സാമഗ്രികളുടെ ഉപയോഗത്തെ സംബന്ധിച്ച്, പ്രത്യേകിച്ചു മത്സ്യസമ്പത്തിന്മേലും പരിസ്ഥിതിയിലും അവ ചെലു-ത്താവുന്ന ആഘാതത്തെക്കുറിച്ചുള്ള, ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കണം.

8.11.2 കൃത്രിമപ്പാറകൾ നിർമ്മിക്കാനുള്ള വസ്തുക്കളും അവ നിയോഗിക്കാനുള്ള ഇടങ്ങളും തെരഞ്ഞെടുക്കുമ്പോൾ, പരിസ്ഥിതി സംരക്ഷണത്തിനും ഗതാഗത സുരക്ഷ്യ്ക്കുമുള്ള നിലവിലുള്ള രാജ്യാന്തര ഉടമ്പടികൾ പാലിക്കപ്പെടുന്നുണ്ടെന്നു രാജ്യങ്ങൾ ഉറപ്പു വരുത്തണം.

8.11.3 രാജ്യങ്ങൾ, തങ്ങളുടെ തീരദേശ പരിപാലന പദ്ധതികളുടെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ട്, കൃത്രിമപ്പാറകളുടെയും മത്സ്യാകർഷണ സാമഗ്രികളുടെയും നടത്തിപ്പിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. കൃത്രിമ-പ്പാറകളും മത്സ്യാകർഷണ സാമഗ്രികളും നിർമ്മി-ക്കുന്നതിനും നിയോഗിക്കുന്നതിനും ഉള്ള അനുമതി നൽകുകയും, ഇവ മത്സ്യബന്ധകരുടെ, പ്രത്യേകിച്ചു പരമ്പരാഗത, ഉപജീവക മത്സ്യ ബന്ധകരുടെ താൽപ്പര്യങ്ങളെ ഹനിക്കുന്നില്ലെന്നു ഉറപ്പു വരുത്തുകയും ചെയ്യേണ്ടത് ഈ സംവിധാനത്തിന്റെ ചുമതലകളിൽ പെടും.

8.11.4 കൃത്രിമപ്പാറകൾ മത്സ്യാകർഷണ സാമഗ്രികൾ എന്നിവ സ്ഥാപിക്കുകയോ മാറ്റുകയോ ചെയ്യുമ്പോൾ, കപ്പൽ പാതകളെ സംബന്ധിച്ച ഭൂപടങ്ങളും ചിത്രങ്ങളും സൂക്ഷിക്കാൻ ചുമതലയുള്ള അധികാരികളെ മുൻകൂട്ടി അറിയിക്കാനുള്ള ഉത്തരവാദിത്വം രാജ്യ ങ്ങൾക്കുണ്ട്.

## വകുപ്പ് 9 ജലകൃഷി വികസനം

### 9.1 ദേശീയ തലത്തിലുള്ള ഉത്തരവാദ ജലകൃഷി വികസനം ; കുഞ്ഞുങ്ങളെ വിന്യസിച്ച്ചുള്ള മത്സ്യബന്ധനം ഉൾപ്പെടെ

9.1.1 രാജ്യങ്ങൾ, ഉത്തരവാദ ജലകൃഷി വികസനം സാദ്ധ്യമാക്കുന്നതിനു വേണ്ട ഒരു നൈയമിക-ഭരണ ചട്ടക്കൂട് ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തണം

9.1.2 രാജ്യങ്ങൾ, ജലകൃഷിയുടെ ഉത്തരവാദ വികസനവും പരിപാലനവും പ്രോത്സാഹിപ്പിക്കുന്നതോടോപ്പം, അത് ജനിതക വൈവിധ്യത്തിനും ആവാസ വ്യവസ്ഥയുടെ സമഗ്രതയിലും ഏൽപ്പിച്ചേക്കാവുന്ന സ്വാധീനം, ലഭ്യമായ ഏറ്റവും നല്ല ശാസ്ത്രീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തണം.

9.1.3 രാജ്യങ്ങൾ, ജലകൃഷി വികസനത്തിനുള്ള തന്ത്രങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കുകയും അവ കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുന്നതിലൂടെ, വിഭവങ്ങളുടെ യുക്തിഭദ്രമായ ഉപയോഗവും പങ്കിടലും സാദ്ധ്യമാക്കാം.

9.1.4 മത്സ്യബന്ധന മേഖലകളിലേക്കു പ്രവേശിക്കാനുള്ള തദ്ദേശവാസികളുടെ സ്വാതന്ത്ര്യത്തെയും, അവരുടെ ഉപജീവന മാർഗ്ഗത്തെയും ജലകൃഷി വികസനം പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് രാജ്യങ്ങൾ ഉറപ്പു വരുത്തണം.

9.1.5 ജലസംഭരണം, ഭൂവിനിയോഗം, മാലിന്യ വിസർജ്ജനം രാസവസ്തുപ്രയോഗം എന്നിവയിലൂടെ ജലകൃഷി ഉണ്ടാ-ക്കിയേക്കാവുന്ന പ്രതികൂല സ്വാധീനവും അതുമൂല-മുണ്ടാകുന്ന സാമ്പത്തിക-സാമൂഹ്യ ഭവിഷ്യത്തുകളും ലഘൂ-കരിക്കാനുദ്ദേശിച്ച്, ഉചിതമായ പാരിസ്ഥിതിക വില-യിരുത്തലുകളും മേൽനോട്ടവും രാജ്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ ജലകൃഷിക്കു വേണ്ടി പ്രത്യേകിച്ചുള്ളതായിരിക്കണം.

## 9.2 രാജ്യാന്തര സഹകരണ തലത്തിലുള്ള ഉത്തരവാദ ജലകൃഷി വികസനം: കുഞ്ഞുങ്ങളെ വിന്യസിച്ചുള്ള മത്സ്യബന്ധനം ഉൾപ്പെടെ

9.2.1 രാജ്യങ്ങൾ തങ്ങളുടെ അധികാര പരിധിയിലുള്ള ഇടങ്ങളിൽ സുസ്ഥിര വികസനത്തിനുതകുന്ന രീതിയിൽ ഉത്തരവാദ ജലകൃഷി രീതികളെ പിന്തുണയ്ക്കുകയും സഹകരണം ഉറപ്പാക്കുകയും വേണം.

അതിലൂടെ ഒന്നിലധികം രാജ്യങ്ങൾ പങ്കിടുന്ന ജല-സ്രോതസ്സുകളിലെ ആവാസ വ്യവസ്ഥകളുടെ സംരക്ഷണം ഉറപ്പാക്കാനാകും.

9.2.2 കൃഷി ചെയ്യാനുള്ള മത്സ്യ ഇനങ്ങളെ തെരഞ്ഞെടുക്കൽ, കുഷിക്കുള്ള സ്ഥാനനിർണയം, മുതലായ മത്സ്യപരിപാലന പരിപാടികൾ ഒന്നിലധികം രാജ്യങ്ങൾ പങ്കിടുന്ന ജലസ്രോതസ്സുകളിലെ ആവാസ വ്യവസ്ഥകളിൽ സ്വാധീനം ചെലുത്താൻ സാദ്ധ്യത ഉള്ളതിനാൽ അവ നിർവഹിക്കുമ്പോൾ, അയൽരാജ്യങ്ങൾക്ക് അർഹമായ പരിഗണന നൽകുകയും, രാജ്യാന്തര നിയമങ്ങൾ മാനിക്കുകയും വേണം.

9.2.3 തദ്ദേശീയമല്ലാത്ത മത്സ്യ ഇനങ്ങൾ മേൽപ്പറഞ്ഞ തരം പൊതു ജലസ്രോതസ്സുകളിൽ 'അവതരി'പ്പിക്കുന്നതിനു (Introduction) മുമ്പ് ബന്ധപ്പെട്ട അയൽരാജ്യങ്ങളുമായി കൂടിയാലോചനകൾ നടത്തിയിരിക്കണം.

9.2.4 രാജ്യങ്ങൾ തങ്ങളുടെ ജലകൃഷി പ്രവർത്തന-ങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും, പങ്കിടു-ന്നതിനും വ്യാപനം ചെയ്യുന്നതിനുമായി ഡാറ്റാസമാഹാരങ്ങൾ (Database) വിവരശൃംഖലകൾ (Information networks) തുടങ്ങിയ ഉചിത സംവിധാനങ്ങൾ സ്ഥാപിക്കണം. ഇത് ജലകൃഷിയുടെ ദേശീയ-ഉപമേഖല-മേഖല-ആഗോള തലങ്ങളിലുള്ള ആസൂ-ത്രണത്തിനും സഹകരണത്തിനും സഹായകമാകും.

9.2.5 ജലകൃഷിയിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ സ്വാധീനം നിരീക്ഷിക്കുന്നതിനു വേണ്ട ഉചിതമായ സംവിധാനങ്ങൾ യഥാസമയം ഒരുക്കുന്നതിന് രാജ്യങ്ങൾ സഹകരിക്കണം.

## 9.3 ജലകൃഷിക്കായി ജല ജനിതക സമ്പത്തുകളുടെ ഉപയോഗം: കുഞ്ഞുങ്ങളെ വിന്യസിച്ചുള്ള മത്സ്യബന്ധനം ഉൾപ്പെടെ

9.3.1 രാജ്യങ്ങൾ, ഉചിതമായ പരിപാലന നടപടികളിലൂടെ, ജനിതക വൈവിധ്യം സംരക്ഷിക്കുകയും, ജലജീവ സമൂഹങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും സമഗ്രത നിലനിറുത്തുകയും വേണം. തദ്ദേശീയമല്ലാത്തതോ ജനിതക മാറ്റം

വരുത്തിയതോ ആയ മത്സ്യ ഇനങ്ങൾ ജലകൃഷിക്കോ അഥവാ കുഞ്ഞുങ്ങളെ വിന്യസിച്ചു കൊണ്ടുള്ള മത്സ്യബന്ധനത്തിനോ ഉപയോഗിക്കുമ്പോൾ തന്മൂല-മുണ്ടാകാവുന്ന പ്രതികൂല ഫലങ്ങൾ ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണം. ഇത്തരം മത്സ്യ ഇനങ്ങൾ വേഗം പെറ്റുപെരുകാൻ സാദ്ധ്യതയുള്ള ജലാശയങ്ങളിൽ നിയോഗി-ക്കുമ്പോൾ അവ മറ്റു രാജ്യങ്ങളിലേക്കു പടരാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. കൃഷിക്കുളത്തിൽ നിന്ന് രക്ഷപ്പെടുന്ന മത്സ്യങ്ങൾ മറ്റു വന്യമത്സ്യങ്ങളിൽ വരുത്താ-വുന്ന ജനിതക മാറ്റം, രോഗം എന്നിവ ലഘൂകരിക്കാനുള്ള നടപടികൾ രാജ്യങ്ങൾ സാദ്ധ്യമായിടത്തെല്ലാം സ്വീകരിക്കണം.

9.3.2 ജലജീവികളുടെ ദേശാന്തര ‘അവതരണം’, സ്ഥാനാന്തരണം (Transfer) എന്നിവ സംബന്ധിച്ചുള്ള രാജ്യാന്തര സംഹിതകളും നടപടിക്രമങ്ങളും വിശദീകരിക്കുവാനും, സ്വീകരിക്കാനും നടപ്പിലാക്കാനും രാജ്യങ്ങൾ സഹകരിക്കണം.

9.3.3 മത്സ്യക്കുളങ്ങളിലെയും തുറന്ന ജലാശയങ്ങളിലെയും മത്സ്യങ്ങൾക്കുണ്ടാകാവുന്ന രോഗബാധയും മറ്റു പ്രതികൂല ഫലങ്ങളും ലഘൂകരിക്കാനുള്ള ഉചിത നടപടികൾ സ്വീകരിക്കാൻ രാജ്യങ്ങൾ പ്രോത്സാഹനം നൽകണം. ഇതിൽ തള്ള മത്സ്യങ്ങളുടെ ജനിതക ഉൽക്കർഷം (Genetic improvement), ദേശാന്തര അവതരണം എന്നിവ കൂടാതെ, മീൻ കുഞ്ഞുങ്ങൾ, മുട്ടകൾ, തള്ളമീനുകൾ എന്നിവയുടെ ഉത്പാദനവും, കടത്തും ഉൾപ്പെടും. ഇതിനായുള്ള നടപടിക്രമങ്ങളും ആചാര സംഹിതകളും നിർമ്മിച്ച് നടപ്പിലാക്കാൻ രാജ്യങ്ങൾ സഹായിക്കണം.

9.3.4 തള്ള മത്സ്യങ്ങളെ തെരഞ്ഞെടുക്കുമ്പോഴും, മുട്ട, കുഞ്ഞുങ്ങൾ എന്നിവ ഉത്പ്പാദിപ്പിക്കുമ്പോഴും ഉചിതമായ നടപടിക്രമങ്ങൾ ഉപയോഗിക്കാൻ രാജ്യങ്ങൾ പ്രോത്സാഹനം നൽകണം.

9.3.5 വംശനാശ ഭീഷണി നേരിടുന്ന മത്സ്യ ഇനങ്ങളുടെയും അവയുടെ ജനിതക സമഗ്രതയെയും സംരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്. രാജ്യങ്ങൾ ഇത്തരം ഇനങ്ങളുടെ കൃഷി രീതികളെക്കുറിച്ച് ഗവേഷണമോ, പറ്റുമെങ്കിൽ വികസന

പദ്ധതികളോ, ആവിഷ്ക്കരിച്ച് അവയുടെ സംരക്ഷണം, പുനരധിവാസം, സംഖ്യവർദ്ധന എന്നിവ സാദ്ധ്യമാക്കേ-ണ്ടതാണ്.

## 9.4 ഉൽപ്പാദന തലത്തിൽ ഉത്തരവാദ ജലകൃഷി

9.4.1 ഗ്രാമസമൂഹങ്ങൾ, ഉത്പ്പാദകരുടെ സംഘടനകൾ, മത്സ്യകൃഷിക്കാർ എന്നിവരുടെ സഹായാർത്ഥം, ഉത്തരവാദ ജലകൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ രാജ്യങ്ങൾ തയ്യാറാകണം.

9.4.2 ഉത്തരവാദ മത്സ്യകൃഷിയുടെ പരിപാലന മുറകൾ വികസിപ്പിച്ചെടുക്കുന്നതിനു മത്സ്യകർഷക സമൂഹങ്ങളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ രാജ്യങ്ങൾക്ക് ബാദ്ധ്യതയുണ്ട്.

9.4.3 രാജ്യങ്ങൾ, മത്സ്യ കൃഷിക്കുള്ള തീറ്റകൾ, തീറ്റകളിൽ ചേർക്കുന്ന വർദ്ധക മരുന്നുകൾ, ജൈവവളം, രാസവളം, എന്നിവ ഫലപ്രദമായി തെരഞ്ഞെടുക്കുന്നത്തിനുള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കണം.

9.4.4 ശുചിത്വവും രോഗപ്രതിരോധവും കാര്യക്ഷമ-മാക്കാനുതകുന്ന കൃഷിനില പരിപാലനവും ആരോഗ്യ പരിപാലന മാർഗ്ഗങ്ങളും പ്രോത്സാഹിപ്പിക്കാൻ രാജ്യങ്ങൾക്ക് ചുമതലയുണ്ട്. രാസ മരുന്നുകൾ, ഹോർമോണുകൾ, ആന്റിബയോട്ടിക്കുകൾ, മറ്റു രോഗശമന രാസവസ്തുക്കൾ എന്നിവയുടെ ഏറ്റവും കുറഞ്ഞ ഉപയോഗത്തിലൂടെ സുരക്ഷിതവും ഫലപ്രദവുമായ ജലകൃഷി ഉറപ്പു വരുത്തണം.

9.4.5 രാജ്യങ്ങൾ മനുഷ്യാരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമായ രാസപദാർഥങ്ങളുടെ ഉപയോഗം നിയന്ത്രിക്കണം.

9.4.6 മാംസോച്ഛിഷ്ടങ്ങൾ, ചെളി, ചത്തതോ രോഗം ബാധിച്ചതോ ആയ മത്സ്യങ്ങൾ, അധികം വരുന്ന മരുന്നുകൾ, മറ്റു മാരക രാസപദാർഥങ്ങൾ എന്നിവയുടെ വിസർജ്ജനം മൂലം മനുഷ്യർക്കോ പരിസ്ഥിതിക്കോ ഹാനി സംഭവിക്കില്ലെന്നു രാജ്യങ്ങൾ നിഷ്ക്കർഷിക്കണം.

9.4.7 രാജ്യങ്ങൾ, ജലകൃഷി ഉൽപ്പന്നങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും അവയുടെ നിലവാരം നിലനിർത്തി, മൂല്യം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും വേണം. ഇതിനായി വിളവെടുപ്പ്, സംസ്കരണം, സംഭരണം എന്നീ ഘട്ടങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## വകുപ്പ് 10 മത്സ്യബന്ധനത്തെ സംയോജിത തീരമേഖല വികസനവുമായി ബന്ധിപ്പിക്കൽ

### 10.1 സ്ഥാപന സംവിധാനങ്ങൾ

10.1.1 എല്ലാ സമ്പത്തുകളെയും സംയോജിപ്പിച്ചു കൊണ്ട്, സുസ്ഥിര വികസനം സാദ്ധ്യമാക്കാൻ ഉചിതമായ ഒരു നയ- നൈയമിക-സ്ഥാപനാ ചട്ടക്കൂട് ഉറപ്പാക്കാൻ രാജ്യങ്ങൾ തയ്യാറാകണം. ഇങ്ങനെ ചെയ്യുമ്പോൾ തീരദേശ ആവാസ വ്യവസ്ഥയുടെ ദുർബലത, വിഭവങ്ങളുടെ പരിമിതി, തീരദേശ സമൂഹത്തിന്റെ ആവശ്യങ്ങൾ എന്നിവ കണക്കിലെടുക്കണം.

10.1.2 തീരദേശ മേഖലയിലെ ബഹുമുഖ ആവശ്യങ്ങൾ കണക്കിലെടുത്ത്, തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ ഫിഷറീസ് മേഖലയുടെ പ്രതിനിധികളുമായുള്ള കൂടി-യാലോചന ഉറപ്പാക്കുകയും, അതോടോപ്പം തീരദേശ സംബന്ധിയായ മറ്റു വികസന ആസൂത്രണ, പരിപാലന, പ്രവർത്തനങ്ങളിൽ അവരെ ഭാഗഭാക്കാക്കുകയും വേണം.

10.1.3 തീരദേശ സമ്പത്തുകളുടെ വിവിധ ഉപയോഗങ്ങൾ, അവയിലേക്കുള്ള പ്രവേശനം എന്നിവ നിർണ്ണയിക്കുനതിനു ഉചിതമായ ഒരു സ്ഥാപനീയ-നൈയമിക ചട്ടക്കൂട് രാജ്യങ്ങൾ ആവിഷ്ക്കരിക്കണം. ഇത് തീരദേശ മത്സ്യബന്ധക സമൂഹത്തിന്റെ അവകാശങ്ങളും അവരുടെ പരമ്പരാഗത രീതികളും, സുസ്ഥിര വികസനവുമായി സാദ്ധ്യമാകു-ന്നിടത്തോളം സമന്വയിപ്പിച്ചു കൊണ്ടായിരിക്കണം.

10.1.4 മത്സ്യബന്ധകർ തമ്മിലും, മത്സ്യബന്ധകരും തീരത്തിന്റെ മറ്റു ഉപയോക്താക്കളും തമ്മിലുമുള്ള സംഘർഷം ഒഴിവാക്കുന്ന മത്സ്യബന്ധന മുറകൾ സ്വീകരിക്കാൻ രാജ്യ-ങ്ങൾ സഹായിക്കണം.

10.1.5 മത്സ്യബന്ധകർ തമ്മിലും, മത്സ്യബന്ധകരും തീരത്തിന്റെ മറ്റു ഉപയോക്താക്കളും തമ്മിലുമുള്ള ഭിന്നതകൾ പരി-ഹരിക്കുന്നതിനുള്ള നടപടിക്രമങ്ങളും സംവിധാനങ്ങളും ഉചിതമായ ഭരണതലങ്ങളിൽ സ്ഥാപിക്കാൻ രാജ്യങ്ങൾ മുൻകയ്യെടുക്കണം.

## 10.2 നയരൂപികരണ നടപടികൾ

10.2.1 തീരദേശ സമ്പത്തുക്കളുടെ സംരക്ഷണ-പരിപാലന കാര്യങ്ങളിൽ തീരദേശവാസികളെ പങ്കാളികളാക്കാനും പൊതുജനങ്ങൾക്കിടയിൽ ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കുവാനും രാജ്യങ്ങൾ മുൻകയ്യെടുക്കണം.

10.2.2 തീരദേശ സമ്പത്തുകളുടെ വിതരണ-വിനിയോഗങ്ങളെ സംബന്ധിച്ചുള്ള തീരുമാനമെടുക്കാൻ സഹായകമായി, രാജ്യങ്ങൾ അവയുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

10.2.3 തീരപരിപാലനം സംബന്ധിച്ച നയരൂപീകരണം നടത്തുമ്പോൾ അതിലെ അപകട സാദ്ധ്യതകളും അനിശ്ചിതത്വങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്.

10.2.4 രാജ്യങ്ങൾ, തങ്ങളുടെ കഴിവനുസരിച്ച്, തീരപരിസ്ഥിതി നിരീക്ഷണത്തിനായി ഒരു സംവിധാനം ഒരുക്കുകയോ ഒരുക്കാൻ പ്രോത്സാഹിപ്പിക്കുകയോ വേണം. ഇത് ഭൌതിക, രാസ, ജൈവ, സാമ്പത്തിക, സാമൂഹിക, നൈയമിക, സ്ഥാപനീയ മാനദണ്ഡങ്ങൾ ഉപയോഗിച്ചു കൊണ്ടായിരിക്കണം.

10.2.5 രാജ്യങ്ങൾ തീരദേശ പരിപാലനത്തിനുതകും വിധം ബഹുമേഖലാ ഗവേഷണം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിൽ പാരിസ്ഥിതിക, ജൈവശാസ്ത്ര, സാമ്പത്തിക, സാമൂഹിക, നൈയമിക, സ്ഥാപനീയ മേഖലകളിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

## 10.3 മേഖലാ തല സഹകരണം

10.3.1 തീരങ്ങൾ പങ്കു വയ്ക്കുന്ന അയൽ രാജ്യങ്ങൾ, തീര സമ്പത്തുകൾ സംരക്ഷിക്കുന്നതിനും, അവയുടെ സുസ്ഥിര ഉപയോഗം സാദ്ധ്യമാക്കുന്നതിനും പരസ്പരം സഹകരിച്ചു പ്രവർത്തിക്കണം.

10.3.2 ഏതെങ്കിലും പ്രവർത്തികൾ മറ്റൊരു രാജ്യത്ത് തീര-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാവുന്ന സന്ദർഭത്തിൽ ആ രാജ്യം:

a) ബാധിച്ചേക്കാവുന്ന രാജ്യങ്ങൾക്ക് യഥാസമയം, പറ്റുമെങ്കിൽ മുൻകൂട്ടി, മുന്നറിയിപ്പുകൾ നല്കണം

b) അവരുമായി കഴിയുന്നതും നേരത്തെ കൂടിയാ-ലോചനകൾ നടത്തണം.

10.3.3 രാജ്യങ്ങൾ, തീരദേശ പരിപാലനം അഭിവൃദ്ധി-പ്പെടുത്താൻ, ഉപ-മേഖലാ, മേഖലാ തലങ്ങളിൽ സഹകരണം ഉറപ്പാക്കണം.

**10.4 നടപ്പാക്കൽ**

10.4.1 രാജ്യങ്ങൾ, തീരദേശത്തിന്റെ വികസനം, സംരക്ഷണം, പദ്ധതിരൂപീകരണം എന്നിവയുമായി ബന്ധപ്പെട്ട വിവിധ ദേശീയ അധികാര കേന്ദ്രങ്ങളെ സഹകരിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കണം.

10.4.2 തീരദേശ പരിപാലന സംവിധാനത്തിൽ, ഫിഷറീസ് മേഖലയെ പ്രതിനിധാനം ചെയ്യുന്ന അധികാരിക്കോ അധികാരികൾക്കോ, വേണ്ടത്ര സാമ്പത്തിക സ്രോതസ്സും സാങ്കേതിക ജ്ഞാനവും ഉണ്ടെന്നു രാജ്യങ്ങൾ ഉറപ്പു വരുത്തണം.

## വകുപ്പ് 11 മത്സ്യബന്ധനാനന്തര പ്രവർത്തികളും വ്യാപാരവും

**11.1 ഉത്തരവാദ മത്സ്യ വിനിയോഗം**

11.1.1 സുരക്ഷിതവും, മായം ചേരാത്തതും, ഗുണ-സമ്പൂർണ്ണവുമായ മത്സ്യവും മത്സ്യോത്പ്പന്നങ്ങളും ലഭി-ക്കാനുള്ള ഉപഭോക്താക്കളുടെ അവകാശം ഉറപ്പാക്കാൻ രാജ്യങ്ങൾ ഉചിത നടപടികൾ സ്വീകരിക്കണം.

11.1.2 രാജ്യങ്ങൾ, ഉപഭോക്താക്കളുടെ ആരോഗ്യം സംരക്ഷി-ക്കുവാനും അവർ സാമ്പത്തിക തട്ടിപ്പിന് ഇരയാകുന്നത് തടയുവാനും, ദേശീയ തലത്തിൽ ഫലപ്രദമായ ഒരു സുരക്ഷ-നിലവാര ഉറപ്പു സംവിധാനം സ്ഥാപിക്കണം.

11.1.3 രാജ്യങ്ങൾ, സുരക്ഷയും ഗുണനിലവാരവും ഉറപ്പാക്കാനുള്ള മാനദണ്ഡങ്ങൾ സ്ഥാപിക്കുകയും, ഇവ മത്സ്യവ്യവസായ മേഖലയിൽ മുഴുവൻ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പു

വരുത്തുകയും വേണം. ഇതിനായി ഭക്ഷ്യ കാർഷിക സംഘടന, ലോകാരോഗ്യ സംഘടന എന്നിവ അംഗീകരിച്ചിട്ടുള്ള “കോഡക്സ് അലിമെന്റാരിയസ്” സൂചികയ്ക്കോ, അതു പോലുള്ള മറ്റു രാജ്യാന്തര മാനദണ്ഡങ്ങൾക്കോ, അനുസൃതമായുള്ള ഗുണനിലവാരം നടപ്പാക്കാൻ പ്രോത്സാഹിപ്പിക്കണം.

11.1.4 ശുചീകരണത്തിനും സാക്ഷ്യപ്പെടുത്തലിനും ഉത്തരവാദിത്വമുള്ള വിവിധ ദേശീയ-തല അധികാരികൾ തമ്മിൽ പരസ്പര അംഗീകാരവും ഏകോപനവും സാദ്ധ്യമാക്കാൻ രാജ്യങ്ങൾ ഉചിതമായ രീതിയിൽ സഹകരിക്കണം. അതോടൊപ്പം പൊതു അംഗീകാരമുള്ള നിയന്ത്രണ സാക്ഷ്യപ്പെടുത്തൽ സംവിധാനങ്ങൾ സ്ഥാപി-ക്കാനുള്ള സാദ്ധ്യതകളും ആരായണം.

11.1.5 മത്സ്യ സമ്പത്തിന്റെ സുസ്ഥിര വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള ദേശീയ നയങ്ങൾ രൂപീകരിക്കുമ്പോൾ, ഫിഷറീസ് മേഖലയിൽ മത്സ്യസംസ്കരണ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക, സാമൂഹിക സാംഗത്യം കണക്കിലെടുക്കാൻ രാജ്യങ്ങൾ ശ്രദ്ധിക്കണം.

11.1.6 മത്സ്യസംസ്കരണത്തിന്റെ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക, ഭക്ഷ്യപോഷക, സാംഗത്യം കണക്കിലെടുത്ത്, സാങ്കേതിക വിദ്യ, ഗുണനിലവാരം എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്താൻ രാജ്യങ്ങളും ബന്ധപ്പെട്ട മറ്റു സംഘടനകളും പണം മുടക്കണം. കൂടാതെ ശരിയായ രീതിയിൽ മത്സ്യം കൈകാര്യം ചെയ്യാനുള്ള ഗവേഷണ പദ്ധതികൾക്ക് പിന്തുണ നൽകുകയും വേണം.

11.1.7 ഉത്പാദന രംഗത്തു നിലവിലുള്ള വൈവിധ്യങ്ങൾ മനസ്സിലാക്കി, സംസ്കരണത്തിനും ഗതാഗതത്തിനും സൂക്ഷിപ്പിനും ഉപയോഗിക്കുന്ന രീതികൾ പരിസ്ഥിതി ഭദ്ര-മാണെന്ന് രാജ്യങ്ങൾ ഉറപ്പു വരുത്തണം. ഇത് ഫലപ്രദമായ സാങ്കേതിക വിദ്യ കൈമാറ്റത്തിലൂടെയും, ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണത്തോടെയും സാദ്ധ്യമാക്കാം.

11.1.8 മത്സ്യ സംസ്കരണം, വിതരണം, വില്പന എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ രാജ്യങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണം:

a) മത്സ്യബന്ധനാനന്തര നഷ്ടങ്ങളും പാഴാക്കലും ലഘൂകരിക്കുക

b) പിടിക്കപ്പെടുന്ന അനുദ്ദിഷ്ട മത്സ്യങ്ങളുടെ ഉപയോഗം ഉത്തരവാദ മത്സ്യ പരിപാലന തത്വങ്ങൾ അനുവദിക്കുന്ന തോതിലേക്കു ഉയർത്തുക

c) സമ്പത്തുകളുടെ പ്രത്യേകിച്ചും ഊർജ്ജം, ജലം, തടി എന്നിവയുടെ ഉപയോഗം പരിസ്ഥിതി ഭദ്രമാക്കുക

11.1.9 മത്സ്യം മനുഷ്യ ഭക്ഷണമായി ഉപയോഗിക്കാൻ രാജ്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും സാദ്ധ്യമായിടത്തെല്ലാം മത്സ്യഭോജനം പ്രചരിപ്പിക്കുകയും വേണം.

11.1.10 മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉത്പ്പാദിപ്പിക്കാൻ വികസ്വര രാജ്യങ്ങളെ സഹായിക്കുന്ന പ്രക്രിയയിൽ രാജ്യങ്ങൾ സഹകരിക്കണം.

11.1.11 ദേശീയ-രാജ്യാന്തര തലങ്ങളിലുള്ള മത്സ്യത്തിന്റെയും മത്സ്യോത്പ്പന്നങ്ങളുടെയും വ്യാപാരം, ദൃഢമായ സംരക്ഷണ പരിപാലന രീതികൾക്കനുസൃതമാണെന്ന് രാജ്യങ്ങൾ ഉറപ്പു വരുത്തണം. ഇത് വിൽക്കപ്പെടുന്ന മത്സ്യത്തിന്റെയും മത്സ്യോത്പ്പന്നങ്ങളുടെയും ഉറവിടം കണ്ടുപിടിക്കുന്ന സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ സാദ്ധ്യമാക്കാം.

11.1.12 വികസനം സംബന്ധിച്ച നിയമങ്ങളും, നിയന്ത്രണങ്ങളും നയങ്ങളും രൂപീകരിക്കുമ്പോൾ മത്സ്യ സംസ്കരണത്തിന്റെ പാരിസ്ഥിതിക സ്വാധീനം കണക്കിലെടുക്കുന്നുണ്ടെന്നും കമ്പോള വക്രീകരണങ്ങൾ നടക്കുന്നില്ലെന്നും രാജ്യങ്ങൾ ഉറപ്പാക്കണം.

## 11.2 ഉത്തരവാദ രാജ്യാന്തര വ്യാപാരം

11.2.1 ഈ സംഹിതയുടെ വ്യവസ്ഥകൾ വ്യാഖ്യാനിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ അതു ലോകവ്യാപാര സംഘടന (WTO) ഉടമ്പടിയുടെ തത്വങ്ങൾക്കും, അത് നിഷ്ക്കർഷിക്കുന്ന നിബന്ധനകൾക്കും അവകാശങ്ങൾക്കും അനുസൃതമായിരിക്കണം.

11.2.2 മത്സ്യത്തിന്റെയും മത്സ്യോത്പ്പന്നങ്ങളുടെയും രാജ്യാ-ന്തര വ്യാപാരം, മത്സ്യബന്ധനത്തിന്റെ സുസ്ഥിര വികസന-ത്തിനും ജലജൈവ സമ്പത്തുകളുടെ ഉത്തരവാദ വിനിയോഗ-ത്തിനും ദോഷകരമാകരുത്.

11.2.3 രാജ്യങ്ങൾ, മത്സ്യത്തിന്റെയും മത്സ്യോത്പ്പന്ന-ങ്ങളുടെയും രാജ്യാന്തര വ്യാപാരത്തെ ബാധിക്കുന്ന നടപടികൾ സ്വീകരിക്കുമ്പോൾ അവ സുതാര്യമാണെന്നും, വേണ്ടിടത്തൊക്കെ ശാസ്ത്രീയ തെളിവുകൾ കണക്കി-ലെടുത്തിട്ടുണ്ടെന്നും, രാജ്യാന്തര തലത്തിൽ അംഗീകരിച്ചിട്ടുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തണം.

11.2.4 മനുഷ്യരുടെയും മൃഗങ്ങളുടെയും ജീവനും ആരോഗ്യവും, ഉപഭോക്താക്കളുടെയും പരിസ്ഥിതിയുടെയും താൽപ്പര്യങ്ങൾ എന്നിവ സംരക്ഷിക്കാൻ വേണ്ടി രാജ്യങ്ങൾ എടുക്കുന്ന മത്സ്യവ്യാപാര നടപടികൾ വിവേചന-പരമാകരുത്. മാത്രമല്ല അവ രാജ്യാന്തര തലത്തിൽ അംഗീകരിച്ചിട്ടുള്ള വ്യാപാര നിയമങ്ങൾക്കും, പ്രത്യേകിച്ച് ലോകവ്യാപാര സംഘടനയുടെ സാങ്കേതിക- വ്യാപാര തടസ്സങ്ങളെക്കുറിച്ചുള്ള ഉടമ്പടി (Agreement on the application of sanitary and phyto-sanitary measures and the agreement on technical barriers to trade of the WTO) യിലെ വ്യവസ്ഥകൾക്കു വിധേയവുമായിരിക്കണം.

11.2.5 രാജ്യങ്ങൾ, മത്സ്യത്തിന്റെയും മത്സ്യോത്പ്പന്ന-ങ്ങളുടെയും വ്യാപാരം കൂടുതൽ ഉദാരവൽക്കരി-ക്കുന്നതോടോപ്പം, WTO തത്വങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ചുങ്കം, ക്വോട്ട, ചുങ്കേതര തടസ്സങ്ങൾ മുതലായ വ്യാപാര തടസ്സങ്ങളും വക്രീകരണങ്ങളും ഇല്ലാതാക്കുകയും വേണം.

11.2.6 രാജ്യങ്ങൾ നേരിട്ടോ അല്ലാതെയോ, അനാവശ്യ അഥവാ പരോക്ഷ വ്യാപാര തടസ്സങ്ങൾ സൃഷ്ടിക്കാൻ പാടില്ല. അവ വിൽപ്പനക്കാരനെ തെരഞ്ഞെടുക്കാനുള്ള ഉപഭോക്താ-കളുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുകയും അവരുടെ കമ്പോള പ്രവേശത്തിനു തടസ്സമുണ്ടാക്കുകയും ചെയ്യും.

11.2.7 പ്രകൃതി സമ്പത്തുപയോഗിക്കുന്നതിനു കമ്പോള-പ്രവേശം ഒരു നിബന്ധനയാക്കാൻ രാജ്യങ്ങൾ തുനിയരുത്. എന്നാൽ ഈ നിബന്ധന രാജ്യങ്ങൾ തമ്മിലുള്ള മത്സ്യബന്ധന ഉടമ്പടികൾക്കുള്ള സാദ്ധ്യതകളെ ബാധിക്കുന്നില്ല. അത്തരം ഉടമ്പടികളിൽ സമ്പത്തുകളിലേക്കോ കമ്പോളത്തിലേക്കോ ഉള്ള പ്രവേശനം, വ്യാപാരം സാങ്കേതിക വിദ്യ കൈമാറ്റം, ശാസ്ത്ര ഗവേഷണം, പരിശീലനം മുതലായവ വിഷയ മായേക്കാം.

11.2.8 കമ്പോള പ്രവേശം, ഏതെങ്കിലും സാങ്കേതിക വിദ്യയുമായോ, ഉത്പ്പന്നത്തിന്റെ കച്ചവടവുമായോ ബന്ധിപ്പിക്കാൻ രാജ്യങ്ങൾ തുനിയരുത്.

11.2.9 വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ വ്യാപാരം സംബന്ധിച്ച് നിലവിലുള്ള പ്രസക്ത രാജ്യാന്തര ഉടമ്പടികൾ പാലിക്കുന്ന കാര്യത്തിൽ രാജ്യങ്ങൾ സഹകരിക്കണം.

11.2.10 ജീവനുള്ള വസ്തുക്കളുടെ വ്യാപാരം, കയറ്റുമതി/-ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിലെ പരിസ്ഥിതിക്ക് ഭീഷണിയാകുന്നെങ്കിൽ ബന്ധപ്പെട്ട രാജ്യങ്ങൾ തമ്മിൽ രാജ്യാന്തര ഉടമ്പടികൾ ഉണ്ടാക്കേണ്ടതാണ്.

11.2.11 മത്സ്യം, മത്സ്യോത്പ്പന്നങ്ങൾ, ജൈവജല സമ്പത്തുകൾ, എന്നിവയുടെ വ്യാപാരം നടക്കുമ്പോൾ പ്രസക്തമായ രാജ്യാന്തര വ്യാപാര നിലവാരങ്ങൾ പാലിക്കാനും അവ ഫലപ്രദമാക്കാനും രാജ്യങ്ങൾ സഹകരിക്കണം.

11.2.12 രാജ്യങ്ങൾ വ്യാപര ലഭ്യതയ്ക്കോ, ലാഭത്തിനോ വേണ്ടി ജൈവജല സമ്പത്തുകളുടെ സംരക്ഷണ നടപടികളെ തുരങ്കം വയ്ക്കരുത്.

11.2.13 മത്സ്യം, മത്സ്യോത്പ്പന്നങ്ങൾ എന്നിവയുടെ വ്യാപാരത്തിൽ, ലോകവ്യാപാര സംഘടനയുടെ തത്വങ്ങളും അത് നിഷ്ക്കർഷിച്ചിട്ടുള്ള അധികാരങ്ങളും ബാദ്ധ്യതകളും അനുസരിച്ച്, രാജ്യാന്തര തലത്തിൽ സ്വീകാര്യമായ നിയമങ്ങളും നിലവാരങ്ങളും തയ്യാറാക്കുന്നതിൽ രാജ്യങ്ങൾ സഹകരിക്കണം.

11.2.14 രാജ്യങ്ങൾ, ലോകവ്യാപാര സംഘടന പോലുള്ള പ്രസക്ത ബഹുരാഷ്ട്ര മേഖലാ-തല വേദികളിൽ, സജീവമായി പങ്കെടുക്കുകയും പരസ്പരം സഹകരിക്കുകയും വേണം. ഇത് മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ വ്യാപാരം സമത്വ-പൂർണ്ണവും വിവേചനാരഹിതവുമാക്കുന്നതോടൊപ്പം ബഹു-രാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സംരക്ഷണ നടപടി-കളുടെ പാലനം ഉറപ്പാക്കാനും സഹായിക്കും.

11.2.15 രാജ്യങ്ങൾ, സഹായദാന സ്ഥാപനങ്ങൾ, ബഹുരാഷ്ട്ര വികസന ബാങ്കുകൾ, അത് പോലുള്ള മറ്റു രാജ്യാന്തര സംഘടനകൾ എന്നിവ, രാജ്യാന്തര മത്സ്യവ്യാപാര-കയറ്റുമതി പ്രോത്സാഹന നടപടികൾക്കുള്ള തങ്ങളുടെ നയപരിപാടികൾ രൂപീകരിക്കുമ്പോൾ അവ പാരിസ്ഥിക ശോഷണത്തിനു കാരണമാകുന്നില്ലെന്നു ഉറപ്പു വരുത്തണം. മറ്റു പോഷകാഹാരങ്ങൾ ലഭ്യമല്ലാത്ത, അല്ലെങ്കിൽ വാങ്ങാൻ കഴിവില്ലാത്ത ജനങ്ങളുടെ ആഹാരാവശ്യങ്ങളെയും അവകാശങ്ങളെയും തങ്ങളുടെ നടപടികൾ പ്രതികൂലമായി ബാധിക്കുന്നില്ലെന്നും ഉറപ്പാക്കേണ്ടതുണ്ട്.

## 11.3 മത്സ്യവ്യാപാരം സംബന്ധിച്ച നിയമങ്ങളും നിയന്ത്രണങ്ങളും

11.3.1 മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ രാജ്യാന്തര വ്യാപാര-വുമായി ബന്ധപ്പെട്ട നിയമങ്ങൾ, നിയന്ത്രണങ്ങൾ, ഭരണ-നിർവഹന ക്രമങ്ങൾ എന്നിവ സുതാര്യവും, സുഗ്രഹവും, കഴിയുന്നത്ര ലളിതവും, ശാസ്ത്രീയ തെളിവു-കൾക്കനുസൃതവുമായിരിക്കണം.

11.3.2 മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ രാജ്യാന്തര വ്യാപാര-വുമായി ബന്ധപ്പെട്ട നിയമങ്ങളും നിയന്ത്രണങ്ങളും ആവിഷ്ക്കരിക്കുമ്പോൾ, രാജ്യങ്ങൾ, തങ്ങളുടെ ദേശീയ നിയമങ്ങൾക്കുള്ളിൽ നിന്നു കൊണ്ട്, മത്സ്യ വ്യവസായം, പാരിസ്ഥിതിക-ഉപഭോക്തൃ സമൂഹം, എന്നിവരുമായി കൂടി-യാലോചിക്കുകയും അവരുടെ പങ്കാളിത്തം പ്രോത്സാ-ഹിപ്പിക്കുകയും വേണം.

11.3.3 മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ വ്യാപാരവുമായി ബന്ധ-പ്പെട്ട നിയമങ്ങൾ, നിയന്ത്രണങ്ങൾ, ഭരണനിർവ്വഹന ക്രമങ്ങൾ എന്നിവ

അവയുടെ പര്യാപ്തത നഷ്ടപ്പെടാതെ ലളിതവൽക്കരിക്കാൻ രാജ്യങ്ങൾ ശ്രദ്ധിക്കണം.

11.3.4 ഒരു രാജ്യം മറ്റു രാജ്യങ്ങളുമായി മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ട നിയമനടപടികളിൽ മാറ്റം വരുത്തുമ്പോൾ, ബന്ധപ്പെട്ട രാജ്യങ്ങൾക്കും, മാറ്റങ്ങൾ ബാധിച്ചേക്കാവുന്ന ഉത്പാ-ദകർക്കും ആവശ്യമായ മുന്നറിവുകളും സമയവും നൽകേണ്ടതാണ്. ഇത് അവർക്ക് തങ്ങളുടെ പ്രവർത്തി-കളിലും നടപടി ക്രമങ്ങളിലും ഉചിതമായ മാറ്റങ്ങൾ കൊണ്ടുവരാനുള്ള സാവകാശം നൽകും. പ്രസ്തുത മാറ്റങ്ങൾ പ്രാവർത്തികമാക്കാനുള്ള സമയബന്ധിത പരിപാടി തൽപ്പര കക്ഷികളുമായി ചർച്ച ചെയ്യുന്നത് അഭി-കാമ്യമായിരിക്കും. ഇക്കാര്യത്തിൽ, താൽക്കാലിക ഇളവുകൾക്കും സഹായ-ങ്ങൾക്കും വേണ്ടി വികസ്വര രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതാണ്.

11.3.5 രാജ്യങ്ങൾ മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ വ്യാപാര-ങ്ങൾക്ക് ബാധകമായ തങ്ങളുടെ നിയമങ്ങളും നിയ-ന്ത്രണങ്ങളും കാലാകാലങ്ങളിൽ പുനരവലോകനം ചെയ്യു-കയും, അത്തരം നിയമ-നിയന്ത്രണങ്ങൾ ഉണ്ടാക്കാനുള്ള സാഹചര്യം തുടർന്നും നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം.

11.3.6 രാജ്യങ്ങൾ, മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ വ്യാപാര-ങ്ങൾക്ക് ബാധകമായ നിലവാര മാനദണ്ഡങ്ങൾ രാജ്യാന്തര തലത്തിൽ നിലവിലുള്ള വ്യവസ്ഥകളുമായി പൊരുത്തപ്പെ-ടുത്തണം.

11.3.7 മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ രാജ്യാന്തര വ്യാപാര-വുമായി ബന്ധപ്പെട്ട കൃത്യവും സംഗതവുമായ സ്ഥിതിവിവര കണക്കുകൾ യഥാസമയം ശേഖരിക്കുവാനും, അവയെ, ബന്ധപ്പെട്ട ദേശീയ രാജ്യാന്തര സംഘടനകൾ വഴി വ്യാപനം ചെയ്യാനും കൈമാറാനുമുള്ള ബാദ്ധ്യത രാജ്യങ്ങൾക്കുണ്ട്.

11.3.8 രാജ്യങ്ങൾ, മത്സ്യ-മത്സ്യോത്പ്പന്നങ്ങളുടെ രാജ്യാന്തര വ്യാപാരവുമായി ബന്ധപ്പെട്ട് പുതിയ നിയമങ്ങൾ, നിയന്ത്രണങ്ങൾ, ഭരണനിർവഹന ക്രമങ്ങൾ എന്നിവ കൊണ്ടു വരികയോ ഉള്ളവയിൽ

മാറ്റം വരുത്തുകയോ ചെയ്യുമ്പോൾ, അക്കാര്യങ്ങൾ യഥാസമയം ബന്ധപ്പെട്ട രാജ്യങ്ങളേയും ലോക വ്യാപാര സംഘടന ഉൾപ്പെടെയുള്ള ഉചിത രാജ്യാന്തര സംഘടനകളെയും തെര്യപ്പെടുത്തുകയും വേണം.

## വകുപ്പ് 12 മത്സ്യ ഗവേഷണം

12.1 ഉത്തരവാദ മത്സ്യബന്ധന പ്രക്രിയയിൽ, നിർവ്വാഹ-കരെയും, മറ്റു ബന്ധപ്പെട്ടവരെയും തീർപ്പ് കല്പിക്കലിന് സഹായിക്കാൻ സുശക്തമായ ശാസ്ത്രീയ അടിത്തറ ആവശ്യമാണെന്ന കാര്യം രാജ്യങ്ങൾ അംഗീകരിക്കണം. അതിനാൽ ഫിഷറീസുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും പ്രത്യേകിച്ച് ജൈവശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, സങ്കേതിക വിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം പോഷകാഹാര പഠനം, ജലകൃഷി എന്നിവയിൽ ഉചിതമായ രീതിയിൽ ഗവേഷണം നടക്കുന്നുണ്ടെന്നു രാജ്യങ്ങൾ ഉറപ്പു വരുത്തണം. ഗവേഷണ കാര്യങ്ങൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാണെന്ന് രാജ്യങ്ങൾ ഉറപ്പു വരുത്തുകയും, വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ കൂടി പരിഗണിച്ച്, വേണ്ടത്ര കെട്ടിടങ്ങൾ, ജീവനക്കാർ, ഉചിതമായ പരിശീലനം, എന്നിവ പ്രദാനം ചെയ്യുകയും വേണം.

12.2 പ്രായോഗിക ഗവേഷണത്തിന്റെ ആവശ്യകതയും അതിന്റെ ഉചിത ഉപയോഗവും നിർണ്ണയിക്കാനായി രാജ്യങ്ങൾ ഒരു സ്ഥാപന സംവിധാനം ഒരുക്കേണ്ടതാണ്.

12.3 ഗവേഷണത്തിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ യഥാസമയം അപഗ്രഥിച്ച്, അവയുടെ ഫലങ്ങൾ ലളിതമായ ഭാഷയിൽ (വേണ്ടിടത്ത് രഹസ്യ സ്വഭാവം നിലനിർത്തിക്കൊണ്ടു തന്നെ) പ്രസിദ്ധപ്പെടുത്തണം. ഇതിലൂടെ ഫിഷറീസ് സംരക്ഷണ, പരിപാലന, വികസന പരിപാടികൾ ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ നിറവേറ്റുന്നുവെന്നു ഉറപ്പിക്കാനാകും. ഇത്തരം ശാസ്ത്രീയ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ ഉചിതമായ ഗവേഷണ പരിപാടികൾ ഏറ്റവും വേഗം ആരംഭിക്കേണ്ടതാണ്.

12.4 ഫിഷറീസിനെയും ആവാസ വ്യവസ്ഥകളേയും വിലയിരുത്താനാവശ്യമായ, കൃത്യവും വിശ്വസനീയവുമായ വിവരങ്ങൾ ശേഖരിക്കാൻ രാജ്യങ്ങൾ ബാദ്ധ്യസ്ഥരാണ്. ഇതിൽ വലയിൽ കുടുങ്ങുന്ന അനുദ്ദിഷ്ട മത്സ്യങ്ങൾ, ഉപേക്ഷിക്കപ്പെടുന്ന മത്സ്യങ്ങൾ, പാഴ്മീനുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും

ഉൾപ്പെടും. ഈ വിവരങ്ങൾ, രാജ്യങ്ങൾക്കും ഉചിതമായ മേഖല-ഉപമേഖലാ-ആഗോള തല സംഘടനകൾക്ക് യഥാസമയം നൽകേണ്ടതാണ്.

12.5 രാജ്യങ്ങൾ തങ്ങളുടെ അധീനതയിലുള്ള മത്സ്യ ശേഖരങ്ങളുടെ അവസ്ഥ വിലയിരുത്താനും നിരീക്ഷിക്കാനും പ്രാപ്തരായിരിക്കണം. ഇതിൽ അമിത മത്സ്യബന്ധനം; പ്രദൂഷണം, മത്സ്യവാസ കേന്ദ്രങ്ങളിലെ മാറ്റങ്ങൾ എന്നിവ മൂലം ഉണ്ടാകുന്ന ആവാസവ്യവസ്ഥാ വ്യതിയാനങ്ങളും ഉൾപ്പെടും. കാലാവസ്ഥാ-പരിസ്ഥിതി വ്യതിയാനങ്ങൾ മത്സ്യശേഖരങ്ങളിലും ജല-ആവാസ വ്യവസ്ഥയിലും വരുത്തുന്ന സ്വാധീനത്തെ വിലയിരുത്താനാവശ്യമായ ഗവേഷണ ശേഷി രാജ്യങ്ങൾ ആർജ്ജിക്കണം.

12.6 രാജ്യങ്ങൾ അവരുടെ ഗവേഷണ സംവിധാനങ്ങളെ പ്രോത്സാഹിപ്പിച്ചും ശക്തിപ്പെടുത്തിയും അവയെ അംഗീകൃത ഉന്നത നിലവാരത്തിലേക്ക് ഉയർത്തേണ്ടതാണ്.

12.7 രാജ്യങ്ങൾ, പ്രസക്ത രാജ്യാന്തര സംഘടനകളുമായി സഹകരിച്ച്, മത്സ്യ സമ്പത്തുകളുടെ ഉത്തമോപയോഗം ഉറപ്പാക്കാനുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുകയും, അതോടൊപ്പം മത്സ്യാഹാരത്തെ പ്രോത്സാഹിപ്പിക്കുന്ന ദേശീയ നയപരിപാടികൾക്കനുകൂലമായുള്ള ഗവേഷണവും ഉത്തേജിപ്പിക്കുകയും വേണം.

12.8 മനുഷ്യാഹാരം പ്രദാനം ചെയ്യുന്ന ജലസ്രോതസ്സുകളും അവയുടെ പരിസ്ഥിതിയും നിരന്തരമായ ഗവേഷണ-നിരീക്ഷണങ്ങൾക്ക് വിഷയമാക്കി, അതിലൂടെ ഉപഭോക്താ-ക്കൾക്ക് ആരോഗ്യഭീഷണി ഇല്ലെന്നു ഉറപ്പു വരുത്തണം.

12.9 ഫിഷറീസിന്റെ സാമ്പത്തിക സാമൂഹിക സ്ഥാപനീയ വശങ്ങളിൽ വേണ്ടത്ര ഗവേഷണം നടത്തി, അതിലൂടെ വിശകലനത്തിനും, നിരീക്ഷണത്തിനും നയരൂപീകരണത്തിനും ആവശ്യമായ വിവരങ്ങൾ രാജ്യങ്ങൾ ശേഖരിക്കണം.

12.10 മത്സ്യബന്ധനോപകരണങ്ങലുടെ ലക്ഷീകരണ ശേഷി, അവ ഉദ്ദിഷ്ട മത്സ്യങ്ങളിലും പരിസ്ഥിതിയിലും ചെലുത്തുന്ന സ്വാധീനം എന്നീ വിഷയങ്ങളിൽ രാജ്യങ്ങൾ പഠനങ്ങൾ നടത്തേണ്ടതാണ്. ഓരോ മത്സ്യ ബന്ധന ഉപകരണത്തോടും ഉദ്ദിഷ്ട-അനുദ്ദിഷ്ട മത്സ്യങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്ന് പഠിക്കേണ്ടതുണ്ട്. ഇത് നിർവ്വഹണ കാര്യങ്ങളിൽ തീരു-മാനങ്ങളെടുക്കാൻ സഹായകരമാകുകയും,

ഉപയോഗ-ശൂന്യമായ മത്സ്യങ്ങൾ പിടിക്കപ്പെടുന്നത് കുറച്ച്, അതിലൂടെ ആവാസവ്യവസ്ഥയുടെയും ജൈവ വൈവിധ്യതയുടെയും സംരക്ഷ ഉറപ്പാക്കാൻ സഹായിക്കുകയും ചെയ്യും.

12.11 രാജ്യങ്ങൾ, ഒരു പുതിയ മത്സ്യബന്ധനോപകരണം വാണിജ്യാടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നതിനു മുമ്പ്, അവ ഉപയോഗിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ ഫിഷറീസിനെയും ആവാസവ്യവസ്ഥയെയും എങ്ങനെ ബാധിക്കുമെന്ന് ശാസ്ത്രീയമായി വിലയിരുത്തണം. അവയുടെ സ്വാധീനം നിരീക്ഷണവിധേയമാക്കുകയും വേണം.

12.12 രാജ്യങ്ങൾ മത്സ്യസംബന്ധിയായ എല്ലാ നാട്ടറിവുകളും പരമ്പരാഗത സാങ്കേതിക വിദ്യകളും പരിശോധിച്ച് രേഖപ്പെടുത്തണം. ഇതിൽ, സുസ്ഥിരത, സംരക്ഷണം, പരിപാലനം, വികസനം എന്നിവയിൽ ചെറുകിട മത്സ്യബന്ധനത്തിനുള്ള പങ്കു പ്രത്യേകിച്ചു പഠന-വിധേയമാക്കേണ്ടതാണ്.

12.13 ഗവേഷണ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഫിഷറീസ് നിർവ്വഹണ ലക്ഷ്യങ്ങൾ, റഫറൻസ് സൂചിക, കാര്യക്ഷമതാ മാനദണ്ഡങ്ങൾ എന്നിവ നിശ്ചയിക്കാൻ രാജ്യങ്ങൾ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം, പ്രായോഗിക ഗവേഷണവും ഫിഷറീസ് നിർവ്വഹണവും തമ്മിൽ മതിയായ പരസ്പര ബന്ധം ഉറപ്പിക്കണം.

12.14 ഒരു രാജ്യം, മറ്റൊരു രാജ്യത്തിന്റെ അധികാര പരിധിക്കുള്ളിലെ ജലാശയങ്ങളിൽ ശാസ്ത്രീയ ഗവേഷണ നടപടികളിൽ ഏർപ്പെടുമ്പോൾ, യാനങ്ങൾ ആ രാജ്യത്തിന്റെ നിയമങ്ങളും രാജ്യാന്തര നിയമങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്.

12.15 പുറംകടലിൽ ഫിഷറീസ് ഗവേഷണം നടത്തുമ്പോൾ ഇക്കാര്യത്തിൽ നിലവിലുള്ള ഏകീകൃത മാർഗ്ഗദർശ്ശങ്ങൾ പാലിക്കേണ്ടതാണ്.

12.16 മേഖല-ഉപമേഖലാ തലങ്ങളിൽ ഗവേഷണം സാദ്ധ്യമാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് രാജ്യങ്ങൾ ഉചിതമായിടത്തെല്ലാം സഹായം നൽകണം. ഇതിൽ ഏകീകൃത മാർഗ്ഗദർശ്ശം സ്വീകരിക്കുകയും, ലഭിക്കുന്ന ഗവേഷണ ഫലങ്ങൾ മറ്റു മേഖലകളുമായി പങ്കുവയ്ക്കാൻ ഉത്സാഹിക്കുകയും വേണം.

12.17 രാജ്യങ്ങൾ നേരിട്ടോ, അല്ലെങ്കിൽ പ്രസക്ത രാജ്യാന്തര സംഘടനകളുടെ സഹായത്തോടെയോ, സഹകരണാ-ടിസ്ഥാന-ത്തിൽ സാങ്കേതിക-ഗവേഷണ പദ്ധതികൾ തയ്യാറാക്കണം. ഇവയുടെ ഉദ്ദേശം ദേശാന്തര സ്വഭാവമുള്ള ജലവിഭവങ്ങളുടെ ജീവശാസ്ത്ര, പാരിസ്ഥിതിക വശങ്ങ-ളെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുക എന്നതായിരിക്കണം.

12.18 വികസ്വര രാജ്യങ്ങളുടെ ഗവേഷണ ക്ഷമത വർദ്ധിപ്പിക്കാൻ രാജ്യങ്ങളും പ്രസക്ത രാജ്യാന്തര സംഘടനകളും പ്രോത്സാഹനമേകണം. ഇതിൽ ഡാറ്റാ ശേഖരണവും വിശകലനവും, വിവര ശേഖരണം, ശാസ്ത്ര സാങ്കേതിക വിദ്യ, മാനവശേഷി വികസനം, ഗവേഷണ സൌകര്യങ്ങളൊരുക്കൽ എന്നിവ പെടും. ഇതിലൂടെ രാജ്യങ്ങൾക്ക് തങ്ങളുടെ ജൈവജല വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, സംരക്ഷണം, പരിപാലനം എന്നിവയിൽ ഫലപ്രദമായി പങ്കുചേരാനാകും.

12.19 മത്സ്യബന്ധനത്തിന് വിധേയമാകാത്ത, അല്ലെങ്കിൽ അൽപ്പമായി മാത്രം ഉപയോഗിച്ചിട്ടുള്ള മത്സ്യശേഖരങ്ങളെ വിലയിരുത്താനുള്ള ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യങ്ങൾക്ക്, അവ ആവശ്യപ്പെട്ടാൽ, യോഗ്യതയുള്ള രാജ്യാന്തര സംഘടനകൾ, ഉചിതമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകേണ്ടതാണ്.

12.20 രാജ്യങ്ങൾക്കു, പ്രത്യേകിച്ച് വികസ്വര രാജ്യങ്ങൾക്ക്, അവർ ആവശ്യപ്പെട്ടാൽ, അവരുടെ ഗവേഷണ സംരംഭങ്ങൾക്ക്, പ്രസക്ത സാമ്പത്തിക സാങ്കേതിക രാജ്യാന്തര സംഘടനകൾ പിന്തുണ നൽകേണ്ടതാണ്. ഇക്കാര്യത്തിൽ അൽപവികസിത രാജ്യങ്ങൾക്കും, അവികസിത ചെറുദ്വീപു രാജ്യങ്ങൾക്കും പ്രത്യേക പരിഗണന ലഭിക്കണം.

## പെരുമാറ്റ സംഹിതയുടെ ഉത്ഭവ-രൂപീകരണ പശ്ചാത്തലം

1. പെരുമാറ്റ സംഹിത, അംഗീകാരത്തിനായി ഭക്ഷ്യ കാർഷിക സംഘടനയുടെ (FAO) ഇരുപത്തെട്ടാം മീറ്റിങ്ങിൽ സമർപ്പിക്കുന്നതിനു മുന്നോടിയായി നടന്ന ചർച്ചകളും വിശദീകരണങ്ങളുമാണ് ഈ അനുബന്ധത്തിലുള്ളത്. ഈ പെരുമാറ്റ സംഹിതയുടെ ഉത്ഭവവും, ഇതിന്റെ വിപുലമായ നിർമ്മാണ പ്രക്രിയയിൽ ബന്ധപ്പെട്ട കക്ഷികൾ കാണിച്ച താൽപര്യവും, ഉത്സാഹവും, സഹകരണ മനോഭാവവും പ്രതിഫലിപ്പിക്കുന്ന ഒരു രേഖയായി ഈ അനുബന്ധം പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കുന്നു. ഈ സംഹിത നടപ്പിലാക്കുന്നതിനുള്ള പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിനും ഇത് സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു.

2. പ്രധാനപ്പെട്ട മത്സ്യശേഖരങ്ങളുടെ അമിതശോഷണം നടക്കുന്നതിന്റെ വ്യക്തമായ സൂചനകൾ, ആവാസ വ്യവസ്ഥയ്ക്ക് സംഭവിക്കുന്ന ഹാനി, സാമ്പത്തിക നഷ്ടം, മത്സ്യവ്യാപാരത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ, ഇവയെല്ലാം മൂലം ഫിഷറീസിന്റെ ദീർഘകാല സുസ്ഥിരതയ്ക്കുണ്ടാകുന്ന ഭീഷണി, തന്മൂലം ഭക്ഷ്യലഭ്യതയിൽ ഫിഷറീസിനുള്ള സ്ഥാനം ക്ഷയിക്കൽ എന്നീ ആശങ്കകൾ വളരെ നാളായി വിവിധ രാജ്യാന്തര വേദികളിൽ ഉന്നയിക്കപ്പെട്ടു കൊണ്ടി-രിക്കുകയായിരുന്നു. ഭക്ഷ്യ കാർഷിക സംഘടനയുടെ 1991 മാർച്ചിൽ നടന്ന പത്തൊമ്പതാമത് സമ്മേളനത്തിൽ, ഫിഷറീസ് മേഖലയുടെ നിലവിലുള്ള സ്ഥിതിയെയും സാദ്ധ്യതകളെയും കുറിച്ചുള്ള ചർച്ചാ വേളയിലാണ് FAO 'ഉത്തരവാദ ഫിഷറീസ്' എന്ന ആശയം വികസിപ്പിക്കണമെന്നും അതിനായി ഒരു പെരുമാറ സംഹിതയ്ക്ക് രൂപം നൽകണമെന്നും ശുപാർയുണ്ടായത്.

3. തുടർന്ന്, മെക്സിക്കോ ഗവർണ്മെന്റ്, FAO യുമായി സഹകരിച്ച്, 1992 മേയിൽ കാന്കൂനിൽ വച്ച് ഉത്തരവാദ മത്സ്യബന്ധനത്തെ സംബന്ധിച്ച ഒരു രാജ്യാന്തര സമ്മേളനം വിളിച്ചു കൂട്ടി. ഈ സമ്മേളനം അംഗീകരിച്ച 'കാൻകൂൻ പ്രഖ്യാപനം' ഉത്തരവാദ മത്സ്യബന്ധനം എന്ന ആശയത്തെ തുടർന്നു വികസിപ്പിക്കുകയും അതിനു ഒരു നിർവചനം നൽകുകയും ചെയ്തു. ഉത്തരവാദ ഫിഷറീസ് എന്നാൽ പരിസ്ഥിതിക്ക് യോജ്യമായുള്ള ജലസമ്പത്തുകളുടെ സുസ്ഥിര വിനിയോഗം, ആവാസ വ്യവസ്ഥയ്ക്കും ജലസമ്പത്തിനും കോട്ടം തട്ടാതെയുള്ള മത്സ്യ

ബന്ധനത്തിന്റെയും മത്സ്യ-കൃഷിയുടെയും വികസനം, ശുചിത്വത്തിലൂന്നിയുള്ള മത്സ്യോത്പ്പന്നങ്ങളുടെ മൂല്യവർധന, ഉപഭോക്താക്കൾക്ക് നിലവാരമുള്ള ഉത്പ്പന്നങ്ങൾ ലഭ്യമാകുമാറ് വാണിജ്യ ശീലങ്ങൾ സംഘടിപ്പിക്കുക എന്നിവയുൾപ്പെടുമെന്നു ആ യോഗം വിലയിരുത്തി.

4. കാന്‌കൂൻ പ്രഖ്യാപനം, 1992 ജൂണിൽ ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി വികസന കോൺഫറൻസ് (UNCED) സംഘടിപ്പിച്ച 'റിയോ ഉച്ചകോടിയുടെ' ശ്രദ്ധയ്ക്ക് വിധേയമാക്കുകയും, പ്രസ്തുത ഉച്ചകോടി ഉത്തരവാദ ഫിഷറീസിനുള്ള പെരുമാറ്റ സംഹിത തയാറാക്കാനുള്ള സംരംഭത്തിനു പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. FAO, 1992 സെപ്തംബറിൽ സംഘടിപ്പിച്ച "പുറംകടലിലെ മത്സ്യബന്ധനത്തെ സംബന്ധിച്ച സാങ്കേതിക ചർച്ചാ സമ്മേളനം", ഈ ആശയത്തെ കൂടുതൽ വിശദീകരിക്കുകയും അതിനെ പുറംകടൽ മത്സ്യബന്ധനത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു ഉപാധിയായി ശുപാർശ ചെയ്യുകയുമുണ്ടായി.

5. 1992 ൽ നടന്ന നൂറ്റിരണ്ടാമത് FAO സമിതി യോഗത്തിൽ, സംഹിതയുടെ വിശാല രൂപം ചർച്ച ചെയ്യപ്പെട്ടു. ഇവിടെ വച്ച്, പുറംകടൽ പ്രശ്നങ്ങൾക്ക് മുൻഗണന നൽകാനും പെരുമാറ്റ സംഹിതയുടെ പൂർണ്ണ പ്രസ്താവം 1993 ലെ ഫിഷറീസ് കമ്മിറ്റി യോഗത്തിൽ സമർപ്പിക്കാനും ധാരണയായി.

6. 1993 മാർച്ചിൽ നടന്ന ഫിഷറീസ് കമ്മിറ്റിയുടെ ഇരുപതാം സമ്മേളനം, സംഹിതയുടെ പൊതു തത്വങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദീകരണം എന്നിവ പരിശോധിച്ച് അംഗീകരിക്കുകയും തുടർചർച്ചകൾക്കുള്ള സമയക്രമം തീരുമാനിക്കുകയും ചെയ്തു. സംഹിതയിൽ യാനങ്ങളുടെ പുറംകടലിൽ വച്ചുള്ള 'പതാക മാറ്റം' തടയാനുള്ള നിർദ്ദേശം കൂടി ഉൾപ്പെടുത്താൻ സമ്മേളനം FAO യോട് അഭ്യർഥിച്ചു. ഇത്തരം പതാക മാറ്റങ്ങൾ പുറംകടലിലെ സംരക്ഷണ പരിപാലന ശ്രമങ്ങളെ ബാധിക്കുമെന്നതിനാൽ ഇത് 'അതിവേഗ' അടിസ്ഥാനത്തിൽ നടപ്പിലാക്കാനും ധാരണയായി.

7. ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിതയുടെ തുടർന്നുള്ള വികസനം, ഐക്യരാഷ്ട്ര സംഘടനയുടെ ബന്ധപ്പെട്ട വിഭാഗങ്ങൾ, മറ്റു രാജ്യാന്തര സംഘടനകൾ, ഗവണ്മെന്റേതര സംഘടനകൾ, എന്നിവ-യുമായുള്ള ചർച്ചകളിലൂടെയും സഹകരണത്തിലൂടെയും നിർവ്വഹിച്ചു.

8. FAO ഭരണ സമിതിയുടെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടാണ് സംഹിതയുടെ കരടു രൂപം തയ്യാറാക്കിയത്. ഇതിൽ, 1982 ലെ ഐക്യരാഷ്ട്ര സമുദ്രനിയമ ഉടമ്പടി, 1992 ലെ കാന്കൂൻ പ്രഖ്യാപനം, 1992 ലെ റിയോ പ്രഖ്യാപനം, UNED യുടെ ഇരുപത്തിഒന്നാം അജണ്ട, 1992 ലെ 'പുറം കടലിലെ മത്സ്യബന്ധനത്തെ സംബന്ധിച്ച സാങ്കേതിക ചർച്ചാസമ്മേളന'ത്തിന്റെ ശുപാർശകളും തീരുമാനങ്ങളും, 1984 ൽ ഫിഷറീസ് വികസനത്തിനും പരിപാല-നത്തിനുമായുള്ള FAO ലോക സമ്മേളനം അംഗീകരിച്ച നയങ്ങൾ, മറ്റു പ്രസക്ത രാജ്യാന്തര നിയമങ്ങൾ, 1995 ആഗസ്റ്റിൽ നടന്ന ദേശാടന-കുടിയേറ്റ സ്വഭാവമുള്ള മത്സ്യശേഖരങ്ങൾക്കായുള്ള ഐക്യ രാഷ്ട്രസഭയുടെ സമ്മേളനം, അതിൽ അംഗീകരിച്ച ഐക്യരാഷ്ട്ര സമുദ്രനിയമ ഉടമ്പടിയിലെ ദേശാടന-കുടിയേറ്റ സ്വഭാവമുള്ള മത്സ്യ-ശേഖരങ്ങളെ സംബന്ധിച്ച പ്രസക്ത ഭാഗങ്ങൾ, എന്നിവയുടെ അന്തസ്സത്ത ഉൾകൊണ്ടിരിക്കുന്നു.

9. 1993 നവംബറിൽ നടന്ന ഇരുപത്തേഴാമത്തെ FAO സമ്മേളനത്തിൽ വച്ച് പുറംകടലിലെ മത്സ്യബന്ധന യാനങ്ങളെ സംബന്ധിച്ച ഉടമ്പടി അംഗീകരിക്കുകയും, ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിതയുടെ പൊതു തത്വങ്ങൾ തയ്യാറാക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തു. തുടർന്നു, വിവിധ വിഷയങ്ങളിലുള്ള ലഘുലേഖകൾ തയ്യാറാക്കാനുള്ള തയ്യാറെടുപ്പുകളെ ത്വരിതപ്പെടുത്താനായി 'അതിവേഗ പാത' പിന്തുടരാൻ തീരുമാനിച്ചു. അതനുസരിച്ച്, പൊതു തത്വങ്ങളുടെ കരടു രൂപം 1994 ഫെബ്രുവരിയിൽ റോമിൽ നടന്ന ഗവർണ്മെന്റ് പ്രതിനിധികളടങ്ങുന്ന വിദഗ്ദ്ധ സംഘം പരിശോധിച്ചു. തുടർന്ന്, അതിന്റെ പരിഷ്ക്കരിച്ച പതിപ്പ് FAO അംഗരാഷ്ട്രങ്ങൾ, അനുബന്ധാംഗങ്ങൾ, ഇന്റർ-ഗവർണ്മെന്റ് സംഘടനകൾ, ഗവർണ്മേന്റേതര സംഘടനകൾ എന്നിവയ്ക്ക് അയച്ചു കൊടുക്കുകയും അവരുടെ നിർദ്ദേങ്ങൾ കരാറിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം പരിഷ്ക്കരിച്ച രണ്ടാം പതിപ്പും ഒരു ബദൽ രേഖ

തയ്യാറാക്കാനുള്ള നിർദ്ദേശവും പരിഗണനയ്ക്ക് വന്നു. ഇവ, തുടർന്നുള്ള ചർച്ചകൾക്കു വിധേയമാക്കുകയും, പിന്നീട് 1994 ഓഗസ്റ്റിൽ നടന്ന ദേശാടന-കുടിയേറ്റ സ്വഭാവമുള്ള മത്സ്യശേഖരങ്ങൾക്കായുള്ള ഐക്യ രാഷ്ട്രസഭയുടെ സമ്മേളനത്തിൽ വച്ച്, ഗവർന്മേന്റേതര സംഘടനകളുമായി ഇത് സംബന്ധിച്ച് അനൌദ്യോഗിക ചർച്ചകളിൽ ഉൾപ്പെടുത്തുകയും.

10. സംഹിതയുടെ പൂർണ്ണരൂപം പരിഗണിക്കാനായി വിദഗ്ദ്ധരുടെ ഒരു ചർച്ചാ സമ്മേളനം വിളിച്ചു കൂട്ടാനുള്ള നിർദ്ദേശം 1994 ൽ നടന്ന FAO യുടെ നൂറ്റിയാറാം സമ്മേളനത്തിൽ ഡയറക്ടർ ജനറൽ മുന്നോട്ടു വച്ചു. ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ അംഗ രാഷ്ട്രങ്ങളെക്കൂടാതെ, താല്പ്പര്യമുള്ള അനംഗങ്ങൾ, ഇന്റർ ഗവണ്മേന്റ് സംഘടനകൾ, ഗവണ്മേന്റേതര സംഘടനകൾ, എന്നിവർക്കു-കൂടി അവസരം നൽകാൻ തീരുമാനമായി. പ്രാരംഭ ദിശയിൽ, കൂടുതൽ പേർക്ക് ഇതിൽ ഭാഗഭാക്കാകാൻ അവസരം നൽകുകയെന്നതായിരുന്നു ഉദ്ദേശം.

11. മേൽപ്പറഞ്ഞ വിദഗ്ദ്ധ കമ്മിറ്റിയുടെ ചർച്ചാ സമ്മേളനം 1994 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 5 വരെ റോമിൽ നടക്കുകയും അതിൽ പെരുമാറ്റ സംഹിതയുടെ പൂർണ്ണരൂപവും, മിക്ക വിഷയങ്ങളിലുമുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങളുടെ കരടും അവതരിപ്പിക്കപ്പെട്ടു. ഇതിലെ എല്ലാ വകുപ്പുകളിന്മേലും നടന്ന സമഗ്രമായ ചർച്ചകൾക്ക് ശേഷം, എല്ലാ തിരുത്തലുകളും ഉൾപ്പെടുത്തി ഒരു സമ്പൂർണ്ണ സെക്രട്ടേറിയറ്റ് കരടുരേഖ തയ്യാറാക്കി ഒടുവിൽ നടന്ന മീറ്റിങ്ങിന്റെ പ്ലീനറി സെഷനിൽ അവതരിപ്പിച്ചു.

12. മൊത്തമുള്ള ആറു വകുപ്പുകളിൽ മൂന്നെണ്ണ-ത്തിന്മേലുള്ള വിഷയാധിഷ്ഠിത ലേഖനങ്ങൾ (വകുപ്പ് 9. മത്സ്യബന്ധനത്തെ സംയോജിത തീരമേഖല വികസനവുമായി ബന്ധിപ്പിക്കൽ; വകുപ്പ് 7. മത്സ്യബന്ധന പ്രക്രിയകൾ; വകുപ്പ് 9 മത്സ്യബന്ധന നിർവ്വഹണം) ഈ കമ്മിറ്റി വിലയിരുത്തി. ഐക്യരാഷ്ട്ര സഭയുടെ ദേശാടന-കുടിയേറ്റ സ്വഭാവമുള്ള മത്സ്യശേഖരങ്ങൾക്കായുള്ള സമ്മേളനത്തിന്റെ ഫലത്തെ ബാധിക്കാൻ സാദ്ധ്യതയുള്ള വിഷയങ്ങൾ ഒഴിവാക്കി. ഈ മൂന്നു വകുപ്പിന്മേലുമുള്ള ബദൽ രേഖകൾ സമഗ്രമായ ചർച്ചയ്ക്കു വിധേയമാക്കുകയും ഇതിന്മേൽ

ഒരു ലഘു റിപ്പോർട്ട് തയാറാക്കി FAO സമിതിക്കും ഫിഷറീസ് കമ്മിറ്റിക്കും അയച്ചുകൊടുക്കുകയും ചെയ്തു.

13. തുടർന്നു, ഈ വിദഗ്ദ്ധ കമ്മിറ്റി, പുറംകടലിനെ സംബന്ധിക്കുന്ന തത്വങ്ങളുടെ പദപ്രയോഗങ്ങൾ തീരുമാനിക്കുന്നത്, ഐക്യരാഷ്ട്രസഭയുടെ കോൺഫറൻസ് ഫലങ്ങൾ പുറത്തു വരുന്നത് വരെ, താൽക്കാലികമായി മരവിപ്പിക്കാനുള്ള നിർദ്ദേശം 1994 നവംബർ 15-24 നു നടന്ന FAO സമിതിയുടെ നൂറ്റിയേഴാം സമ്മേളനത്തിൽ വയ്ക്കുകയുണ്ടായി. കമ്മിറ്റി മുന്നോട്ടു വച്ച നടപടിക്രമങ്ങൾ പൊതുവേ അംഗീകരിച്ച സമിതി, വരുന്ന ഫിഷറീസ് കമ്മിറ്റി യോഗത്തിലെ ചർച്ചകൾക്ക് ശേഷം സംഹിതയുടെ അവസാന പതിപ്പ് FAO സമിതിയുടെ 1995 ജൂണിൽ നടക്കാനിരിക്കുന്ന യോഗത്തിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകി. അപ്പോൾ ആവശ്യമെങ്കിൽ കൂടുതൽ വിശദീകരണങ്ങൾ തേടാനായി സാങ്കേതിക കമ്മിറ്റിയുടെ ഒരു സമാന്തര യോഗം വേണമോ എന്ന് തീരുമാനിക്കും.

14. വിദഗ്ദ്ധ കമ്മിറ്റിയിൽ നിന്ന് ലഭിച്ച വിശദമായ ടിപ്പണികളുടെയും, നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ FAO സെക്രട്ടേറിയെറ്റ് ഉത്തരവാദ മത്സ്യബന്ധനതിനുള്ള പെരുമാറ്റ സംഹിതയുടെ ഒരു പുതുക്കിയ കരടു തയ്യാറാക്കി, 1995 മാർച്ച് 10 മുതൽ 15 വരെ നടന്ന ഫിഷറീസ് കമ്മിറ്റിയുടെ ഇരുപത്തിഒന്നാമതു മീറ്റിംഗിൽ സമർപ്പിച്ചു.

15. ഐക്യരാഷ്ട്ര കോൺഫറൻസ് 1995 ആഗസ്റ്റിൽ അതിന്റെ ജോലികൾ പൂർത്തിയാക്കുമെന്ന് ഫിഷറീസ് കമ്മിറ്റിയെ മുൻകൂട്ടി അറിയിച്ചിരിന്നു. കരടിൽ താൽക്കാലികമായി മരവിപ്പിച്ചിരുന്ന ചില തത്വങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ ഐക്യരാഷ്ട്ര കോൺഫറൻസിലെ പരാമർശ-ങ്ങളുമായി പൊരുത്തപ്പെടുന്ന പദപ്രയോഗങ്ങളുൾപ്പെടുത്തി പുതുക്കേണ്ടതുണ്ട് എന്നതിനാൽ, ഇതിനായുള്ള ഒരു സംവിധാനം കമ്മിറ്റിയും സമിതിയും ചേർന്ന് തീരുമാനിക്കാൻ ധാരണയായി. 1995 ഒക്ടോബറിൽ നടക്കുന്ന FAO കോൺഫറൻസിന്റെ ഇരുപത്തെട്ടാം സെഷനിൽ സംഹിതയുടെ പൂർണ്ണ രൂപം അവതിരിപ്പിക്കാനും തീരുമാനമായി.

16. പെരുമാറ്റ സംഹിതയുടെ കരടു തയ്യാറാക്കുന്നതിൽ FAO സെക്രട്ടേറിയെറ്റ് കൈക്കൊണ്ട വിവിധ നടപടികൾ ഫിഷറീസ് കമ്മിറ്റിയെ ധരിപ്പിച്ചിരുന്നു. സംഹിതയുടെ കരടു രൂപത്തെ വിലയിരുത്താൻ ഒരു തുറന്ന (open-ended) കർമ്മ സമിതിയെ ഫിഷറീസ് കമ്മിറ്റി രൂപീകരിച്ചു. 1995 മാർച്ച് 10 മുതൽ 14 വരെ നടന്ന കർമ്മ സമിതി യോഗത്തിൽ, മുൻ വിദഗ്ധസമിതി നടത്തിയ ശ്രമങ്ങളുടെ തുടർച്ചയായി കരടു സംഹിതയെ പുനരവലോകനം ചെയ്തു. ഈ ചർച്ചകളിലൂടെ കരടിന്റെ എട്ടു മുതൽ പതിനൊന്നു വരെയുള്ള വകുപ്പുകൾ അംഗീകരിച്ചു. സമയപരിമിതി മൂലം ഒന്ന് മുതൽ അഞ്ചു വരെയുള്ള വകുപ്പുകളുടെ പുതുക്കിയ കരടുണ്ടാക്കാൻ സെക്രട്ടേറിയെറ്റിനു മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. കൂടാതെ അഞ്ചാം വകുപ്പിൽ (പൊതു തത്വങ്ങൾ) "ഗവേഷണവും സഹകരണവും", "ജലകൃഷി" എന്നീ ഘടകങ്ങൾ, അവയുടെ വൈഷയിക പ്രാധാന്യം കണക്കിലെടുത്ത്, സംഹിതയിൽ ഉൾപ്പെടുത്താനും ശുപാർശ ചെയ്തു.

17. സംഹിതയ്ക്ക് അന്ത്യരൂപം നൽകാൻ, FAO സമിതി അതിന്റെ നൂറ്റി ഏഴാമത് സെഷനിൽ അംഗീകരിച്ച സംവിധാനങ്ങൾ കർമ്മസമിതി പിന്താങ്ങി. അത് പ്രകാരം, കുടിയേറ്റ-ദേശാടന സ്വഭാവമുള്ള മത്സ്യ ശേഖരങ്ങളെ-ക്കുറിച്ചുള്ള തത്വങ്ങൾ പരാമർശിക്കുന്നിടത്ത് (ഇത് സംഹിതയുടെ ഒരു ചെറിയ ഭാഗം മാത്രമാണു) ഉപയോഗിക്കേണ്ട പദപ്രയോഗങ്ങൾ ഐക്യരാഷ്ട്ര സമ്മേളന-ത്തിന്റെ വരാനിരിക്കുന്ന തീരുമാനങ്ങളുടെ വെളിച്ചത്തിൽ പുനഃപരിശോധിക്കാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ഒരു ധാരണയായതിനു ശേഷം സംഹിതയുടെ അവസാന അംഗീകാരം സാദ്ധ്യമാക്കാൻ തുടർന്നുള്ള നൈയമിക, സാങ്കേതിക, പദപ്രയോഗ ഘടകങ്ങളെ സമന്വയിപ്പിക്കാൻ തീരുമാനമായി.

18. കർമ്മ സമിതിയുടെ റിപ്പോർട്ട് 1995 മാർച്ച് 14-15 തീയ്യതികളിൽ ഫിഷറീസ് കമ്മിറ്റിയോടനുബന്ധിച്ചു നടന്ന മന്ത്രിമാരുടെ മീറ്റിംഗിൽ അവതരിപ്പിച്ചു. ഈ മീറ്റിങ്ങ്, ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിതയുടെ അവസാനരൂപം അംഗീകരിച്ചു. "ലോക ഫിഷറീസിലെ റോം അഭിപ്രായ ഐക്യം" എന്നറിയപ്പെടുന്ന ഈ മീറ്റിംഗ് റിപ്പോർട്ട് എല്ലാ ഗവണ്മേന്റ്കളോടും രാജ്യാന്തര സംഘടനകളോടും ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിത സംബന്ധിച്ച നടപടികൾ പൂർത്തി-യാക്കാനുള്ള സമയോചിതമായ നടപടികൾ സ്വീകരിക്കാൻ അഭ്യർഥിച്ചു. കരടു സംഹിതയുടെ അന്തിമ രൂപം 1995

ഒക്ടോബറിൽ നടക്കാനിരിക്കുന്ന FAO കോൺഫറൻസിൽ സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

19. FAO കൌൺസിലിന്റെ നൂറ്റി എട്ടാം സെഷനിൽ പെരുമാറ്റ സംഹിതയുടെ പുതുക്കിയ പതിപ്പ് അവതരിപ്പിക്കുകയും അത് പരിശോധിക്കാനായി കൌൺസിൽ ഒരു 'തുറന്ന' സാങ്കേതിക കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. സാങ്കേതിക കമ്മിറ്റിയുടെ, 1995 ജൂൺ 5 മുതൽ 9 വരെ കൂടിയ ആദ്യ യോഗത്തിൽ ലോകത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ള പ്രതിനിധികളും നിരീക്ഷകരും പങ്കെടുത്തു. ഇതിൽ അനവധി ഇന്റർ-ഗവണ്മേന്റ്, ഗവണ്മന്റേതര സംഘടനകളും ഉൾപ്പെട്ടിരുന്നു.

20. ഈ കമ്മിറ്റി, ആമുഖമുൾപ്പെടെ 1 മുതൽ 5 വരെയുള്ള വകുപ്പുകൾ സമഗ്രമായി അവലോകനം ചെയ്യുകയും, 8 മുതൽ 11 വരെയുള്ള വകുപ്പുകൾ പരി-ശോധിച്ച് തിരുത്തലുകൾ വരുത്തി അംഗീകാരം നൽകുകയും ചെയ്തതായി FAO കൌൺസിലിനെ അറിയിച്ചു. കൂടാതെ, ആറാം വകുപ്പിന്റെ അവലോകനം തുടങ്ങിയതായും അറിയിച്ചു.

21. സാങ്കേതിക കമ്മിറ്റിയുടെ അതുവരെയുള്ള നടപടികൾ കൌൺസിൽ അംഗീകരിച്ചു. സെക്രട്ടേറിയെറ്റ്, ഐക്യരാഷ്ട്ര സഭയുടെ ദേശാടന-കുടിയേറ്റ സ്വഭാവമുള്ള മത്സ്യശേഖര-ങ്ങൾക്കായുള്ള സമ്മേളനത്തിന്റെ ഫലം കണക്കിലെടുത്ത്, സംഹിതയ്ക്ക് വേണ്ട നൈയമിക, ഭാഷാപര തിരുത്തലുകൾ വരുത്തിക്കഴിഞ്ഞ്, കമ്മിറ്റിയുടെ രണ്ടാംവട്ട മീറ്റിംഗ് 1995 സെപ്തംബർ 25 മുതൽ 29 വരെ വിളിച്ചുകൂട്ടാൻ അനുമതി നൽകുകയും ചെയ്തു.

22. സാങ്കേതിക കമ്മിറ്റി, അതിന്റെ ഒന്നാം സമ്മേളനത്തിൽ (5-9 ജൂൺ 1995) അംഗീകരിച്ചതും കൌൺസിലിന്റെ നൂറ്റിയെട്ടാം സെഷൻ സ്വീകരിച്ചതുമായ, സംഹിതയുടെ ഒരു പുതുക്കിയ പതിപ്പ് പുറത്തിറക്കി. ഇത് ഒരു കോൺഞ്ഫറൻസ് രേഖ (C95/20) യായും സാങ്കേതിക കമ്മിറ്റിയുടെ രണ്ടാം മീറ്റിംഗിനലെ കർമ്മരേഖയായും (Woking paper) യായു ഉപയോഗിച്ചു. ഇതിൽ അഭിപ്രായ സമന്വയം ആവശ്യമായ ഇടങ്ങൾ പ്രത്യേകമായി തിരിച്ചറിഞ്ഞു അടയാളപ്പെടുത്തിയിരുന്നു.

23. സംഹിതയുടെ അംഗീകാര പ്രക്രിയ സുഗമ-മാക്കുന്നതിന് സെക്രട്ടേറിയെറ്റ് ഒരു രേഖ തയ്യാ-റാക്കിയിരുന്നു. "ഉത്തരവാദ മത്സ്യ ബന്ധനത്തിനുള്ള പെരുമാറ്റ സംഹിത: വകുപ്പ് 6, ഫിഷറീസ് നിർവ്വഹണം, വകുപ്പ് 7 മത്സ്യബന്ധന രീതികൾ- സെക്രട്ടേറിയെറ്റ് നിർദ്ദേശങ്ങൾ" എന്ന പേരിൽ തയ്യാറാക്കിയ ഈ രേഖ, ഐക്യരാഷ്ട്ര സഭയുടെ ദേശാടന-കുടിയേറ്റ സ്വഭാവമുള്ള മത്സ്യശേഖരങ്ങൾ-ക്കായുള്ള സമ്മേളനവുമായി ബന്ധപ്പെട്ടു 1995ൽ നിലവിൽ വന്ന ഉടമ്പടിയും കണക്കിലെടുത്തിട്ടുണ്ട്. സെക്രട്ടേറിയെറ്റ്, കരടിലെ വിവരണങ്ങളിൽ ആവശ്യമായ നൈയമിക, ഭാഷാപര തിരുത്തലുകളും നടത്തി അതിനെ മൂന്നു ഭാഷകളിൽ (ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്) പുറത്തിറക്കി.

24. സാങ്കേതിക കമ്മിറ്റിയുടെ രണ്ടാംവട്ട മീറ്റിംഗ് 1995 സെപ്തംബർ 25-29 തിയ്യതികളിൽ പല മേഖലകളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള വലിയ പ്രാതി-നിധ്യത്തോടെ നടന്നു. എല്ലാവരുടെയും സഹകരണ മനോഭാവത്തോടെ നടന്ന മീറ്റിംഗ് അതിന്റെ ലക്ഷ്യപ്രാപ്തി കാണുകയും സംഹിതയുടെ എല്ലാ വകുപ്പുകളും അംഗീകരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച എല്ലാ കൂടിയാലോചനകളും വിജയകരമായി സമാപിച്ചതായി കമ്മിറ്റി അറിയിച്ചു. സെക്രട്ടേറിയെറ്റുമായി ചേർന്ന്, അവസാനമായി നടന്ന ഭാഷ-ഏകോപന സെഷനോടെ സംഹിതയുടെ കരടു അംഗീകരിക്കപ്പെട്ടു. ഈ പരിഷ്ക്കരിച്ച പതിപ്പ് കൌൺസിലിന്റെ നൂറ്റി ഒമ്പതാമത് സെഷനിലും കോൺഫറൻസിന്റെ ഇരുപത്തിഎട്ടാം സെഷനിലും അംഗീകാരത്തിനായി സമർപ്പിക്കാൻ സെക്രട്ടേറിയെറ്റിനെ ചുമതലപ്പെടുത്തി. കൌൺസിൽ, പെരുമാറ്റ സംഹിത അതേപടി അംഗീകരിച്ചതായി പ്രഖ്യാപിക്കുകയും തുടർന്ന് സെക്രട്ടേറിയെറ്റി നോട്, സംഹിത കോൺഫറൻസിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനും, സംഹിത ശരി-വയ്ക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് രാജ്യ-ങ്ങൾക്കെഴുതാനുള്ള കത്തിന്റെ കരടു തയ്യാറാക്കുവാനും നിർദ്ദേശിച്ചു. കോൺഫറൻസ് 1995 ഒക്ടോബർ 31ന് നടന്ന അതിന്റെ ഇരുപത്തെട്ടാം സമ്മേളനത്തിൽ ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിതയും അനുബന്ധം 2 ൽ കൊടുത്തിട്ടുള്ള പ്രമേയവും ഐകകണ്ഠ്യേന അംഗീ-കരിച്ചു.

**അനുബന്ധം 2**

## പ്രമേയം

**ഈ സമ്മേളനം:**

ലോകത്തിന്റെ ഭക്ഷ്യസുരക്ഷ, സാമൂഹിക-സാമ്പത്തിക വികസനം, ജലജൈവ സമ്പത്തുകളുടെ സുസ്ഥിരത ഉറപ്പാക്കൽ, പരിസ്ഥിതിയുടെ നിലനിൽപ്പ് എന്നിവയിൽ മത്സ്യമേഖലയുടെ പ്രമുഖമായ പങ്കു അംഗീകരിച്ചു കൊണ്ടും;

ഫിഷറീസ് കമ്മിറ്റി 1991 മാർച്ചിൽ ഉത്തരവാദ മത്സ്യബന്ധനം എന്ന ആശയം വികസിപ്പിക്കാനും അതിനായി ഒരു സംവിധാനം ഒരുക്കാനും ശുപാർശ ചെയ്ത കാര്യം അനുസ്മരിച്ചു കൊണ്ടും;

1992 മേയ് മാസത്തിൽ മെക്സിക്കോ ഗവണ്മേന്റ് FAOയുമായി സഹകരിച്ചു നടത്തിയ 'ഉത്തരവാദ ഫിഷറീസിനായുള്ള രാജ്യാന്തര സമ്മേളന'വും, അതിനോടനുബന്ധിച്ചുണ്ടായ കാന്കൂൻ പ്രഖ്യാപനവും, ഉത്തരവാദ മത്സ്യബന്ധനത്തിനായുള്ള ഒരു പെരുമാറ്റ സംഹിത തയ്യാറാക്കണമെന്ന ആവശ്യം ഉന്നയിച്ച കാര്യം കണക്കിലെടുത്ത് കൊണ്ടും:

1982ൽ സമുദ്ര നിയമങ്ങൾക്കായുള്ള ഐക്യരാഷ്ട്ര കൺവൻഷൻ നിലവിൽ വന്നതോടെ, അതിന്റെ ഭാഗമായി 1992 ഡിസമ്പറിൽ ദേശാടന-കുടിയേറ്റ സ്വഭാവമുള്ള മത്സ്യശേഖരങ്ങൾക്കായുള്ള ഉടമ്പടി നിലവിൽ വന്നതോടെ, 1992 ലെ റിയോ പ്രഖ്യാപനത്തിൽ വിഭാവന ചെയ്തിരുന്ന പോലെ, UNCED ന്റെ ഇരുപത്തൊന്നാം അജണ്ട പ്രകാരം, മേഖല-ഉപമേഖല തലങ്ങളിൽ കൂടുതൽ സഹകരണത്തിന്റെ ആവശ്യകത ഉണ്ടെന്നും അതിൽ FAO യ്ക്ക് വർദ്ധിച്ച ഉത്തരവാദിത്വങ്ങളുണ്ടെന്നും മനസ്സിലാക്കി കൊണ്ടും;

FAO അതിന്റെ ഭരണ സമിതിയുടെ തീരുമാനങ്ങളനുസരിച്ച്, അനേകം സാങ്കേതിക ചർച്ചകളും മീറ്റിങ്ങുകളും നടത്തിയാണ് ഈ പെരുമാറ്റ സംഹിത ആവിഷ്ക്കരിച്ചത് എന്ന് ബോധ്യപ്പെട്ടും;

ഇന്നത്തെ ആശങ്കാകുലമായ പരിതസ്ഥിതിയിൽ ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിത അംഗീകരിച്ച് അതിലെ വ്യവസ്ഥകൾ പാലിക്കാനും, അതോടൊപ്പം പുറംകടലിലെ മത്സ്യബന്ധനയാനങ്ങളെ സംബന്ധിച്ച ഉടമ്പടി വ്യവസ്ഥകൾ പാലിക്കാനും 1995 മാർച്ച് 14-15 ലെ ഫിഷറീസ് മന്ത്രിമാരുടെ മീറ്റിങ്ങിൽ ഉടലെടുത്ത 'ലോക ഫിഷറീസിലെ റോം അഭിപ്രായ ഐക്യം' എന്ന പ്രഖ്യാപനം ലോകരാജ്യങ്ങളോടും, രാജ്യാന്തര സംഘടനകളോടും, നടത്തിയ ആഹ്വാനം കൃതാർഥതയോടെ അംഗീകരിച്ചു കൊണ്ടും:

1. ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിത സ്വീകരിക്കുവാൻ തീരുമാനിക്കുന്നു.

2. ഈ സംഹിതയുടെ ലക്ഷ്യങ്ങളും തത്വങ്ങളും നടപ്പിലാക്കാൻ എല്ലാ രാജ്യങ്ങളോടും, ഗവണ്മേന്റോ ഗവണ്മേന്റേതരമോ ആയ എല്ലാ രാജ്യാന്തര സംഘടനകളോടും, ഫിഷറീസുമായി ബന്ധപ്പെട്ട മറ്റെല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

3. സംഹിതയുടെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കാൻ ഉത്ബോദ്ധിപ്പിക്കുന്നു.

4. വികസ്വര രാജ്യങ്ങൾക്ക് ഈ സംഹിത നടപ്പാക്കാൻ വേണ്ട ഉപദേശം നൽകാനും, അവർക്ക് ബാഹ്യ ധനസഹായം ലഭ്യമാകാൻ വേണ്ടിയുള്ള അന്തർ മേഖല സഹായ പദ്ധതികൾ ആരംഭിക്കാനും, ഇവയിലേക്കായി FAO തങ്ങളുടെ പരിപാടികളിലും ബജറ്റിലും വക കൊള്ളിക്കാനും അഭ്യർത്ഥിക്കുന്നു.

5. അംഗരാഷ്ട്രങ്ങളുടെയും, താൽപ്പര്യമുള്ള ബന്ധപ്പെട്ട സംഘടനകളുടെയും സഹകരണത്തോടെ, സംഹിതയുടെ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ ഉചിതമായ രീതിയിൽ വിശദീകരിച്ച്, അതിലെ വ്യവസ്ഥകൾ നടപ്പാക്കാൻ ബന്ധപ്പെട്ടവരെ സഹായിക്കാൻ FAO യോട് തുടർന്നഭ്യർത്ഥിക്കുന്നു.

6. മറ്റു ഐക്യരാഷ്ട്ര സ്ഥാപനങ്ങൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ പാലനം, പ്രത്യേകിച്ച് UN പൊതുസഭ അംഗീകരിച്ച ദേശാടന-

കുടിയേറ്റ സ്വഭാവമുള്ള മത്സ്യശേഖരങ്ങളെ സംബന്ധിച്ച തീരുമാനങ്ങളുടെ പാലനം, ഐക്യരാഷ്ട്ര സഭയുടെ സമുദ്ര നിയമ-ങ്ങളെക്കുറിച്ചുള്ള കൺവൻഷന്റെ പാലനം, എന്നിവ-യുൾപ്പെടെ ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിതയുടെ നടത്തിപ്പും അത് ഫിഷറീസ് മേഖലയിൽ വരുത്തിയ മാറ്റങ്ങളും നിരീക്ഷിച്ചു റിപ്പോർട്ട് ചെയ്യാൻ FAO യോടെ അഭ്യർത്ഥിക്കുന്നു.

7. മേഖല-ഉപമേഖലാ, ആഗോള തലത്തിൽ, മത്സ്യ-സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ മേഖലാ തല ഫിഷറീസ് സംഘടനകൾ ശക്തിപ്പെടുത്താൻ FAOയെ ഉത്ബോധിപ്പിക്കുന്നു.

## പദാവലി *

| | |
|---|---|
| അടയാള-തിരിച്ചറിയൽ സമ്പ്രദായം | Marking and identification system |
| അമിത മത്സ്യബന്ധനം | Overfishing |
| അവതരണം/സ്ഥാനാന്തരണം | Introduction/Transfer |
| അവികസിത ചെറു-ദ്വീപുരാജ്യങ്ങൾ | Small island developing countries |
| ആവാസ കേന്ദ്രം | Habitat |
| ആവാസ വ്യവസ്ഥയുടെ സമഗ്രത | Ecosystem integrity |
| ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിത | Code of Conduct for Responsible Fisheries |
| ഉദ്ദിഷ്ട മത്സ്യ ഇനങ്ങൾ | Targeted fish species |
| ഉന്നമില്ലാത്ത മത്സ്യബന്ധനം | Non-targeted fishing |
| ഉപജീവിക മത്സ്യബന്ധകർ | Subsistence fishers |
| ഉപയോക്താക്കൾ | Users |
| ഉഭയകക്ഷി-ബഹുകക്ഷി | Bilateral/Multilateral |
| കണ്ടൽക്കാടുകൾ | Mangroves |
| കമ്പോളപ്രവേശം | Market access |
| കുഞ്ഞുങ്ങളെ വിന്യസിച്ചുള്ള മത്സ്യബന്ധനം | Culture-based fisheries |
| കർമ്മസമിതി | Working group |
| കർമ്മരേഖ | Woking paper |
| കുടിയേറ്റ- | Straddling |
| കൃത്രിമപ്പാറകൾ | Artificial Reefs |
| ഗുണഭോക്താക്കൾ | Beneficiaries |
| ചുങ്കേതര തടസ്സങ്ങൾ | Non-tariff barriers |
| ജനിതക ഉൽക്കർഷം | Genetic improvement |
| ജനിതക മാറ്റം വരുത്തിയ | Genetically modified |
| ജനിതക സമ്പത്ത് | Genetic resources |
| ജനിതക വൈവിധ്യം | Genetic diversity |
| ജലകൃഷി | Aquaculture |
| ജൈവവൈവിധ്യം | Biodiversity |
| ഡാറ്റാസമാഹാരങ്ങൾ | Database |
| തണ്ണീർത്തടങ്ങൾ | Wetlands |
| തിരച്ചിൽ-രക്ഷാ സംവിധാനം | Search and rescue system |
| തിരിവ് മത്സ്യം | Discards |
| തുറന്ന | Open-ended |
| തുറമുഖ രാഷ്ട്രങ്ങൾ | Port nations |
| തോട്ട പൊട്ടിക്കൽ | Dynamiting |
| ധ്വജ രാഷ്ട്രങ്ങൾ | Flag nations |
| ദേശാടന- | Migratory |
| നാട്ടറിവുകൾ | Traditional knowledge |

| | |
|---|---|
| നൈയമിക | Legal |
| പതാക മാറ്റം | Re-flagging |
| പരമാവധി ഉത്പാദന സ്ഥിരത | Maximum Sustainable Yield |
| പരമ്പരാഗത മത്സ്യനിലങ്ങൾ | Traditional fishing grounds |
| പരിസ്ഥിതി | Environment |
| പരോക്ഷ വ്യാപാര തടസ്സങ്ങൾ | Hidden trade barriers |
| പാട്ടക്കരാർകാർ | Charterers |
| പുറംകടൽ/ആഴക്കടൽ | High seas |
| പ്രാപ്യത | Access |
| ഫിഷറീസ് കമ്മിറ്റി | Committee on Fisheries (COFI) |
| ബന്തവസ് | Surveillance |
| മത്സ്യകൃഷിക്കാർ | Fish farmers |
| മത്സ്യഗവേഷണം | Fisheries research |
| മത്സ്യതുറകൾ | Fish landing centres |
| മത്സ്യബന്ധകർ | Fishers |
| മത്സ്യബന്ധന ഉപകരണങ്ങൾ | Fishing gear |
| മത്സ്യബന്ധനത്തിനുള്ള അധികശേഷി | Excess fishing capacity |
| മത്സ്യബന്ധന ശ്രമശക്തി | Fishing effort |
| മത്സ്യബന്ധനാനന്തര പ്രവർത്തികൾ | Post-harvest activities |
| മത്സ്യശേഖരങ്ങൾ/മത്സ്യസഞ്ചയങ്ങൾ | Fish stocks |
| മത്സ്യാകർഷണ സാമഗ്രികൾ | Fish Aggregating Devices |
| മത്സ്യോത്പ്പന്നങ്ങൾ | Fishery products |
| മുൻകരുതൽ സമീപനം | Precautionary approach |
| മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ | Value added products |
| മേഖല/ഉപമേഖലാ | Regional/sub-regional |
| യാനങ്ങൾ | Vessels |
| രാജ്യാന്തര സമുദ്രകാര്യ സംഘടന | International Maritime Organization |
| രീതിശാസ്ത്രം | Methodology |
| ലക്ഷീകരണ ശേഷി | Selectivity |
| ലക്ഷ്യവേധ | Targeted |
| ലാഭാനുമാന പഠനങ്ങൾ | Cost-benefit studies |
| ലോകവ്യാപാര സംഘടന | World Trade Organization |
| വർദ്ധക മരുന്നുകൾ | Additives |
| വിവരശൃംഖല | Information network |
| വ്യാപാര തടസ്സങ്ങളും വക്രീകരണങ്ങളും | Trade barriers and distortions |
| സമുദ്രനിയമ ഉടമ്പടി | Convention on the Law of the Sea |
| സാമ്പത്തിക പരമാധികാര മേഖല | Exclusive Economic Zone |
| സുസ്ഥിര വികസനം | Sustainable development |
| സംയോജിത തീരമേഖലാ വികസനം | Integrated coastal development |
| സ്ഥാപന/സ്ഥാപനീയ | Institutional |

** In English and Malayalam*

‘ഉത്തരവാദ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ സംഹിത’യുടെ പൂർണ്ണരൂപം, അതിന്റെ ഉത്ഭവ പശ്ചാത്തലം, വ്യാഖ്യാനം എന്നിവയോടൊപ്പം, 1995 ഒക്ടോബർ 31 നു ചേർന്ന ഭക്ഷ്യ-കാർഷിക സംഘടനയുടെ ഇരുപത്തെട്ടാം സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ട 4/95 നമ്പർ പ്രമേയവും ഈ പ്രസിദ്ധീകരണത്തിന്റെ ഉള്ളടക്കത്തിൽ പെടുന്നു.

*Printed by the Bay of Bengal Programme*
*Inter-Governmental Organisation*
*September 2020*